ഡിസംബർ 2008

പഞ്ചായത്ത് രാജ്

പുസ്തകം 48 ലക്കം 9

ചെറിയനാട്

രാജ്യത്തെ പ്രഥമ വ്യവഹാര നിയന്ത്രിത സമ്പൂർണ്ണ നിയമ സാക്ഷരതാ പഞ്ചായത്ത്

നിർമ്മൽ സംസ്ഥാന പദവിയോടടുക്കുന്ന കേരളം

826 ഗ്രാമ പഞ്ചായത്തുകൾക്ക് നിർമ്മൽ ഗ്രാമ പുരസ്ക്കാരം

ക്രിസ്തുമസ് ആശംസകൾ

വികസനത്തിന്റെ

ഊടും പാവും

ഗ്രാമസഭയിൽ പങ്കെടുക്കുക!
അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

വെബ്സൈറ്റ്
www.lsg.kerala.gov.in

ഡിസംബർ 2008
പുസ്തകം 48
ലക്കം 9
വാർഷിക വരിസംഖ്യ 90 രൂപ

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ് , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എം. വി. ഗിരീഷ് കുമാർ
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
ഡോ. വി.എം. ഗോപാലമേനോൻ, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. വി.എം. ഗോപാലമേനോൻ, IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail:pub.off@gmail.com
Ph: 0471-2321054

കവർ ഡിസൈൻ
&
ലേ ഔട്ട്
ഐസൻ ജോസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

പേജുകളിൽ

4 എഡിറ്ററുടെ പേജ്

5 നിർമ്മൽ സംസ്ഥാന പദവിയോടടുക്കുന്ന കേരളം
- ഡോ. ആർ. അജയ്കുമാർ വർമ്മ

8 പഞ്ചായത്ത് കോടതി
രാജ്യത്തിന് മാതൃകയായി ചെറിയനാട്
- ആർ. വിമൽകുമാർ

12 ജലമാനേജ്മെന്റ്
നീരറിവുകളുടെ ബാക്കിപത്രം
- ലിപിൻരാജ് എം.പി.

15 എയ്ഡ്സും യുവാക്കളും
- പി.കെ. രാജഗോപാൽ

18 കരകുളം - മുന്നേറ്റത്തിന്റെ പാതയിൽ
- എസ്. രമേഷ്

20 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും
ശ്രീകാര്യം പഞ്ചായത്ത് മുന്നിൽ
- കെ. ശൈലജാദേവി

22 ചിലമ്പറ ഗ്രാമത്തിന്റെ അഭിമാനമായി ഒരു അയൽക്കൂട്ടം
- ജെസി നാരായണൻ

24 തീരദേശ നിയന്ത്രണ വിജ്ഞാപനം
നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
- ഡോ. കെ.വി. തോമസ്

27 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് 20 വയസ്സ്
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

28 പുതിയമാനങ്ങൾ സൃഷ്ടിക്കപ്പെടുന്നു
- ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

30 തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
- മുരളീധരൻ തഴക്കര

32 പഞ്ചായത്ത് അക്കൗണ്ട്
ചോദ്യങ്ങളും ഉത്തരങ്ങളും
- ഉദയഭാനു കണ്ടേത്ത്

33 രണ്ട് കഥകൾ
സനത് മലപ്പുറം

34 ഹൃദയസ്തംഭനം
- ഡോ. തോമസ് വർഗ്ഗീസ്

36 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
- റോയി ചാക്കോ ഇളമണ്ണൂർ

38 സുകൃതം (കവിത)
- ശിവൻ പാലക്കുളം

39 കൃഷിയുടെ കുളിർകാറ്റുമായി കുടുംബശ്രീകൾ
- കെ.എം. ശങ്കരൻ

എല്ലാ പഞ്ചായത്തുകളും ചെറിയനാട് മാതൃക അനുകരിക്കണം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിനെ രാജ്യത്തെ പ്രഥമ വ്യവഹാരനിയന്ത്രിത പഞ്ചായത്തായും നിയമസാക്ഷരതാ പഞ്ചായത്തായും പ്രഖ്യാപിച്ചിരിക്കുകയാണ്. വിവിധ രംഗത്ത് മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞ കേരളത്തിന്, ചെറിയനാടിന് ലഭിച്ച പദവി അഭിമാനകരമാണ്. ചെറിയനാട് കൈവരിച്ച നേട്ടം ഒരു ചെറിയ കാലയളവ് കൊണ്ട് സ്വായത്തമാക്കിയതല്ല. പഞ്ചായത്തുകൾക്ക് ഇന്ന് കല്പിക്കപ്പെടുന്ന അധികാരമോ സ്ഥാനമോ ഇല്ലാതിരുന്ന കാലത്ത്, കൃത്യം രണ്ട് ദശാബ്ദങ്ങൾക്ക് മുൻപ് പൗരജനങ്ങൾ തമ്മിലുള്ള ചെറിയ തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്ന തർക്ക പരിഹാര ഫോറമെന്ന ചെറുസംരംഭമായി തുടങ്ങിയതാണത്. ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് പരാതികളും തർക്കങ്ങളും പറഞ്ഞുതീർത്ത് പരിഹരിക്കുവാൻ കഴിയുന്നതിൽ നിന്നും ലഭിച്ച ആത്മവിശ്വാസം കേസ് രഹിത പഞ്ചായത്തെന്ന ആശയത്തിന് വഴിതെളിച്ചു. പഞ്ചായത്തിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശവും സഹകരണവും കൂടി ഉറപ്പായതോടെ വ്യവഹാര നിയന്ത്രിത സമ്പൂർണ്ണ നിയമസാക്ഷരതാ പഞ്ചായത്തായി ചെറിയനാട് പരിണമിച്ചു. 21 കൊല്ലമായി കോടതിയിൽ നടന്നുവരുന്ന സിവിൽ കേസ് ഉൾപ്പെടെ നാനൂറിലധികം കേസുകളാണ് ചെറിയനാട് പഞ്ചായത്ത് കോടതി അനുരഞ്ജനത്തിലൂടെ തീർപ്പാക്കിയത്. സമീപ പഞ്ചായത്തുകളിൽ നിന്നുപോലും ജനങ്ങൾ പരാതി പരിഹാരത്തിന് ചെറിയനാടിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുവെന്നത് കോടതിയുടെ വിശ്വാസ്യതയ്ക്കുള്ള തെളിവാണ്.

ഗ്രാമകോടതികൾ എന്ന ആശയം പുതിയതല്ല. പൗരാണിക കാലത്ത് എ.ഡി. 9 മുതൽ 14 വരെയുള്ള നൂറ്റാണ്ടിൽ ചോളരാജാക്കന്മാരുടെ ഭരണത്തിൽ ക്രിമിനൽകേസുകൾ പോലും തീർപ്പുകല്പിച്ചിരുന്നത് ഗ്രാമസഭകളായിരുന്നു. കുറ്റവാളികൾക്കുള്ള ശിക്ഷ നിർദ്ദേശിക്കുന്നതിനുള്ള അധികാരവും ഗ്രാമസഭകൾക്കുണ്ടായിരുന്നു. 1816-ൽ ബോംബെ, മദ്രാസ് പ്രസിഡൻസികളിൽ ചെറിയ പരാതികൾ പറഞ്ഞുതീർക്കുന്നതിന് പഞ്ചായത്ത് കോടതികൾ നിലവിലുണ്ടായിരുന്നു. നീതിന്യായ കോടതികളുടെ സമയം ചെറിയ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു ഇത് . 2005-ൽ 'ഒരു പഞ്ചായത്തിന് ഒരു കോടതി' എന്ന കണക്കിൽ രാജ്യത്തൊട്ടാകെ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രതലത്തിൽ ആലോചന നടന്നുവെങ്കിലും അധികമൊന്നും മുന്നോട്ടുപോകുവാൻ കഴിഞ്ഞിരുന്നില്ല. ചെറിയനാടിനെ വ്യവഹാര നിയന്ത്രിത പഞ്ചായത്തായി പ്രഖ്യാപിച്ച ആദരണീയനായ സുപ്രീം കോടതി ചീഫ് ജസ്റ്റീസിന്റെ വാക്കുകൾ പ്രകാരം രാജ്യത്ത് 3.58 കോടി കേസുകളാണ് വിവിധ കോടതികളിലായി തീർപ്പ് കാത്ത് കഴിയുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 23 ശതമാനം വർദ്ധനയാണ് കേസുകളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ആധുനികലോകം മനുഷ്യന് സമ്മാനിച്ച സമ്മർദ്ദങ്ങളും അണുകുടുംബ വ്യവസ്ഥിതിയും കേസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനേ ഇടയാക്കുകയുള്ളൂ.

ഒരു സാധാരണ പൗരന് അവന്റെ ജീവനോ സ്വത്തിനോ ഭീഷണിയുണ്ടാകുമ്പോഴോ, വഞ്ചിക്കപ്പെടുമ്പോഴോ, അർഹമായത് ലഭ്യമാകാതിരിക്കുമ്പോഴോ ഒക്കെയാണ് കോടതിയെ സമീപിക്കുന്നത്. എന്നാൽ കേസുകളുടെ ബാഹുല്യം കാരണം യഥാസമയം അവ തീർപ്പാക്കാതെ വർഷങ്ങളോളം നീണ്ടുപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. വൈകി ലഭിക്കുന്ന നീതി നീതിനിഷേധത്തിനു സമാനമാണ്. ഇവിടെയാണ് ചെറിയനാട് മാതൃക പ്രസക്തമാവുന്നത്. തുടക്കത്തിൽ തന്നെ അതാത് പ്രദേശങ്ങളിൽവെച്ച് ശരിയായ രീതിയിലുള്ള ഇടപെടലുകൾ നടത്തിയാൽ പരിഹരിക്കാവുന്ന വ്യവഹാരങ്ങളാണ് ഏറെയുമെന്ന് ചെറിയനാട് സാക്ഷ്യപ്പെടുത്തുന്നു. പഞ്ചായത്തുകൾക്ക് നിർവചിച്ചു നൽകിയിട്ടുള്ള ചുമതലകളിലോ കർത്തവ്യങ്ങളിലോ, ഉൾപ്പെടാത്ത ഒരു വിഷയത്തിൽ, ജനമധ്യത്തിലേക്കിറങ്ങിചെന്ന് അവരുടെ വിശ്വാസമാർജ്ജിച്ച് പ്രശ്നപരിഹാരം നടത്തുകയാണ് ചെറിയനാട് പഞ്ചായത്ത് ചെയ്തത്.

പഞ്ചായത്തുകൾക്ക് ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ നിയമപരമായ പരിരക്ഷയ്ക്കുപരിയായിപോലും പ്രവർത്തിച്ച് യഥാർത്ഥ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി മാറുവാൻ കഴിയുമെന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് ചെറിയനാട് ഗ്രാമപഞ്ചായത്ത്. ചെറിയനാടിന്റെ വിജയം കൂട്ടായ്മയുടേതാണ്. ന്യായാധിപന്മാർ, അഭിഭാഷകർ, കോടതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, അധ്യാപകർ, സാമൂഹ്യപ്രവർത്തകർ, ജനനേതാക്കൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കൊപ്പം പൗരജനങ്ങളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നേതൃത്വത്തിന് കഴിഞ്ഞതുകൊണ്ടാണ് ഈ അത്യപൂർവ്വ ബഹുമതി ലഭിച്ചത്. ചെറിയനാട് മാതൃകയെ അനുകരിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തർക്ക പരിഹാരവേദികൾ സ്ഥാപിക്കണം. കേരളത്തെ വ്യവഹാരനിയന്ത്രിതവും നിയമസാക്ഷര സംസ്ഥാനവുമാക്കി മാറ്റുന്നതിനുള്ള ഒരു പുതിയ കാൽവെയ്പ്പാകും അത്.

എഡിറ്റർ

ഡോ. ആർ. അജയ്കുമാർ വർമ്മ

826 ഗ്രാമപഞ്ചായത്തുകൾക്ക്
90 ബ്ലോക്ക് പഞ്ചായത്തുകൾക്ക്
4 ജില്ലാ പഞ്ചായത്തുകൾക്ക്

നിർമ്മൽ പദവി

നിർമ്മൽ സംസ്ഥാന പദവിയോടടുക്കുന്ന കേരളം

ശുചിത്വത്തിന്റെ അപര്യാപ്തതയിൽ ലോകം നേരിടുന്ന വിപത്തുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഇന്ന് നിലനിൽക്കുന്നു. 2.6 ശതലക്ഷം ജനങ്ങൾക്ക് ടോയിലറ്റ് സൗകര്യം പോലും അപ്രാപ്യമാണെന്നാണ് അന്താരാഷ്ട്ര ശുചിത്വ വർഷത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരരേഖ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ 0.44 ശതലക്ഷം ജനങ്ങൾക്ക് ഇനിയും ടോയിലറ്റ് സൗകര്യം പ്രാപ്യമായിട്ടില്ല. ശുചിത്വത്തിന്റെ അഭാവത്തിൽ അതിസാരം പോലെയുള്ള രോഗങ്ങൾ കാരണം രാജ്യത്തെ 47% കുട്ടികൾ പോഷകക്കുറവ് അനുഭവിക്കുന്നു. ലോകത്തിൽ പോഷക വൈകല്യമുള്ള കുട്ടികളുടെ എണ്ണത്തിൽ നാം ഒന്നാം സ്ഥാനത്താണെന്നത് ഒരു പക്ഷേ നമ്മെ അമ്പരപ്പിക്കും. ലോകത്ത് പോളിയോ രോഗം ഏറ്റവുമധികമുള്ള രണ്ടാമത്തെ രാജ്യവും ഇന്ത്യയാണ്. ഇത്തരത്തിൽ രാജ്യത്തെ രോഗഭാരത്തിന്റെ 22% ഉം ശുചിത്വ സൗകര്യത്തിന്റെ അഭാവത്താലാണെന്നു കാണാം. നമ്മുടെ ഗ്രാമങ്ങളിലെ ഗാർഹിക സാമൂഹ്യ ടോയ്‌ലറ്റ് ലഭ്യത 6 വർഷംകൊണ്ട് 22% ത്തിൽ നിന്ന് 58% ത്തിലേയ്ക്കുയർത്തുന്നതിന് സഹായിച്ച ഇന്ത്യയിലെ സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ഈ യജ്ഞത്തിന് ഏറ്റവുമധികം ഊർജ്ജം പകരുന്ന രണ്ട് ഘടകങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ നിലപാടും നിർമ്മൽ ഗ്രാമ പുരസ്കാരം എന്ന പ്രോത്സാഹന സമ്മാനവുമാണെന്ന് നിസ്സംശയം പറയാം.



അഭിനന്ദനങ്ങൾ

നിർമൽ പുരസ്ക്കാരം നേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഭിനന്ദിക്കുന്നു. കേരളത്തിന് നാളിതുവരെ ലഭിക്കാത്ത ഏറ്റവും വലിയ തുകയാണ് (61 കോടി രൂപ) അവാർഡായി ലഭിച്ചത്. മാലിന്യം സൃഷ്ടിക്കുന്ന മഹാവിപത്തിൽ നിന്ന് നമുക്ക് രക്ഷ നേടാനും ഇന്ത്യക്കാകെ മാതൃകയാകാനും കഴിയും. നിർമ്മൽ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് നേടിയെടുക്കാനുള്ള പ്രയത്നത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

തത്വത്തിൽ 2003ൽ ആരംഭിച്ചുവെങ്കിലും 2005 മുതൽ എല്ലാവർഷവും ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾക്ക് തദ്ദേശസർക്കാരുകൾക്ക് നല്കിവരുന്ന നിർമ്മൽ പുരസ്കാരം തദ്ദേശസ്ഥാപനങ്ങളിൽ വലിയ ആവേശവും മത്സര താല്പര്യവും ജനിപ്പിച്ചിട്ടുണ്ട്.

അംഗീകാര മാനദണ്ഡങ്ങൾ

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ വീടുകളിലും സ്ക്കൂളുകളിലും ടോയിലറ്റ് സൗകര്യം ഉണ്ടാകുക, തുറസ്സായ സ്ഥലങ്ങളിൽ മലവിസ്സർജ്ജനമില്ല എന്ന് സ്ഥിതി കൈവരിക്കുക, വൃത്തിയും ശുചിത്വവുമുള്ള പരിസ്ഥിതി ഉണ്ടാകുക എന്നിവയാണ് നിർമ്മൽ ഗ്രാമപുരസ്കാരത്തിന് അർഹത നേടുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കുള്ള മാനദണ്ഡങ്ങൾ. ഒരു ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാം അവാർഡ് ലഭിക്കുമ്പോൾ ആ ബ്ലോക്ക് പഞ്ചായത്തിന് നിർമ്മൽ പദവി ലഭിക്കും. അതുപോലെ ജില്ലയ്ക്കും സംസ്ഥാനത്തിനും. കൂടാതെ ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകി പ്രേരകശക്തിയായി നിലകൊള്ളുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിർമ്മൽ പുരസ്കാരം നൽകി ആദരിക്കുന്നതിനും വ്യവസ്ഥയുണ്ട്.

സാമ്പത്തിക പ്രോത്സാഹനം

ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് നിർമ്മൽ ഗ്രാമ പുരസ്കാരത്തിന്റെ അവാർഡ് തുക നിർണ്ണയിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 5 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിന് പരമാവധി 50 ലക്ഷം രൂപയും ലഭ്യമാകും. കൂടാതെ ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് തലത്തിൽ വ്യക്തികൾക്ക് യഥാക്രമം 0.1, 0.2, 0.3 ലക്ഷം രൂപയും പഞ്ചായത്തിൽപെടാത്ത സ്ഥാപനങ്ങൾക്ക് യഥാക്രമം 0.2, 0.35, 0.5 ലക്ഷം രൂപയും ലഭിക്കാം.

കേരളം മുന്നിൽ

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി

പട്ടിക-1 : നിർമ്മൽ പുരസ്കാരം ലഭിച്ച തദ്ദേശസ്ഥാപനങ്ങൾ

വർഷം	ഗ്രാമ പഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	ജില്ലാ പഞ്ചായത്തുകൾ
2005	1	-	-
2006	6	-	-
2007	219	6	-
2008	600	84	4

പട്ടിക-2 : നിർമ്മൽ പുരസ്കാരത്തിലൂടെ നേടിയ അവാർഡ് തുക (ലക്ഷം രൂപയിൽ)

വർഷം	ഗ്രാമ പഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	ജില്ലാ പഞ്ചായത്തുകൾ	ആകെ
2005	5	-	-	5
2006	30	-	-	30
2007	1095	120	-	1215
2008	3000	1680	200	4880
ആകെ	4130	1800	200	6130

നടപ്പിലാക്കുന്നതിനും നിർമ്മൽ ഗ്രാമ പുരസ്കാരം നേടുന്നതിനും നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾ പൊതുവേ വലിയ താല്പര്യമെടുക്കുന്നുണ്ട്. ഇതിന്റെ ഫലമായാണ് രാജ്യത്ത് ഏറ്റവും കൂടുതൽ നിർമ്മൽ ഗ്രാമ പുരസ്കാരം നേടിയിട്ടുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുള്ളത്. വിവിധ സംസ്ഥാനങ്ങളിലെ നിർമ്മൽ ഗ്രാമപുരസ്കാരം നേടിയ പഞ്ചായത്തുകളുടെ എണ്ണവും ശതമാനവും പട്ടിക 3ൽ കാണുക. മറ്റു സംസ്ഥാനങ്ങളിലെ ഗ്രാമപഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തെ അപേക്ഷിച്ച് വളരെ ചെറുതും (നമ്മുടെ പഞ്ചായത്തിലെ ഒന്നോ-രണ്ടോ വാർഡോളം മാത്രം വലിപ്പം) ജനസംഖ്യ കുറവുള്ളതുമാണെന്നതിനാൽ എണ്ണത്തിൽ കൂടുതലായിരിക്കാം. എന്നാൽ സംസ്ഥാനത്തെ ആകെയുള്ള പഞ്ചായത്തുമായി തട്ടിച്ചു നോക്കുമ്പോൾ ഏറ്റവും കൂടുതൽ അവാർഡ് നേടിയിട്ടുള്ള സംസ്ഥാനം കേരളമാണെന്നു കാണാം.

പഞ്ചായത്തുകൾക്കും വ്യക്തികൾക്കും അപേക്ഷിക്കുന്നതിന് പ്രത്യേക ഫോറങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. ഈ അപേക്ഷകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മാനദണ്ഡങ്ങൾക്കനുസൃതമായുള്ള പരിശോധന നടത്തിയ

2008 ൽ നിർമ്മൽ ജില്ലാ പുരസ്ക്കാരം നേടിയ വയനാട്, കോഴിക്കോട്, കണ്ണൂർ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരായ സി.എം. സരസ്വതി ടീച്ചർ, കെ.പി. കുഞ്ഞമ്മത്കുട്ടി മാസ്റ്റർ, അമ്പാടി വേണു, കെ.കെ. നാരായണൻ എന്നിവർ അവാർഡു സ്വീകരിച്ചശേഷം ലോകസഭാസ്പീക്കർ സോമനാഥ ചാറ്റർജി, കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി ഡോ. രഘുവംശ പ്രസാദ് എന്നിവരോടൊപ്പം.

പട്ടിക-3 വിവിധ സംസ്ഥാനങ്ങളുടെ നിർമ്മൽ നേട്ടം

സംസ്ഥാനം	നാളിതുവരെ NGP ലഭിച്ച പഞ്ചായത്തുകൾ	ആകെ പഞ്ചായത്തുകൾ	നേട്ടം ശതമാനത്തിൽ
ആന്ധ്രാപ്രദേശ്	147	21839	0.7
അരുണാചൽ പ്രദേശ്	6	1744	0.3
ആസാം	14	3886	0.4
ബീഹാർ	197	8503	2.3
ഛത്തീസ്ഖണ്ഡ്	328	9837	3.3
ഗുജറാത്ത്	1125	14003	8.0
ഹരിയാന	853	6235	13.7
ഹിമാചൽ പ്രദേശ്	257	3218	8.0
ജാർഖണ്ഡ്	154	4559	3.4
കർണ്ണാടക	525	5653	9.3
കേരള	826	999	82.7
മധ്യപ്രദേശ്	539	23023	2.3
മഹാരാഷ്ട്ര	2340	27891	8.4
മിസോറാം	11	759	1.5
ഒറീസ	135	6233	2.2
രാജസ്ഥാൻ	163	9234	1.8
സിക്കിം	64	163	39.3
തമിഴ്നാട്	596	12617	4.7
ത്രിപുര	113	1062	10.6
ഉത്തർപ്രദേശ്	1243	52699	2.4
ഉത്തരാഞ്ചൽ	257	7207	3.6
വെസ്റ്റ് ബംഗാൾ	795	3350	23.7
ആകെ	**10674**	**224714**	

പട്ടിക-4 ജില്ല തിരിച്ചുള്ള നിർമ്മൽ നേട്ടം

ക്രമ നമ്പർ	ജില്ല	ആകെ പഞ്ചായത്തുകൾ	നിർമ്മൽ പുരസ്ക്കാരം കൈവരിച്ച ഗ്രാമപഞ്ചായത്തുകൾ					നിർമ്മൽ പുരസ്ക്കാരം ലഭിക്കേണ്ട ബാക്കിയുള്ള പഞ്ചായത്തുകൾ
			2005	2006	2007	2008	ആകെ	
1	തിരുവനന്തപുരം	78			11	51	62	16
2	കൊല്ലം	71			29	37	66	5
3	പത്തനംതിട്ട	54				52	52	2
4	ആലപ്പുഴ	73			6	66	72	1
5	കോട്ടയം	75		1	3	4	8	67
6	എറണാകുളം	88			28	53	81	7
7	ഇടുക്കി	52			9	28	37	15
8	തൃശൂർ	92		1	59	32	92	0
9	പാലക്കാട്	91		2	19	53	74	17
10	മലപ്പുറം	102			2	76	78	24
11	കോഴിക്കോട്	78			26	52	78	0
12	വയനാട്	25			2	23	25	0
13	കണ്ണൂർ	81		2	25	54	81	0
14	കാസർഗോഡ്	39	1			19	20	19
	ആകെ	**999**	**1**	**6**	**219**	**600**	**826**	**173**

ശേഷം ശുപാർശ ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വീണ്ടും രണ്ട് ഘട്ടങ്ങളിലായി ഇന്ത്യാഗവൺമെന്റിന്റെ ഗ്രാമവികസന മന്ത്രാലയത്തിലെ കുടിവെള്ള വിതരണ വകുപ്പ് ഏർപ്പെടുത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ അവാർഡ് ലഭിക്കുകയുള്ളു. ലഭ്യമാകുന്ന അവാർഡ് തുക ഖര-ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനമൊരുക്കുന്നതിനും ശുചിത്വ നിലവാരം നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി ഉപയോഗപ്പെടുത്തണം.

നിർമ്മൽ പുരസ്ക്കാരവും കേരളവും

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനാണ് സംസ്ഥാനത്ത് ആദ്യമായി 2005ൽ നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ചത്. തുടർന്ന് ഈ പുരസ്കാരം നേടിയ ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകളുടെ എണ്ണം പട്ടിക-1 ൽ നൽകിയിട്ടുണ്ട്. നിർമ്മൽ പുരസ്കാരം ലഭിച്ചതിലൂടെ സംസ്ഥാനത്തിന് നാളിതുവരെ ലഭ്യമായ അവാർഡ് തുകയുടെ വിവരങ്ങൾ പട്ടിക-2 ൽ നൽകിയിരിക്കുന്നു. ഈ തുക ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ അവരുടെ സമഗ്ര ശുചിത്വ പരിപ്രേഷ്യത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾക്കായി വിനിയോഗിക്കപ്പെടണമെന്നതാണ് പൊതുവിൽ ഉയർന്നുവന്നിട്ടുള്ളതും സ്വാഗതാർഹവുമായ നിർദ്ദേശം.

നിർമ്മൽ സംസ്ഥാന പദവി

ഇന്ത്യയിലെ ആദ്യത്തെ നിർമ്മൽ സംസ്ഥാനമായി 2008ൽ സിക്കിം തെരഞ്ഞെടുക്കപ്പെട്ടു. സമ്പൂർണ്ണ ശുചിത്വ യജ്ഞം നടപ്പിലാക്കുന്നതിനും നിർമ്മൽ ഗ്രാമപുരസ്കാരം നേടുന്നതിനും ഏറ്റവും മുൻപിൽ നിൽക്കുന്ന കേരളത്തിന് ഈ പദവി ആദ്യം ലഭിക്കാത്തതിൽ ദുഃഖമുണ്ട്. ഇത് മറന്നുകൊണ്ട് 2009ൽ ഈ പദവി നേടിയെടുക്കുന്ന ശ്രമം അത്യധികം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ഇനി 173 ഗ്രാമപഞ്ചായത്തുകൾ നിർമ്മൽ ഗ്രാമപുരസ്ക്കാരത്തിന് അർഹരാകുന്ന പക്ഷം കേരളത്തിനും സംസ്ഥാന അവാർഡ് ലഭിക്കും. ജില്ല തിരിച്ചുള്ള ഈ ഗ്രാമ പഞ്ചായത്തുകളുടെ കണക്ക് പട്ടിക-4ൽ കാണുക. സംസ്ഥാന പദവി ലഭിക്കണമെങ്കിൽ ഇപ്പോൾ നിർമ്മൽ പുരസ്ക്കാരം നേടിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ അവരുടെ നേട്ടം നിലനിർത്തേണ്ടതും അത്യാവശ്യമാണ്. ഈ പ്രവർത്തനങ്ങൾ ആവേശത്തോടെ നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

ലേഖകൻ
ശുചിത്വമിഷനിൽ
എക്സിക്യൂട്ടീവ് ഡയറക്ടറാണ്

പഞ്ചായത്ത് കോടതി

രാജ്യത്തിന് മാതൃകയായി ചെറിയനാട്

ആർ.വിമൽകുമാർ

ചെറിയനാട് ഗ്രാമം ഇനി രാജ്യത്തിന് മാതൃക. വ്യവഹാര നിയന്ത്രിത സമ്പൂർണ്ണ നിയമ സാക്ഷരതാ പഞ്ചായത്തായി ചെറിയനാട് ചരിത്രതാളുകളിൽ ഇടം നേടി. ചെറിയനാട് ഗ്രാമപഞ്ചായത്തിനെ നൂറുശതമാനം നിയമസാക്ഷരതാ പഞ്ചായത്തായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും, വ്യവഹാര നിയന്ത്രിത പഞ്ചായത്തായി സുപ്രീം കോടതി ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനും പ്രഖ്യാപിച്ചു. വ്യവഹാര നിയന്ത്രിത പഞ്ചായത്തിനുള്ള സർട്ടിഫിക്കറ്റ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. വാസുദേവന് കൈമാറി.

1988 ലാണ് ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമനിവാസികളായ പൗരജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ രമ്യമായി പറഞ്ഞ് പരിഹരിക്കുന്നതിന് ഗ്രാമകോടതിയുടെ രൂപത്തിലുള്ള സബ്കമ്മിറ്റി രൂപീകരിക്കുന്നത്. ഈ സബ്കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റും, വൈസ് പ്രസിഡന്റും, പരാതി ഉണ്ടാകുന്ന വാർഡിലെ പഞ്ചായത്ത് അംഗങ്ങളും അംഗങ്ങളായിരുന്നു.

സബ്കമ്മിറ്റി മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം കൂടുമായിരുന്നു. അതിലേയ്ക്ക് പ്രത്യേകമായി ഒരു മിനിട്ട്സ് ബുക്കും എഴുതുവാൻ ഒരു പഞ്ചായത്ത് ജീവനക്കാരന്റെ സേവനവും ലഭ്യമാക്കിയിരുന്നു. പ്രശ്നപരിഹാരത്തിനായി പഞ്ചായത്തിൽ വരുന്ന പരാതികൾ നിശ്ചിത ദിവസം പരാതിക്കാരന്റേയും എതിർകക്ഷിയുടേയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും ഇരുകൂട്ടർക്കും പറയുവാനുള്ളത് കേട്ടശേഷം സബ്കമ്മിറ്റി അംഗങ്ങൾ പ്രശ്നപരിഹാരം നിശ്ചയിക്കുകയുമാണ് പതിവ്. ഇരുകൂട്ടരും ഈ തീരുമാനം സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്തിരുന്നു. സ്ഥലത്ത് ചെന്ന് തീർപ്പാക്കേണ്ടതായ പരാതിയാണെങ്കിൽ പഞ്ചായത്ത് അംഗങ്ങൾ സ്വന്തം ചെലവിൽ നേരിൽ ചെന്ന് പരിഹാരം ഉണ്ടാക്കുന്ന രീതി ഒരു ചരിത്ര വിജയമായിരുന്നു.

2000ത്തിൽ ഗ്രാമകോടതി എന്ന ആശയം സ്ഥാപനവൽക്കരിക്കുവാൻ തീരുമാനിച്ചു. മുൻ അനുഭവം കണക്കിലെടുത്ത് സമൂഹത്തിലെ നാനാതുറകളിൽ പ്രാഗത്ഭ്യമുള്ള അഞ്ചുപേരെ കൂടി ഉൾപ്പെടുത്തി കരുത്തും മാതൃകാപരവുമായ പഞ്ചായത്ത് കോടതിക്ക് രൂപം നൽകി.

പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, വൈസ് പ്രസിഡന്റ്, വികസന- ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, ഏത് വാർഡിലെ പരാതിയാണോ തീർപ്പാക്കുവാനുള്ളത് ആ വാർഡിനെ പ്രതിനിധീകരിക്കുന്ന മെമ്പർ, പുറമെ നിന്നുള്ള സാമൂഹിക പ്രവർത്തകരായ 5 പേർ – ഇതാണ് ചെറിയനാട് പഞ്ചായത്ത് കോടതിയുടെ ഇപ്പോഴത്തെ ഘടന. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇതിന്റെ എക്സ് ഒഫീഷ്യോ സെക്രട്ടറി ആണ്.



പ്രവർത്തനം

മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും കോടതികൾ കൂടുക പതിവാണ്. ഇത് സാധാരണ രണ്ടാം ശനിയാഴ്ച ഒഴിച്ചുള്ള ശനിയാഴ്ചകളിൽ ആയിരിക്കും. എല്ലാ കോടതികളിലും എല്ലാ വാർഡുകളിൽ നിന്നുമുള്ള പരാതികൾ ഉണ്ടായിരിക്കും. മുഴുവൻ പഞ്ചായത്ത് അംഗങ്ങളും കോടതി നടപടികളിൽ പങ്കെടുക്കും.

പഞ്ചായത് കോടതിയെ സഹായിക്കുവാൻ പഞ്ചായത്തിലെ ഒരു ജീവനക്കാരന് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. പരാതിക്കാർ പ്രസ്തുത ജീവനക്കാരന്റെ പക്കൽ പരാതി രജിസ്റ്റർ ചെയ്യുന്നു. ജീവനക്കാരൻ പ്രസിഡന്റുമായി കൂടിയാലോചിച്ച് തീയതി നിശ്ചയിച്ച ശേഷം തപാൽ മാർഗ്ഗം ബന്ധപ്പെട്ട പരാതിക്കാരനും എതിർകക്ഷിക്കും നോട്ടീസ് അയയ്ക്കും. പങ്കെടുക്കേണ്ട കോടതി അംഗങ്ങൾക്കും ഇതോടൊപ്പം കത്തുകൾ അയയ്ക്കും. നിശ്ചിത ദിവസം മുൻഗണനാ ക്രമത്തിൽ പരാതികൾ പരിഗണനയ്ക്കെടുത്ത് ഇരുകൂട്ടർക്കും പറയാനുള്ളത് കേട്ട്, കൗൺസിലിംഗ് വേണ്ടിടത്ത് കൗൺസിലിംഗ് നടത്തി പ്രശ്നപരിഹാരം നിർദ്ദേശിക്കും. പഞ്ചായത്ത് കോടതിയിൽ എത്തുന്ന എല്ലാ പരാതികൾക്കും പരിഹാരം ഉണ്ടാക്കുവാൻ കോടതി അംഗങ്ങൾ അശ്രാന്ത പരിശ്രമം നടത്തുന്നതിനാൽ സന്തോഷപൂർവ്വം ഇരുകക്ഷികളും ഇത് അംഗീകരിക്കുന്നു. തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ എഴുതുകയും വാദിയും പ്രതിയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു. ചെറിയനാട് പഞ്ചായത്ത് കോടതിയിൽ പരിഹരിക്കുന്ന പരാതികൾക്ക് അപ്പീൽ ഇല്ല.

ചെറിയനാട് പഞ്ചായത്ത് കോടതിയുടെ മാതൃകാപരമായ പ്രവർത്തനത്തിന്റെ ഫലമായി പഞ്ചായത്തിന് പുറത്തുനിന്നും, താലൂക്കിന് വെളിയിൽ നിന്നുപോലും ആളുകൾ, പണം ഈടാക്കാതെ നീതി ലഭ്യമാക്കുവാൻ നിസ്വാർത്ഥ സേവനം നടത്തുന്ന ചെറിയനാട് പഞ്ചായത്ത് കോടതിയെ സമീപിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

കോടതികളിൽ കാൽനൂറ്റാണ്ടായി കിടന്നിരുന്നതും പതിനായിരങ്ങൾ ചെലവഴിച്ചതുമായ കേസ്സുകൾ പോലും കേവലം മണിക്കൂറുകൾക്കകം വാദി-പ്രതികളുമായി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് പറഞ്ഞവസാനിപ്പിക്കുവാൻ കഴിഞ്ഞ അസുലഭ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ചെറിയനാട് റെയിൽവേ സ്റ്റേഷന്റെ പടിഞ്ഞാറ്, 27 വർഷമായി കോടതിയിൽ നിലനിന്നിരുന്ന ഒരു കേസ്സ്

ചെറിയനാട് ഗ്രാമപഞ്ചായത്തിനെ വ്യവഹാര നിയന്ത്രിത പഞ്ചായത്തായും നിയമസാക്ഷരതാ പഞ്ചായത്തായും പ്രഖ്യാപിച്ച ചടങ്ങിൽ സംഘാടക സമിതി പ്രസിദ്ധീകരിച്ച സുവനീർ ചീഫ് ജസ്റ്റീസ് കെ. ജി. ബാലകൃഷ്ണൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് നൽകി പ്രകാശനം ചെയ്യുന്നു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസ് എച്ച്.എൽ. ദത്തു, നിയമ മന്ത്രി എം. വിജയകുമാർ തുടങ്ങിയവർ സമീപം.

ചെറിയനാട് പഞ്ചായത്ത് ഇന്ത്യക്ക് മാതൃക

ചെറിയനാട് ഇന്ത്യയിലെ ഗ്രാമങ്ങൾക്ക് മുഴുവൻ മാതൃകയാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനും മുഖ്യമന്ത്രി വിഎസ്. അച്യുതാനന്ദനും അഭിപ്രായപ്പെട്ടു. ചെറിയനാടിനെ രാജ്യത്തെ ആദ്യത്തെ വ്യവഹാര നിയന്ത്രിതവും സമ്പൂർണ്ണ നിയമസാക്ഷരത നേടിയതുമായ പഞ്ചായത്തായി പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു ഇരുവരും.

ചെറിയനാട് നടന്നത് നിശ്ശബ്ദ വിപ്ലവം

കേസില്ലാത്ത ഗ്രാമം എന്നത് അർത്ഥവത്തായ സങ്കല്പമാണെന്ന് ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ പറഞ്ഞു. അഭിപ്രായഭിന്നത കോടതിയിലേയ്ക്ക് കൊണ്ടുപോകാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ തീർക്കാൻ താല്പര്യപ്പെടുന്ന ജനതയാണ് ഇവിടെയുള്ളത്. പത്തുവർഷമായി ഈ ഗ്രാമത്തിൽ നടന്നുവന്ന നിശ്ശബ്ദ വിപ്ലവത്തിന്റെ ഫലമാണിത്.

ചീഫ് ജസ്റ്റീസ് കെ. ജി. ബാലകൃഷ്ണൻ

രാജ്യത്താകെ 3.58 കോടി കേസുകൾ കെട്ടിക്കിടക്കുന്നു. സുപ്രീംകോടതിയിൽ മാത്രം 40,000 കേസുകളുണ്ട്. 100 ൽ അഞ്ചു പേരെങ്കിലും ഏതെങ്കിലും കേസുമായി ബന്ധപ്പെട്ടവരാണ്. ചെറിയനാട് ഏറ്റവുമൊടുവിൽ അവശേഷിച്ചത് രണ്ട് കേസുകൾ മാത്രമാണ്. ഇവിടെയാണ് ഈ ഗ്രാമത്തിന്റെ വലിപ്പം-ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടി.

നേരത്തേ 20-30 കൊല്ലംവരെ തെരഞ്ഞെടുപ്പ് നടത്താത്ത പഞ്ചായത്തുകൾ പല സംസ്ഥാനങ്ങളിലും ഉണ്ടായിരുന്നു. സംസ്ഥാനം ഭരിക്കുന്നവരുടെ താല്പര്യമനുസരിച്ച് അഡ്മിനിസ്ട്രേറ്ററുമാരെ വച്ചായിരുന്നു പഞ്ചായത്തുകളിലെ ഭരണം. അശോക്മേത്ത കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിയ 73-74-ാം ഭരണഘടന ഭേദഗതികളാണ് പഞ്ചായത്തുകളിൽ മാറ്റം വരാൻ കാരണം. കമ്മീഷൻ അംഗമായിരുന്ന ഇ.എം.എസ്. കാര്യമായ സംഭാവനയാണ് നൽകിയത്. പഞ്ചായത്തുകൾക്ക് മാറ്റം വന്നതോടെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു തുടങ്ങി. വളരെ അർത്ഥവത്തായ ഒരാശയമാണ് ചെറിയനാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത്. രാജ്യത്തിന് തന്നെ ഇത് മാതൃകയാണെന്ന് ചീഫ് ജസ്റ്റീസ് പറഞ്ഞു.

ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസ് എച്ച്.എൽ. ദത്തു അധ്യക്ഷനായിരുന്നു. ചെറിയനാടിന്റേത് നിർണായകമായ നേട്ടമാണ്. സമർപ്പണബുദ്ധിയുണ്ടെങ്കിൽ മറ്റ് ഗ്രാമങ്ങൾക്കുമിതാവാം, ജസ്റ്റീസ് ദത്തു പറഞ്ഞു.

നിയമം അറിയാത്തവർക്ക് നീതി നിഷേധിക്കരുത്

നിയമം അറിയാത്തതിന്റെ പേരിൽ ഒരാൾക്കും നീതി നിഷേധിച്ചുകൂടായെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക പിന്നോക്കാവസ്ഥയ്ക്കു പ്രധാനകാരണം നിയമം ബഹുഭൂരിപക്ഷത്തിനും പ്രാപ്യമല്ലാത്തതാണ്. സമ്പൂർണ്ണ സാക്ഷരതപോലെ തന്നെ പ്രധാനമാണ് നിയമസാക്ഷരതയും. സൗജന്യ നിയമസഹായം ലഭിക്കുകയെന്നത് പൗരന്റെ അവകാശമാണ്. വിദ്യാഭ്യാസവും, അറിവും വർദ്ധിക്കുന്നതനുസരിച്ച് കേരളത്തിൽ കേസുകളും കൂടുന്നു. ലോക അദാലത്തും നിയമസഹായ വേദിയും കേസുകളുടെ എണ്ണം കുറയ്ക്കുന്നുണ്ട്.

വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി

ഇപ്പോഴും കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നു. വൈകിയെത്തുന്ന നീതി നീതിനിഷേധത്തിന് തുല്യമാണ്. കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കുന്ന നടപടിക്ക് സുപ്രീം കോടതി ചീഫ് ജസ്റ്റീസ് മുൻ കൈ എടുക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സംഘാടകസമിതി പ്രസിദ്ധീകരിച്ച സുവനീർ ചീഫ് ജസ്റ്റീസ് കെ. ജി. ബാലകൃഷ്ണൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് നൽകി പ്രകാശനം ചെയ്തു. സംസ്ഥാന നിയമമന്ത്രി എം. വിജയകുമാർ മുഖ്യപ്രഭാഷണവും കേരള ലീഗൽ സർവ്വീസസ് അതോറിട്ടി എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റീസ് ജെ.ബി. കോശി ആമുഖപ്രഭാഷണവും നടത്തി. ഹൈക്കോടതി ജഡ്ജി സി.എൻ. രാമചന്ദ്രൻ നായർ, ആലപ്പുഴ ജില്ലാ ജഡ്ജി ഇ.മൈതീൻകുഞ്ഞ്, സി.എസ്. സുജാത എം.പി, പി.സി.വിഷ്ണുനാഥ് എം.എൽ.എ, ജില്ലാ കളക്ടർ വി.കെ. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ചെറിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. വാസുദേവൻ സ്വാഗതവും ചെങ്ങന്നൂർ ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. രാമചന്ദ്രൻ നായർ നന്ദിയും പറഞ്ഞു.

കേവലം 30 മിനിട്ടുകൊണ്ട് തീർപ്പാക്കുവാൻ കഴിഞ്ഞു.കേസ് ഒത്തുതീരുമ്പോൾ ഇവർക്കുണ്ടാകുന്ന സന്തോഷകരമായ അനുഭവങ്ങൾ ഈ കുറിപ്പിൽ രേഖപ്പെടുത്താനാവുന്നതല്ല.

അദ്ധ്യാപികയായ മാതാവിന്റെ മരണ ശേഷം പിഞ്ചുകുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ കഴിയാത്ത മദ്യപാനിയായ പിതാവിന്റെ പക്കൽനിന്നും കുഞ്ഞുങ്ങളുടെ ഭാവി ജീവിതം സമ്പുഷ്ടമാക്കുന്നതിന് കഴിയുംവിധം മാതൃകാപരമായ തീരുമാനങ്ങൾ എടുത്തും, വർഷങ്ങളായി കുടുംബസ്വത്ത് വീതം വയ്ക്കുവാൻ കഴിയാതെ കലഹിച്ച് കഴിയുന്ന കുടുംബാംഗങ്ങളുടെ സ്വത്ത് ഭാഗംവച്ച് നൽകിയും, വ്യാജ ചെക്ക് കേസ്സ് വിധി സമ്പാദിച്ച് തുക കൊടുക്കുവാൻ നിവൃത്തിയില്ലാത്ത പാവങ്ങൾക്ക് കോടതി അംഗങ്ങളുടെ അഭിനവ ഷൈലോക്കുകളിൽ നിന്നും ശാശ്വത മോചനം നൽകിയും, നിസ്സാര കാരണങ്ങളാൽ പോലും തകർന്നടിഞ്ഞ കുടുംബ ബന്ധങ്ങൾ കൂട്ടിച്ചേർത്ത് ഭാര്യാ ഭർത്താക്കന്മാരേയും കുഞ്ഞുങ്ങളേയും കൂട്ടിച്ചേർത്ത് ഒരെ വാഹനത്തിൽ മടക്കി അയച്ച് കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിച്ചും, അതിരുവഴക്കുകൾ, അപരന് ശല്യമായിത്തീരുന്ന വൃക്ഷകൊമ്പുകൾ മുറിച്ചുമാറ്റി അയൽബന്ധം ഊട്ടിയുറപ്പിച്ചും, കെട്ടിയടയ്ക്കുന്ന നടവഴികൾ തുറന്നും, വഴിയില്ലാത്തിടത്ത് വഴി ഉണ്ടാക്കികൊടുത്തും ദശാബ്ദങ്ങളോളം കോടതികളിൽ കിടന്ന കേസ്സുകൾ പറഞ്ഞവസാനിപ്പിച്ചും ജനങ്ങൾ പരസ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കഴിഞ്ഞുകൂടുവാനുള്ള എല്ലാ സഹായങ്ങളും പഞ്ചായത്ത് കോടതിയുടെ മേൽനോട്ടത്തിൽ ചെയ്തു വരുന്നു.

പഞ്ചായത്ത് കോടതിയുടെ പ്രവർത്തനഫലമായി കോടതികളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യാതെതന്നെ പ്രീലിറ്റിഗേഷൻ നടപടിക്രമങ്ങളിലൂടെ 676 കേസ്സുകൾ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രമ്യതാ കമ്മറ്റിയുടേയും പഞ്ചായത്ത് കോടതിയുടേയും സഹായത്താൽ ചെങ്ങന്നൂർ താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി നാളിതുവരെ വിവിധ കോടതികളിൽ നിലനിന്നിരുന്ന 425 കേസ്സുകൾ അദാലത്തുകളിലൂടെ തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

വ്യവഹാര നിയന്ത്രിത പഞ്ചായത്ത് പ്രഖ്യാപന ചടങ്ങിൽ സി.എസ്. സുജാത എം.പി, പി.സി. വിഷ്ണുനാഥ് എം.എൽ.എ എന്നിവർ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. വാസുദേവനോടൊപ്പം.

ലീഗൽ എയ്ഡ് ക്ലിനിക്

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ ലീഗൽ എയ്ഡ് ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ശനിയാഴ്ചയും ചെങ്ങന്നൂർ ബാറിലെ ഒരു അഭിഭാഷകൻ ക്ലിനിക്കിൽ എത്തുകയും പൊതുജനങ്ങൾക്ക് ആവശ്യമായ നിയമ ഉപദേശം നൽകുകയും ചെയ്യുന്നു. ലീഗൽ എയ്ഡ് ക്ലിനിക്കിൽ പരിഹരിക്കാത്ത പ്രശ്നങ്ങൾ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ അദാലത്തിലൂടെ പരിഹരിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

നിയമസാക്ഷരത

നിയമസാക്ഷരത കൈവരിക്കുന്നതിന്റെ ഭാഗമായി ലീഗൽ സർവ്വീസസ് അതോറിറ്റി, ചെങ്ങന്നൂർ ബാർ അസോസിയേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവ സംയുക്തമായി പഞ്ചായത്തിലെ എല്ലാ വീടുകളിലും ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും സംയുക്തമായി തയ്യാറാക്കിയ നിയമ പാഠ പുസ്തകങ്ങൾ വിതരണം ചെയ്തു. ചെങ്ങന്നൂർ ബാറി ലെ അഭിഭാഷകർ, വിവിധ കോളേജുകളിലെ എൻ. എസ്. എസ്. വോളന്റിയർ മാർ, വിവിധ സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിയമ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് ജനങ്ങളെ നിയമ സാക്ഷരത ഉള്ളവരാക്കി. നിയമപാഠം സംബന്ധിച്ച പരീക്ഷ നടത്തുകയും മാർ ക്കുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇത്തരം പഞ്ചായത്ത് കോടതികൾ നമ്മുടെ രാജ്യത്തെ എല്ലാ വില്ലേജുകളിലും ഉണ്ടാകേണ്ടതാണ്. ആരംഭത്തിൽ തന്നെ ആത്മാർത്ഥമായും സത്യസന്ധമായും ഇടപെടുവാൻ കഴിഞ്ഞാൽ 80 ശതമാനം ജനങ്ങളേയും കോടതികളിൽ കയറാതെ സഹായിക്കുവാൻ കഴിയും. നമ്മുടെ നീതിന്യായ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം പരിശോധിച്ചാൽ നാം പരിഭ്രാന്തരാകും. സുപ്രീം കോടതിപോലും ലോക് അദാലത്തുകൾ സംഘടിപ്പിച്ച് കേസ്സുകൾ തീർപ്പ് കൽപ്പിച്ച് ചരിത്രം കുറിക്കുന്ന ഈ കാലഘട്ടത്തിൽ ഗ്രാമ കോടതി എന്ന സംവിധാനത്തിന് വളരെയധികം പ്രസക്തിയുണ്ട്. ഗ്രാമപഞ്ചായത്തുകൾ വിചാരിച്ചാൽ കോടതിയിലേയ്ക്ക് പോകുന്ന കേസ്സുകളുടെ എണ്ണം 70 ശതമാനത്തിലധികം കുറയ്ക്കാൻ കഴിയും. ഇതിലൂടെ സാമ്പത്തിക ബാദ്ധ്യതയില്ലാതെ ദരിദ്ര നാരായണന്മാർക്ക് നീതി ഉറപ്പാക്കുവാനും കഴിയും.

ലേഖകൻ ചെറിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

ലിപിൻരാജ് എം.പി

ജലമാനേജ്മെന്റ്

നീരറിവുകളുടെ ബാക്കിപത്രം



ഇന്ത്യയിലെ സ്വകാര്യവൽക്കരിക്കപ്പെട്ട ആദ്യനദിയാണ് ഛത്തീസ്ഗഢിലൂടെ ഒഴുകുന്ന മഹാനദിയുടെ പോഷകനദിയായ ഷിയോനാഥ് പുഴ. 1998 ൽ 22 വർഷത്തെ കരാറിനാണ് ഷിയോനാഥ്പുഴയിലെ ഏകദേശം 24 കി.മീ. കൈലാസ് സോണിയെന്ന വ്യവസായി ഉടമസ്ഥാവകാശം നേടിയെടുത്തത്. ഷിയോനാഥിലെ ജലം തന്റെ വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള കൈലാസ്സോണിയുടെ തീരുമാനം കടുത്ത ജനരോഷത്തിനിടയാക്കി. ഒടുവിൽ ഉടമ്പടി റദ്ദാക്കിയെങ്കിലും ഷിയോനാഥ് ജലചൂഷണത്തിന്റെ മറ്റൊരു വികൃതമുഖം കാണിച്ചു തന്നു. ജലമലിനീകരണം ഒരു നിത്യസംഭവമാകുകയും ജലയുദ്ധങ്ങളും, നദീജലതർക്കങ്ങളും തുടർക്കഥയാവുകയും ചെയ്യുമ്പോൾ 'ജലം ജീവനും വികസനത്തിനും' എന്ന ആശയം ഉൾക്കൊള്ളുന്ന ജലമാനേജ്മെന്റിന് ഇന്ന് പ്രാധാന്യമേറെയാണ്. സുസ്ഥിരവികസനത്തിനും പ്രകൃതി സന്തുലനാവസ്ഥയുടെ നിലനില്പിനും ജലവിഭവ ആസൂത്രണപ്ലാൻ ആവശ്യമാണ്. സംസ്ഥാനസർക്കാർ ഈയിടെ പുറത്തിറക്കിയ പ്രകൃതിവിഭവഭൂപടവും 2008ലെ ജലനയവും 'ഡിജിറ്റൽ അറ്റ്ലസ്' ശേഖരവും നദീതട അതോറിറ്റികൾ രൂപീകരിക്കാനുള്ള സർക്കാർ സംരംഭവും ഈ മേഖലയിലെ പുതിയ കാൽവെയ്പുകളാണ്.

ഭൂമിയിലെ ആകെ ജലത്തിന്റെ 97.5% ഉപ്പുവെള്ളമാണ്. ബാക്കി വെറും 2.5% മാത്രമാണ് ശുദ്ധജലം. ഈ 2.5 ശതമാനം മഞ്ഞുപാളികൾ ഉരുകിയും ഭൂമിക്കടിയിലും നദികളിലും അരുവികളിലും കുളത്തിലും അന്തരീക്ഷത്തിലുമായി കാണുന്നു. യു. എന്നിന്റെ കണക്കനുസരിച്ച് ലോക ജനസംഖ്യയുടെ 41% ജലലഭ്യത കുറവുള്ള പ്രദേശങ്ങളിലാണ് ജീവിക്കുന്നത്. ഈ അനുപാതം ഓരോ വർഷവും 2.5–5% എന്ന തോതിൽ വർദ്ധിക്കുകയും ചെയ്യുന്നു. 2002 ൽ മാത്രം 4 ദശലക്ഷം ജനങ്ങളാണ് ശുദ്ധജലം കിട്ടാതെ മരിച്ചുവീണത്. കൂടാതെ ശുദ്ധമായ കുടിവെള്ളമില്ലാത്തതുമൂലം ഓരോദിവസവും ലോകത്ത് 6000 കുഞ്ഞുങ്ങൾ മരിക്കുന്നു എന്ന ദുരന്തസമാനമായ കണക്കുകളും നമുക്ക് മുന്നിലുണ്ട്. ഓരോ 20 വർഷം കൂടുമ്പോഴും ലോകത്തിലെ ജല ഉപഭോഗം ഇരട്ടിക്കുമ്പോൾ അതിനനുസൃതമായി ജലവിഭവങ്ങളുടെ സംരക്ഷണം നടക്കുന്നില്ലായെന്നതാണ് സത്യം. വർദ്ധിച്ചുവരുന്ന അമ്ലത (Acidification) മൂലം കുടിവെള്ളയോഗ്യമല്ലാതാവുകയും തിരിച്ചറിവില്ലാത്ത ജലമലിനീകരണം വ്യാപകമാകുകയും ചെയ്യുമ്പോൾ നാം ചില കണക്കുകളിൽ രസം പിടിച്ചിരിപ്പാണ്.

ആരോഗ്യത്തെ രൂക്ഷമായി ബാധിക്കുന്ന ബാക്ടീരിയകളുടെ സാന്നിധ്യം കുടിവെള്ളത്തെ ഇന്ന് കിട്ടാക്കനിയാക്കിയിരിക്കുന്നു. തീരപ്രദേശങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളിലും ഇത് രൂക്ഷമാണ്. ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്ന കടലാസുപുലികളായ നിയമങ്ങൾ മനുഷ്യന്റെ അലസതയുടെ ജീവിക്കുന്ന രക്തസാക്ഷികളാണ്. ജലസംരക്ഷണത്തിനുവേണ്ടി ചിലവാക്കിയ പണത്തിന്റെ മുക്കാൽപങ്കും ദുരുപയോഗം ചെയ്യപ്പെടുകയും സംരക്ഷണപദ്ധതികൾ പാതിവഴിയിലെത്തുകയും ചെയ്തപ്പോഴാണ് ജലവിഭവമാനേജ്മെന്റിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകം ചിന്തിച്ചുതുടങ്ങിയത്.

സ്മാർട്ട് സിറ്റിയുടേയും മറ്റ് ഐ.ടി. വ്യവസായങ്ങളുടേയും വരവോടെ തദ്ദേശീയ ജനസംഖ്യയും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ളവരുടെ ഒഴുക്കും 3–6% വരെ വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. വയലുകൾ നികത്തി നിരനിരയായി ഫ്ളാറ്റുകൾ പണിതുയർത്തുന്ന റിയൽ എസ്റ്റേറ്റ് ഭീമൻമാർ കുഴിച്ചു മൂടുന്നത് നമ്മുടെ പരമ്പരാഗത കുടിവെള്ള സ്രോതസുകളും ഭൂഗർഭജലലഭ്യതകളേയുമാണ്. നാം ബോട്ടിൽ വാട്ടർ സംസ്കാരത്തിലേയ്ക്ക് നീങ്ങുമ്പോൾ കൂട്ടിയിണക്കിയിരുന്ന പാരമ്പര്യത്തിന്റെ കാവുകളും അമ്പലക്കുളങ്ങളും മനകളിലെ കുളങ്ങളും നാലുകെട്ടുകളും മരണവക്കിലാണ്. ഒരു ഭ്രാന്തൻ ആശയമെന്ന് ആളുകൾ പരിഹസിച്ചപ്പോഴും കല്ലൻ പൊക്കുടൻ എന്ന മലയാളി നട്ടുപിടിപ്പിച്ച കണ്ടൽ മരങ്ങളും മരങ്ങളെ മരംവെട്ടുകാരിൽ നിന്ന് രക്ഷിക്കാൻ അവയ്ക്ക് ചുറ്റും കെട്ടിപ്പിടിച്ചു നിന്ന ചിപ്കോ പ്രസ്ഥാനത്തിന്റെ കാവലാളായ സുന്ദർലാൽ ബഹുഗുണയും ഒരു വിപ്ലവമായിത്തീർന്നത് പാരിസ്ഥിതിക സന്തുലനാവസ്ഥയുടെ നല്ലനാളേയ്ക്കുവേണ്ടിയാണ്. ജലചൂഷണത്തിൽ നിന്ന് ജലമാനേജ്മെന്റിലേയ്ക്കുള്ള യാത്രയിൽ ജലവിഭവങ്ങളുടെ ബുദ്ധിപൂർവ്വവും കാര്യക്ഷമവുമായ ഉപഭോഗമാണ് ജലമലിനീകരണത്തിനെതിരേ നമുക്ക് സ്വീകരിക്കാവുന്ന ഫലപ്രദമാർഗ്ഗം. ഈയിടെ ISI മുദ്രപതിപ്പിച്ച മിനറൽവാട്ടർ കുപ്പിക്കുള്ളിൽ മാലിന്യം കണ്ടെത്തിയത് ചാനലുകളിൽ വാർത്തയായിരുന്നു. തൊടിയിലെ കിണർ വെള്ളമെന്ന സങ്കല്പം കവിതകളിലൊതുങ്ങിനിൽക്കുകയും മറുവശത്ത് പൈപ്പ് വെള്ളവും കുഴൽക്കിണർ വെള്ളവും കടന്ന് ബോട്ടിൽ വാട്ടറിലേയ്ക്ക് മലയാളി എത്തുമ്പോൾ നഷ്ടപ്പെടുക പ്രകൃതിയോടിണങ്ങിയ സുസ്ഥിര വികസന സങ്കല്പമാണ്, സന്തുലനാവസ്ഥയാണ്.

ഇനിയൊരു ലോകമഹായുദ്ധമുണ്ടായാൽ അത് ജലത്തിനുവേണ്ടിയായിരിക്കുമെന്ന U.N.O യുടെ മുന്നറിയിപ്പ് നിസ്സാരമെന്ന് കരുതി തള്ളിക്കളയാനാവില്ല. വികസിത രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ ടോയ്ലെറ്റുകളിൽ വെറുതെ ഒഴുക്കിക്കളയുന്ന ജലം മതി, മൂന്നാംലോക രാജ്യങ്ങളിലെ ജനങ്ങളുടെ കുടിവെള്ളാവശ്യ

ജലമലിനീകരണം ഒരു നിത്യസംഭവമാകുകയും ജലയുദ്ധങ്ങളും, നദീജലതർക്കങ്ങളും തുടർക്കഥയാവുകയും ചെയ്യുമ്പോൾ 'ജലം ജീവനും വികസനത്തിനും' എന്ന ആശയം ഉൾക്കൊള്ളുന്ന ജലമാനേജ്മെന്റിന് ഇന്ന് പ്രാധാന്യമേറെയാണ്.

ഓരോ 20 വർഷം കൂടുമ്പോഴും ലോകത്തിലെ ജല ഉപഭോഗം ഇരട്ടിക്കുമ്പോൾ അതിനനുസൃതമായി ജലവിഭവങ്ങളുടെ സംരക്ഷണം നടക്കുന്നില്ലായെന്നതാണ് സത്യം

ത്തിന്. ശീതളപാനീയങ്ങളിൽ ഫ്‌ളുറൈഡുകളും, കാഡ്മിയം പോലുള്ള രാസവസ്തുക്കളും കാണപ്പെടുമ്പോഴും വികസിതരാജ്യങ്ങളിൽ അത് യഥേഷ്ടം വിറ്റുപോകുന്നു. പെരുമാട്ടിയിലെ ജലമൂറ്റുന്ന കമ്പനി ഇല്ലാതാക്കുന്നത് കുടിവെള്ളം ഒരു പ്രാഥമിക അവകാശമായ മനുഷ്യന്റെ ജീവിതത്തെയാണ്. ഒരിക്കൽ അമേരിക്കയിൽ ഒരു ഉപഭോക്താവ് കോള കമ്പനി ഉൽപന്നത്തിന്റെ ഗുണമേന്മയെക്കുറിച്ച് കമ്പനിയിൽ പരാതിപ്പെട്ടപ്പോൾ പരാതി ന്യായമാണെന്ന് കണ്ട കമ്പനി മേധാവികൾ ഉടനടി ഇരുചെവിയറിയാതെ ഒരു പരിഹാരം കണ്ടെത്തി. അടുത്ത ഒരു വർഷത്തേയ്ക്ക് കമ്പനിയുടെ എല്ലാ ശീതളപാനീയങ്ങളും ഉപഭോക്താവിന് സൗജന്യമായി നൽകുക. തങ്ങളുടെ വ്യവസായ നേട്ടത്തിനിടയിൽ ജലചൂഷണത്തെ ഒരു വിനോദമായി കാണാനും പരിസ്ഥിതി സംരക്ഷകരെ ശത്രുക്കളായി കാണാനുമാണ് ഇത്തരം കമ്പനികൾക്ക് താല്പര്യം. BOD (Bio-Chemical Ozygen Demand), COD (Chemical Oxygen Demand) എന്നീ രണ്ടു മാർഗങ്ങളാണ് ജലത്തിലെ മലിനീകരണം അളക്കാനായി ഉപയോഗിക്കുന്നത്. D.D.T, മെർക്കുറി, ലെഡ്, കാഡ്മിയം എന്നിവയുടെ സാന്നിദ്ധ്യവും ആൽഗകളുടെ (പ്രത്യേകിച്ചും Blue green ആൽഗകളുടെ) സാന്നിധ്യവും ജലമലിനീകരണത്തെ രൂക്ഷമാക്കുന്നു.

വർഷത്തിൽ ശരാശി 3,107 മില്ലിലിറ്റർ, ഇത് ദേശീയ ശരാശരിയായ 1,197 നേക്കാൾ കൂടുതലായിരിക്കേ അതിവൃഷ്ടി പ്രദേശങ്ങളിലും സമശീതോഷ്ണ മേഖലകളിലും ഉഷ്ണമേഖലാവനങ്ങളിലും ലഭിക്കുന്ന ജലം അതേപടി സംരക്ഷിക്കാനോ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്താനോ നമുക്ക് കഴിയുന്നുണ്ടോ എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരം ഇല്ല. 44 പുഴകളും അതിനേക്കാൾ കൂടുതൽ തോടുകളും അരുവികളും നീരുറവകളും ഉണ്ടെന്ന ഭൂമിശാസ്ത്രക്കണക്കുകളിൽ അഹങ്കരിക്കുമ്പോൾ അവയുടെ ഇന്നത്തെ അവസ്ഥയും നാം പഠനവിഷയമാക്കേണ്ടതുണ്ട്. ചാലിയാർ മരിച്ചുകഴിഞ്ഞു. പെരിയാറും നിളയും മരിച്ചുകൊണ്ടേയിരിക്കുന്നു. പമ്പയും അച്ചൻകോവിലാറും മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു. കാവേരി നദീജലതർക്കത്തിനൊടുവിൽ കേരളത്തിന്റെ വിഹിതമെന്ന നിലയ്ക്ക് കബനി നദിയിലേയ്ക്ക് ഒഴുകിയെത്തുന്ന 30tmc വെള്ളംപോലും ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാൽ അഞ്ച് ജില്ലകൾ വെള്ളത്തിനടിയിലാകുമെന്നോർത്ത് പരിഭ്രമപ്പെടാറുണ്ടെങ്കിലും ജലസംരക്ഷണമെന്നു കേട്ടാൽ അത് പരിസ്ഥിതിപ്രവർത്തകർക്കും ഗവൺമെന്റിനുമുള്ള ചുമതലയല്ലേയെന്ന് ഗീർവാണം അടിക്കുന്നവരാണ് നമ്മളിലേറെയും. കവിഭാവനയിൽ മാത്രമേ കാനനച്ചോലകളും കളകളാരവം പൊഴിക്കുന്ന അരുവികളും കാണാൻ കഴിയൂ. ആകെയുള്ള ജലത്തിന്റെ 69% ഉപയോഗിച്ച് നടത്തുന്ന ജലവൈദ്യുതി ഉൽപ്പാദനം പോലും പ്രതിസന്ധിയിലായിരിക്കേ, ശുദ്ധജല ലഭ്യത ഒരു കിട്ടാക്കനിയായിരിക്കേ മൂന്നാം ലോകരാജ്യങ്ങളിൽ ജലമാനേജ്മെന്റിനേറെ പ്രസക്തിയുണ്ടിന്ന്.

കുന്തിപ്പുഴയും സൈലന്റ്‌വാലി ദേശീയോദ്യാനവും ഒരു അത്ഭുതമായി ഇന്നും നിലകൊള്ളുന്നു. കഴിഞ്ഞ 50 വർഷത്തിനിടയിൽ ജലമാനേജ്മെന്റ് രംഗത്തു സുപ്രധാനമെന്നു പറയാവുന്ന ദേശീയ ശ്രദ്ധയാകർഷിച്ച പദ്ധതികൾക്കുനേരെ നാം കടുത്ത അലംഭാവമാണ് കാട്ടിയിട്ടുള്ളത്. കേരള സർക്കാരിന്റെ ജലനിധി, തീരപ്രദേശങ്ങളെ ലക്ഷ്യമിട്ടാരംഭിച്ച എന്റെ തീരം ഹരിതതീരം പദ്ധതികൾ, വിദ്യാഭ്യാസവകുപ്പ് കുട്ടികൾക്കിടയിൽ ആരംഭിച്ച നമ്മുടെ മരം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ (NSS) സഹായത്തോടെ നടപ്പിലാക്കിയ നമ്മുടെ മരം തുടങ്ങിയവയും പ്രധാന കാൽവെയ്പുകളാണ്. വികസനത്തോടൊപ്പം പ്രകൃതിയേയും വളർത്തിയെടുക്കുക എന്ന ആശയം നമ്മുടെ വികസന സൂചികകളുടെ അളവുകോലുകളിൽ ഇല്ല. സുസ്ഥിരവികസനം എന്ന ആശയം ടൂറിസം നേട്ടങ്ങൾക്ക് വേണ്ടിയുള്ളതല്ലെന്നതിന് കുമ്പളങ്ങിയെന്ന മാതൃകാ ടൂറിസ്റ്റ് ഗ്രാമം നമുക്ക് മുമ്പിൽ ഒരു ഉദാഹരണമായുണ്ട്.

ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ തുറസായ സ്ഥലങ്ങളിലെ മലമൂത്രവിസർജനം മൂലം അവർ കുടിക്കാനും പാചകാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ജലത്തിലെ E-Coli ബാക്ടീരിയകളുടെ സാന്നിധ്യം ഭീതിദമാംവണ്ണം കൂടുതലാണെന്ന് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മണ്ഡലക്കാലത്ത് ശബരിമലയിൽ വന്നുപോകുന്നവർ (ഇത് കേരള ജനസംഖ്യയേക്കാൾ കൂടുതലാണ്) പമ്പയിൽ സൃഷ്ടിക്കുന്ന ജലമാലിന്യം ഒരു ഭീഷണിയായി നിലകൊള്ളുമ്പോഴാണ് ജലമാനേജ്മെന്റിന്റെ പ്രാധാന്യം ഏറുന്നത്. പ്രകൃതിയുടെ ജലസമ്പത്തിനെ വികസനവുമായി കൂട്ടിയിണക്കുമ്പോഴാണ് ജലമാനേജ്മെന്റ് വിജയിക്കുക. ഒരു എ.സി. നൽകുന്ന തണുപ്പിന് തുല്യമായി ഒരു ആൽ മരത്തിന് തണുപ്പ് പ്രദാനം ചെയ്യാൻ കഴിയുമെന്നും ദശപുത്രോ സമഃവൃക്ഷയെന്ന മൂലമന്ത്രവും കളിമൺ കുടങ്ങളിൽ ജലം തണുപ്പിച്ച് സൂക്ഷിക്കാൻ കഴിയുമെന്നും നമ്മെ പഠിപ്പിച്ച പ്രകൃതിയെ വീണ്ടും മനുഷ്യനോടിണക്കുകയാണ് ജലമാനേജ്മെന്റ് ചെയ്യുന്നത്.

ലേഖകൻ സിറാജ് പത്രത്തിന്റെ റിപ്പോർട്ടറാണ്

ഡിസംബർ 1 ലോക എയ്ഡ്സ് ദിനം

എയ്ഡ്സും യുവാക്കളും

പി.കെ. രാജഗോപാൽ

ആരോഗ്യമുള്ള ജനത ഒരു രാഷ്ട്രത്തിന്റെ സമ്പത്തും പ്രതീക്ഷയുമാണ്. രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ വളരെയേറെ സജീവമായ പങ്കാളിത്തമാണ് യുവാക്കൾക്കുള്ളത്. ഒരു രാഷ്ട്രത്തിലെ ആരോഗ്യമുള്ള ജനത യുവാക്കളാണ് എന്ന കാര്യത്തിൽ സംശയമില്ല. ഒരു രാഷ്ട്രത്തിലെ ജനസംഖ്യയിൽ നല്ലൊരു ശതമാനവും യുവാക്കളായിരിക്കും. ഇന്ത്യൻ ജനസംഖ്യ പരിശോധിക്കുകയാണെങ്കിൽ 40 ശതമാനത്തോളം യുവാക്കളാണ്. വഴിതെറ്റിപ്പോകാൻ ഏറെ സാധ്യതയുള്ള പ്രായമാണ് യുവാക്കളുടേത്. ഇന്ന് ലോകത്ത് HIV ബാധിതരിൽ നല്ലൊരു ശതമാനവും യുവാക്കൾ തന്നെയാണ്. യുവാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവുമൊക്കെ HIV ക്ഷണിച്ചുവരുത്താനിടയാക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഫലമായി വന്ന ഐ.ടി. വിപ്ലവത്തിന്റെ ഫലമായി ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയും വ്യാപിക്കുന്ന അശ്ലീല സന്ദേശങ്ങളും ചിത്രങ്ങളുമൊക്കെ യുവജനതയെ വഴിതെറ്റിക്കാൻ ഇടയാക്കുന്നു. ലൈംഗികതയ്ക്ക് ഏറെ പ്രാധാന്യം നല്കുന്ന അശ്ലീല ചിത്രങ്ങളും മറ്റും യുവാക്കളെ സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധങ്ങളിലേയ്ക്ക് തള്ളിവിടാനിടയാക്കുന്നു. യുവാക്കൾക്കിടയിൽ ലൈംഗിക അരാജകത്വത്തിന് ഇത് വഴിതെളിയിക്കുന്നു. ശരിയായ വിദ്യാഭ്യാസത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും മാർഗ്ഗ നിർദ്ദേശങ്ങളിലൂടെയും യുവജനതയെ നേരായ വഴിക്ക് നയിക്കേണ്ടിയിരിക്കുന്നു. വളരെ ഗുരുതരമായ സ്ഥിതി വിശേഷത്തിലേയ്ക്കാണ് യുവാക്കൾ ഇന്ന് പോയ്ക്കൊണ്ടിരിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

ആരോഗ്യമേഖലയിൽ മാത്രമല്ല സാമൂഹ്യസാമ്പത്തിക മേഖലകളിലൊക്കെ വൻപ്രതിസന്ധി സൃഷ്ടിക്കാൻ HIV വ്യാപനത്തിലൂടെ ഇടയാക്കുന്നു. സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലൂടെയാണ് പ്രധാനമായും HIV ബാധയേൽക്കുന്നത്. കൂടാതെ സ്വവർഗ്ഗ രതിയിലൂടെയും മയക്കുമരുന്ന് കുത്തിവയ്ക്കുന്നതിലൂടെയും HIV ബാധയേൽക്കുന്നു. ലോകത്ത് ഓരോ ആറ് സെക്കന്റുകളിലും പുതിയൊരാൾ വീതം HIV ബാധിതരാകുന്നു എന്ന് ലോകാരോഗ്യ സംഘടന നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. ഇന്ത്യയിൽ ദേശീയ എയ്ഡ്സ് നിയന്ത്രണസംഘടനയുടെ (നാകോ) കണക്കു

കൾ പ്രകാരം 2001 ൽ 3.97 ലക്ഷംപേരിൽ HIV ബാധ കണ്ടെത്തുകയുണ്ടായി. ഇതിൽ 3.31 ലക്ഷം പേരും യുവാക്കളാണ്. 15-49 വയസ് പ്രായത്തിനിടയിലുള്ള ഓരോ ആയിരം പേരിലും 11 പേർക്ക് വീതം HIV ബാധയേൽക്കുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. HIV ബാധ പുതിയതായി ഏൽക്കുന്നവരിൽ 75 ശതമാനം പേരും 30 വയസ്സിൽ താഴെ പ്രായമുള്ള ആരോഗ്യമുള്ള ജനവിഭാഗത്തിൽപ്പെടുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

HIV ബാധിതരുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ 38 ശതമാനം പേരും സ്ത്രീകളാണ് എന്ന് കാണാം. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിലാണ് HIV ബാധിതർ കൂടുതലായി കാണപ്പെടുന്നത്. ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളായ മുംബൈ, ചെന്നൈ, എന്നീ നഗരങ്ങളൊക്കെ HIV ഭീഷണി നേരിടുന്നു എന്നത് ആശങ്കയുളവാക്കുന്ന ഒന്നാണ്. ഇന്ത്യയിൽ ആന്ധ്രാപ്രദേശാണ് വളരെ വേഗത്തിൽ HIV വ്യാപിക്കുന്ന സംസ്ഥാനം. 52 ലക്ഷമായിരുന്നു ഔദ്യോഗികമായി ഇന്ത്യയിൽ HIV വാഹകരുടെ എണ്ണം. എന്നാൽ ശക്തമായ ബോധവൽക്കരണത്തിലൂടെ കാര്യമായ കുറവ് HIV വ്യാപനത്തിലുണ്ടാകുന്നു എന്ന് ലോകാരോഗ്യ സംഘടന പോലും സമ്മതിച്ചിട്ടുണ്ട്.

ലോകത്ത് 15-24 പ്രായത്തിനിടയിൽ 11.8 ദശലക്ഷം യുവാക്കളാണ് HIV ബാധിതരായിട്ടുള്ളത്. ഓരോ ദിവസവും ആറായിരത്തോളം യുവാക്കളാണ് പുതിയതായി HIV വാഹകരായി മാറിക്കൊണ്ടിരിക്കുന്നത്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കിടയിൽ HIV വ്യാപനം കുറവാണെന്ന് കാണാം. HIV വാഹകരായ സ്ത്രീകളിൽ നല്ലൊരു ശതമാനം പേർക്കും സ്വന്തം ജീവിതപങ്കാളിയിൽ നിന്നുമാണ് HIV ബാധയേറ്റിട്ടുള്ളത് എന്നത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. സെക്സ് ടൂറിസം, വ്യാവസായികാടിസ്ഥാനത്തിലുള്ള രക്ത ബാങ്കുകളുടെ പ്രവർത്തനം, അണുവിമുക്തമാക്കാത്ത സിറിഞ്ചുകളുടെ ഉപയോഗം എന്നീ ഘടകങ്ങൾ HIV ക്ഷണിച്ചുവരുത്തുന്നു. യുവതലമുറയെ രക്ഷിക്കാനായി നമ്മുടെ നാട്ടിലെ കലാലയങ്ങളെയും കലാശാലകളെയുമൊക്കെ ലഹരി വിമുക്തമാക്കേണ്ടിയിരിക്കുന്നു. മദ്യവും മയക്കു മരുന്നും യുവാക്കളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാൻ ഇടയാക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർ സുരക്ഷിതമല്ലാത്ത ലൈംഗികബന്ധങ്ങളിൽ ഏർപ്പെടുകയും അതുവഴി HIV ബാധ ഏൽക്കാൻ ഇടയാകുകയും ചെയ്യുന്നു. മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ അപകടകാരിയാകുന്നത് മയക്കുമരുന്നല്ല അണുവിമുക്തമാക്കാത്ത സൂചികളും സിറിഞ്ചുമാണ്. നമ്മുടെ ജയിലുകളിൽപ്പോലും മയക്കുമരുന്നുകളുടെ ഉപയോഗഫലമായി HIV ബാധയേറ്റതായ വാർത്തകൾ നാം ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ മണിപ്പൂരിലും, മിസോറാമിലും, നാഗാലാന്റിലുമൊക്കെ HIV വ്യാപിക്കുന്നതിൽ നല്ലൊരു ശതമാനവും മയക്കുമരുന്ന് കുത്തിവയ്ക്കുന്നതിലൂടെയാണ്. (Injection drug users IDU) ഇതിൽ നല്ലൊരു ശതമാനവും 35 വയസ്സിൽ താഴെ പ്രായമുള്ള യുവാക്കളാണ്. മണിപ്പൂരിൽ മാത്രം മയക്കുമരുന്നിന് അടിമകളായവരുടെ എണ്ണം 25,000 വരും. കേരളത്തിൽ പതിനായിരത്തിലധികം പേരാണ് മയക്കുമരുന്നിന് അടിമകളായിട്ടുള്ളത്. യുവതലമുറയെ മയക്കുമരുന്നിൽ നിന്നും മോചിപ്പിക്കേണ്ടത് HIV വ്യാപനം തടയാൻ അനിവാര്യമാണ്.

വഴിതെറ്റിപ്പോകാൻ ഏറെ സാധ്യതയുള്ള പ്രായമാണ് യുവാക്കളുടേത്. ഇന്ന് ലോകത്ത് HIV ബാധിതരിൽ നല്ലൊരു ശതമാനവും യുവാക്കൾ തന്നെയാണ്. യുവാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവുമൊക്കെ HIV ക്ഷണിച്ചു വരുത്താനിടയാക്കുന്നു.

ലോകത്ത് HIV ബാധിതരുടെ എണ്ണം ക്രമാതീതമായി കുറയുമ്പോഴും സ്വവർഗ്ഗ പ്രേമികളായ പുരുഷന്മാർക്കിടയിൽ HIV ബാധ ഭയാനകമാംവിധം കൂടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. സാധാരണക്കാരെ അപേക്ഷിച്ച് സ്വവർഗ്ഗ പ്രേമികളായ പുരുഷന്മാർക്ക് HIV ബാധയേൽക്കാനുള്ള സാധ്യത ശരാശരി 10 ശതമാനമാണെങ്കിലും ചില രാഷ്ട്രങ്ങളിൽ അത് 100 ശതമാനം വരെ കൂടാൻ സാധ്യതയുണ്ട്. കേരളത്തിലും സ്വവർഗ്ഗ പ്രേമികളായ പുരുഷന്മാർ (MSM) ഒരു ഭീഷണിയായി മാറികഴിഞ്ഞു. കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കണക്കുകൾ പ്രകാരം കേരളത്തിൽ സ്വവർഗ്ഗ രതിക്കാരുടെ എണ്ണം ആറായിരത്തോളമാണ്.

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ലോകത്ത് HIV ബാധിതരുടെ എണ്ണം പോയവർഷം 395 ലക്ഷമായിരുന്നത് 2007ൽ 332 ലക്ഷമായി കുറഞ്ഞു. 2007 ൽ മാത്രം 25 ലക്ഷം പേർക്ക് HIV ബാധയുണ്ടായി. 21 ലക്ഷം പേർ AIDS മൂലം 2007 ൽ മരിച്ചതായും ലോകാരോഗ്യസംഘടന വ്യക്തമാക്കുന്നു. ഇന്ത്യയിൽ HIV ബാധിതരുടെ എണ്ണം കുറഞ്ഞുവരുന്നതായും ലോകാരോഗ്യസംഘടന വ്യക്തമാകക്കുന്നു. ഇപ്പോൾ ലോകത്ത് ഒരു ദിവസം 6800പേർക്ക് പുതുതായി HIV ബാധയേൽക്കുന്നു എന്ന് പഠനങ്ങൾ സൂചന നൽകുന്നു.

ബോധവൽക്കരണം ഏക പോംവഴി

എല്ലാവർഷവും ഡിസംബർ 1 ന് നാം ലോക എയ്ഡ്സ് ദിനമായി ആചരിക്കുകയും സെമിനാറുകളും ബോധവൽക്കരണ പരിപാടികളും റാലികളുമൊക്കെ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ബോധവൽക്കരണത്തിന്റെ ഭാഗമായി പല മുദ്രാവാക്യങ്ങളും ഉയർത്തികാട്ടാറുണ്ട്.

എയ്ഡ്സിനെ ഇല്ലാതാക്കാൻ എയ്ഡ്സിനെ അറിയുക
(Know Aids for No Aids)

പങ്കാളിയോട് വിശ്വസ്തത പുലർത്തുക

ഒരെയൊരു ജീവിതം ഒരെയൊരു പങ്കാളി
(One life one partner)

എയ്ഡ്സിനെ തടയൂ വാഗ്ദാനങ്ങൾ പാലിക്കൂ
(Stop aids keep the promise)

തുടങ്ങിയവ ഇതിൽപ്പെടുന്നു. ചുവന്ന നാട (Red Ribbon) പ്രതീകാത്മകമായി Aids ബോധവൽക്കരണത്തിനായി ഉപയോഗിക്കുന്നു. ബോധവൽക്കരണ സന്ദേശങ്ങൾ നമ്മുടെ കലാലയങ്ങളിലും കലാശാലകളിലും എത്തിക്കേണ്ടത് അനിവാര്യമാണ്. സ്ക്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നല്കാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. യുവജനങ്ങൾക്കിടയിൽ ശരിയായ ബോധവൽക്കരണത്തിനായി HIV ബാധിതരുടെ കൂട്ടായ്മയും അനിവാര്യമാണ്. രാഷ്ട്രത്തിന്റെ ഭാവി യുവതലമുറയിലാണ് എന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് യുവാക്ക ൾക്ക് പുതിയൊരു ദിശാബോധം നല്കാനായി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. യുവജനസംഘടനകൾക്കും സർക്കാർ വകുപ്പുകൾക്കും സംഘടിതമായി ബോധവൽക്കരണം നടത്താൻ കഴിഞ്ഞാൽ ഇന്ത്യയെ HIV വിമുക്തമാക്കാനുള്ള ശ്രമം വിജയത്തിലെത്തിക്കാൻ ഒരു പരിധിവരെ സഹായകമാകും.

ലേഖകൻ എൻ.എസ്.എസ്. കോളേജിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകനാണ്

സംസ്ഥാനത്ത് 55,167 എച്ച്,ഐ.വി അണുബാധിതർ

കേരളത്തിൽ എച്ച്.ഐ.വി അണുബാധിതരായി 55,167 പേർ ഉണ്ടെന്നു സർവ്വേയിൽ കണ്ടെത്തി. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ പുറത്തുവിട്ട 2007 ലെ കണക്കുപ്രകാരമാണിത്. ഇന്ത്യയിലൊട്ടാകെ 2.31 ദശലക്ഷം എച്ച്.ഐ.വി അണുബാധിതരുണ്ടെന്നാണ് പുതിയ കണക്ക്. മുതിർന്നവർക്കിടയിൽ കേരളത്തിൽ 0.26 ശതമാനമാണ് എച്ച്.ഐ.വി അണുബാധ. രാജ്യത്തൊട്ടാകെ ഇത് 0.34 ശതമാനമാണ്. പഴയരീതി അനുസരിച്ച് 2006 ൽ കേരളത്തിൽ 0.13 ശതമാനം മാത്രമാണ് എച്ച്.ഐ.വി അണുബാധയെന്നായിരുന്നു കണക്ക്. എന്നാൽ പുതുക്കിയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് 2006 ലെ സർവ്വേ ഫലം വിലയിരുത്തിയപ്പോൾ അണുബാധാ സാന്ദ്രത 0.30 ശതമാനമായി മാറി. 2007 ൽ 0.26 ശതമാനമാണ് എച്ച്.ഐ.വി അണുബാധാ സാന്ദ്രത. സംസ്ഥാനത്തെ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ എച്ച്.ഐ.വി. സാന്ദ്രതാ നിരക്ക്, സംസ്ഥാനത്തിന്റെ ജനസംഖ്യാപരവും ആരോഗ്യ സാന്ദ്രതാപരവുമായ മാനദണ്ഡങ്ങൾ, എച്ച്.ഐ.വി. അണുബാധ സാന്ദ്രതയുടെ ഏറ്റക്കുറച്ചിലുകൾ, എച്ച്.ഐ.വി അണുബാധയേൽക്കുന്ന പ്രായത്തിന്റെ വ്യത്യാസം, എച്ച്.ഐ.വി അണുബാധിതർക്കിടയിലെ പ്രത്യുത്പാദന ക്ഷമതാ നിരക്കിലെ കുറവ് എന്നിവ കൂടി കണക്കിലെടുത്തായിരുന്നു സർവ്വേ. 2007 ഒക്ടോബർ മുതൽ 2008 ജനുവരി വരെയുള്ള കാലയളവിൽ നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ 26 കേന്ദ്രങ്ങളിൽ നിന്നുള്ള രക്തസാമ്പിളുകളാണ് പരിശോധിച്ചത്. അണുബാധയ്ക്കു സാധ്യത കൂടുതലുള്ള വിഭാഗങ്ങളിൽ, മയക്കുമരുന്നു കുത്തിവയ്ക്കുന്നവർക്കിടയിലൊഴികെ മറ്റു വിഭാഗങ്ങളിലെല്ലാം അണുബാധ നിരക്ക് വളരെ കുറവാണ്. മയക്കുമരുന്ന് കുത്തിവെയ്ക്കുന്നവർക്കിടയിൽ അണുബാധിതർ 7.96 ശതമാനമാണ്. ട്രക്ക് ഡ്രൈവർമാർക്കിടയിൽ ഒരു കേന്ദ്രത്തിൽ മാത്രം നടത്തിയ പരിശോധനയിൽ 3.60 ശതമാനമാണ് അണുബാധാനിരക്ക്. സ്വവർഗ്ഗ രതിക്കാരായ പുരുഷന്മാർക്കിടയിൽ 1.20 ശതമാനവും സ്ത്രീലൈംഗിക ത്തൊഴിലാളികൾക്കിടയിൽ 0.40 ശതമാനവും ആണ്. അണുബാധാ സാധ്യത കുറഞ്ഞ വിഭാഗങ്ങൾക്കിടയിൽ വളരെ കുറഞ്ഞ നിരക്കിൽ മാത്രമേ എച്ച്.ഐ.വി അണുബാധയുള്ളൂ. ഗർഭിണികൾക്കിടയിൽ 0.38 ശതമാനം മാത്രമാണ് അണുബാധിതർ. ജനനേന്ദ്രിയ രോഗ നിവാരണ കേന്ദ്രങ്ങളിൽ നിന്നുള്ള പരിശോധനയിൽ 1.60 ശതമാനം പേർക്ക് അണുബാധ കണ്ടെത്തി. യഥാർത്ഥത്തിൽ കേരളത്തിൽ എച്ച്.ഐ.വി അണുബാധാ സാന്ദ്രതയിൽ കാര്യമായ വ്യതിയാനം ഉണ്ടായതായി സൂചനയില്ല.

കരകുളം മുന്നേറ്റത്തിന്റെ പാതയിൽ

എസ്. രമേഷ്

അധികാരവികേന്ദ്രീകരണ പ്രക്രിയയും ആസൂത്രണ വികേന്ദ്രീകരണ സാധ്യതയും ഏകോപിപ്പിച്ച് വികസന ഭരണക്ഷേമ നടപടികൾ പ്രാവർത്തികമാക്കുന്നതിൽ ബദ്ധശ്രദ്ധമാണ് കരകുളം ഗ്രാമപഞ്ചായത്ത്. 1953 ൽ തദ്ദേശഭരണ പഞ്ചായത്തിന്റെ രൂപീകരണ ഘട്ടം മുതൽ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ നേതൃത്വവും ബഹുജനമുൻകൈയും ഏകോപിപ്പിച്ച് ഒട്ടേറെ വികസന നേട്ടങ്ങൾ കൈവരിച്ച ചരിത്രമാണ് കരകുളം ഗ്രാമപഞ്ചായത്തിനുള്ളത്.

കാർഷികപ്രധാനമായ സമ്പദ്ഘടനയ്ക്ക് മുൻതൂക്കമുള്ളപ്പോഴും നഗരപ്രാന്ത സമൂഹത്തിന്റെ സവിശേഷതകൾ ഏറെ പ്രകടമാകുന്നവരാണ് കരകുളത്തെ ജനങ്ങൾ. ഉപജീവനത്തിലും ഉപഭോഗത്തിലും ഇതിന്റെ പ്രകടമായ നേട്ടകോട്ടങ്ങൾ കാണാം. അതിദ്രുതം വ്യാപിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ സ്വാധീനവും ഏറിവരുന്നതായി കാണാം. എന്നാൽ കൃഷിക്കാരും തൊഴിലാളികളും ഉൾപ്പെടുന്ന അടിസ്ഥാനവിഭാഗങ്ങളെ മുൻനിർത്തി സമഗ്രവും സുസ്ഥിരവുമായ വികസന പരിശ്രമമാണ് ഇക്കാലമത്രയും കരകുളത്തു നടത്തിയിട്ടുള്ളത്.

1995 ന് ശേഷം ത്രിതല പഞ്ചായത്തീ രാജ് സംവിധാനം നിലവിൽ വന്നതോടെ കേന്ദ്ര-സംസ്ഥാന വിഭവ വിഹിതവും പഞ്ചായത്തിന്റെ തനതു വരുമാന സാദ്ധ്യതയും ഏകോപിപ്പിച്ച് കരകുളം, വട്ടപ്പാറ വില്ലേജുകളിലായി 9 ചെറുനീർത്തടമേഖലകൾ ഉൾപ്പെടുന്ന ഭൂപ്രദേശത്തിന്റെ സമഗ്രവികസനത്തിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. കഴിഞ്ഞ ഒരു വ്യാഴവട്ടത്തിനിടയിൽ ജനകീയ സന്നദ്ധ സാമൂഹ്യ പങ്കാളിത്തം ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങൾ എണ്ണമറ്റതാണ്. വിഭവഭൂപട നിർമ്മാണം, ഹരിതമിത്രം പദ്ധതി, സ്വയംസഹായസംഘങ്ങൾ, ഓപ്പറേഷൻ ഒളിമ്പ്യാഡ്, കലാഗ്രാമം, നീർത്തട-സ്ഥല മാനേജ്മെന്റ് പദ്ധതി തുടങ്ങിയവയെല്ലാം

ഇക്കൂട്ടത്തിൽ സവിശേഷ പ്രാധാന്യമുള്ളവയാണ്.

ഭരണകാര്യക്ഷമത, സുതാര്യത, പൗരാവകാശരേഖ, തദ്ദേശസ്വയംഭരണ ഉത്തരവ്, അറിയാനുള്ള അവകാശം ജനോന്മുഖമാക്കൽ, സ്ഥാപന സേവന ഗുണമേന്മ പ്രക്രിയ, പരാതിപരിഹാരസമിതി, തർക്കപരിഹാര സമിതി, ജാഗ്രതാസമിതി, സാമൂഹ്യ ആഡിറ്റ് നടപടി എന്നിവ ഉൾപ്പെടെ സേവന പ്രദാന സത്ഭരണ രംഗങ്ങളിൽ നടപ്പാക്കിയ ഉദ്യമങ്ങൾ സംസ്ഥാനത്തു മാത്രമല്ല ദേശീയതലത്തിൽ തന്നെ മാതൃകാപരമായി ഇന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഭരണ നേതൃത്വരംഗത്തും സ്വയംശാക്തീകരണ-ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങളിലും വനിതകളുടെ വമ്പിച്ച മുന്നേറ്റവും പങ്കാളിത്തവും ഉണ്ടായി. മികവുറ്റ കുടുംബശ്രീ യൂണിറ്റ്/എ.ഡി.എസ്/ സി.ഡി.എസ് പ്രവർത്തനവും കരകുളത്തിന്റെ സവിശേഷതകളായിമാറി.

സത്ഭരണ പ്രക്രിയയിൽ "കരകുളം മാതൃക" ഇന്ന് വ്യവസ്ഥാപിതമായികഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം കരകുളത്തെ ജനങ്ങൾ കൂട്ടായി നടത്തിയ ഇടപെടലുകളുടെ ഫലമായാണ് മികച്ച പഞ്ചായത്തിനുള്ള സ്വരാജ്ട്രോഫി 1997 ലും 2006ലും കരകുളം ഗ്രാമപഞ്ചായത്ത് നേടിയത്. ശുചിത്വം, ആരോഗ്യം, രോഗപ്രതിരോധം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളുടെ മികവിന്റെ പ്രതിഫലനമായി 2007 ൽ കേന്ദ്രസർക്കാരിന്റെ "നിർമ്മൽ പുരസ്ക്കാരവും" കരകുളത്തിന് ലഭിച്ചു.

ഭരണകാര്യക്ഷമത
സുതാര്യത
പൗരാവകാശരേഖ
തദ്ദേശസ്വയംഭരണ ഉത്തരവ്
അറിയാനുള്ള അവകാശം
ജനോന്മുഖമാക്കൽ
സ്ഥാപന സേവന ഗുണമേന്മ പ്രക്രിയ
പരാതിപരിഹാരസമിതി
തർക്കപരിഹാര സമിതി
ജാഗ്രതാസമിതി
സാമൂഹ്യ ആഡിറ്റ് നടപടി
എന്നിവ ഉൾപ്പെടെ സേവന പ്രദാന
സത്ഭരണ രംഗങ്ങളിൽ നടപ്പാക്കിയ
ഉദ്യമങ്ങൾ സംസ്ഥാനത്തു മാത്രമല്ല
ദേശീയതലത്തിൽ തന്നെ മാതൃകാപരമായി
ഇന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞു.

കുടുംബശ്രീ പ്രവർത്തനങ്ങളുടെ അംഗീകാരമായി "കുടുംബശ്രീ എസ്3' അവാർഡും 2007 ൽ കരകുളത്തെ തേടിയെത്തി.

ഈ മുന്നേറ്റങ്ങളുടെ പാതയിൽ ഒരു നാഴികക്കല്ലാണ് ഇപ്പോൾ ഉദ്ഘാടനം ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്താഫീസ് മന്ദിരം. ചെലവ് കുറഞ്ഞതും തദ്ദേശീയവുമായ നിർമ്മാണ സാങ്കേതികവിദ്യ ഉപയോഗിച്ച് കോസ്റ്റ് ഫോർഡ് ആണ് കെട്ടിട സമുച്ചയ നിർമ്മാണം പൂർത്തിയാക്കിയത്. ഗ്രാമപഞ്ചായത്താഫീസിനു പുറമേ, ഗ്രാമവികസന വിഭാഗം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, സംയോജിത ശിശുവികസന വിഭാഗം (ഐ.സി.ഡി.എസ്.), ആരോഗ്യ വിഭാഗം (ഹെൽത്ത് ഇൻസ്പെക്ടർ), ദേശീയ തൊഴിലുറപ്പ് പദ്ധതിവിഭാഗം, പഞ്ചായത്ത് ലൈബ്രറി, കുടുംബശ്രീ സി.ഡി.എസ്. ഓഫീസ്, കുടുംബശ്രീ ക്യാന്റീൻ തുടങ്ങിയവയും ഈ മന്ദിരത്തിൽ പ്രവർത്തിക്കുന്നു. മികച്ച സംവിധാനങ്ങളോടെയുള്ള പഞ്ചായത്ത് കോൺഫറൻസ് ഹാൾ, വിവരാവകാശ സേവന ലഭ്യതാകൗണ്ടർ, പൊതുജനങ്ങൾക്കും സന്ദർശകർക്കും പരാതിക്കാർക്കും അപേക്ഷകർക്കും ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ, പ്രാഥമിക ശുചിത്വ സംവിധാനം എന്നിവയും വിവരസാങ്കേതിക സൗകര്യങ്ങൾ എന്നിവയെല്ലാം പുതുക്കിപ്പണിത ഓഫീസ് മന്ദിരത്തിൽ സജ്ജീകരിച്ചിരിക്കുന്നു.

കരകുളം ഗ്രാമപഞ്ചായത്ത് ആഫീസ് മന്ദിരം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, മാങ്ങോട് രാധാകൃഷ്ണൻ എം.എൽ.എ, പ്രസിഡന്റ് ആർ. പ്രീത തുടങ്ങിയവർ സമീപം.

എല്ലാറ്റിനുമുപരി പഞ്ചായത്തിന്റെ ദൈനംദിന വരവ് ചെലവുകൾ, വാർഷിക പദ്ധതി തയ്യാറാക്കലും നിർവ്വഹണവും സംബന്ധിച്ച അക്കൗണ്ടുകൾ, ജനന/മരണ/വിവാഹ രജിസ്ട്രേഷൻ നികുതികളും ഫീസുകളും ഒടുക്കുന്നതിനുള്ള സംവിധാനം, കെട്ടിട നിർമ്മാണ പെർമിറ്റ്, ട്രേഡേഴ്സ് ലൈസൻസ് എന്നിവ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇതര സേവനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പു സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതാണ്.

1953-ൽ പഞ്ചായത്ത് രൂപീകൃത കാലം മുതൽക്കുള്ള ചരിത്രരേഖകളും പഞ്ചായത്ത് നാളിതുവരെ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും ഇക്കൊല്ലം നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളും ഡോക്കുമെന്റേഷൻ നടത്തുവാൻ ''സത്ഭരണം-ആഡിയോവിഷ്വൽ ഡോക്കുമെന്റേഷൻ'' എന്ന പദ്ധതി ഇക്കൊല്ലം നടപ്പിലാക്കുന്നതോടുകൂടി കരകുളം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഡോക്കുമെന്റേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കരകുളം ഗ്രാമപഞ്ചായത്ത് സന്ദർശിക്കുവാനും ഗവേഷണ പഠനങ്ങൾ നടത്തുവാനും, "പഞ്ചായത്തു ടു പഞ്ചായത്ത്" പ്രോഗ്രാമിന്റെ ഭാഗമായി വന്നെത്തുന്ന വിദേശീയരും തദ്ദേശീയരുമായ സന്ദർശകർക്ക് പ്രസ്തുത ഡോക്കുമെന്റേഷൻ ഒരു വഴികാട്ടിയാവും. പ്രസ്തുത പദ്ധതിയും മറ്റൊരു "കരകുളം മാതൃക" യായി മാറും.

ലേഖകൻ
ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ശ്രീകാര്യം ഗ്രാമപഞ്ചായത്ത് മുന്നിൽ

കെ. ശൈലജാ ദേവി

തിരുവനന്തപുരം നഗരാതിർത്തിയോട് ചേർന്ന് കിടക്കുന്ന ശ്രീകാര്യം ഗ്രാമപഞ്ചായത്ത് വികസന പ്രവർത്തനങ്ങളിൽ എപ്പോഴും മുമ്പിലാണ്. ശ്രീകാര്യം ജംഗ്ഷൻ തന്നെ ഒരു പട്ടണത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. ശ്രീകാര്യം ജംഗ്ഷനടുത്തുള്ള മാർക്കറ്റിൽ രാത്രി ലൈറ്റുകൾ അണയാറില്ല. ഇവിടെ പവർകട്ട് ബാധകമല്ലേയെന്ന് ചോദിച്ചേയ്ക്കാം. കാരണമെന്തന്നല്ലേ? ശ്രീകാര്യം മാർക്കറ്റിലെ ചപ്പുചവറുകൾ കൊണ്ട് ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ളാന്റ് വെളിച്ചവും വളവും നൽകുന്നു. ഈ പ്ളാന്റ് നിർമ്മിച്ച് പ്രവർത്തനം നടത്തുന്നതിന്റെ അംഗീകാരമായി ശ്രീകാര്യം പഞ്ചായത്തിന് അവാർഡ് ലഭിച്ച കാര്യം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

ഇന്ത്യയുടെ സാമൂഹ്യസാമ്പത്തിക മേഖലകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വിഭാവനം ചെയ്തുകൊണ്ട് രൂപീകൃതമായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യത്തിലും ശ്രീകാര്യം ഗ്രാമപഞ്ചായത്ത് മുമ്പിൽ തന്നെ. സംസ്ഥാനത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ശ്രീകാര്യം പഞ്ചായത്ത് വളരെ ചുരുങ്ങിയ സമയം കൊണ്ട് മുന്നിലെത്തിയതായി കാണാം. പഞ്ചായത്തിൽ 22 വാർഡുകളുണ്ട്. ശ്രീകാര്യം ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം 2008 ജൂൺ 23ന് തുടങ്ങി. സെപ്റ്റംബർ 15വരെ 2130 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കൂലി ഇനത്തിൽ മൊത്തം 129015 രൂപ വിതരണം ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2621 കുടുംബങ്ങൾ രജിസ്റ്റർ ചെയ് തു. ഇതിൽ 1785 പേർ വനിതകളാണ്. 35 ജോലികൾക്ക് എസ്റ്റിമേറ്റ് എടുത്തു. സാങ്കേതിക അനുമതി 24 എണ്ണത്തിന് നൽകി. പ്രസിഡന്റ് അടക്കമുള്ള മെമ്പർമാർ തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അരയും തലയും മുറുക്കി പ്രവർത്തിക്കുന്നു.

തൊഴിൽ ചെയ്യുന്ന പാവപ്പെട്ടവന്റെ വേതനം ഇടത്തട്ടില്ലാതെ ലഭ്യമാകുന്നുവെന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്. തലസ്ഥാനനഗരിയുടെ ശിരോഭാഗത്തിനടുത്തുള്ള ഈ പഞ്ചായത്തിൽ കൂടുതലും അഭ്യസ്തവിദ്യരാണ്. എഴുതുവാനും വായിക്കാനും നന്നായി അറിവുള്ളവരാണധികവും. ചെറുതോടുകളും കുളങ്ങളും കുന്നിൻ ചരിവുകളും കൊണ്ട് അനുഗ്രഹീതമാണീ ഗ്രാമപഞ്ചായത്ത്. ചെറുകാടുകൾ കൊണ്ട് നീരൊഴുക്ക് വഴിമുട്ടിയ തോടുകളിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഫലമായി നിർലോഭമായി വെള്ളം ഒഴുകുന്ന ഇപ്പോഴത്തെ കാഴ്ച ആരെയും ആനന്ദഭരിതരാക്കും. ബഹുഭൂരിപക്ഷം വീട്ടമ്മമാരും മൺവെട്ടിയും കൂന്താലിയുമേന്തി പണിചെയ്യുന്ന കാഴ്ച തൊഴിലുറപ്പ് പദ്ധതിയുടെ ഇവിടുത്തെ പ്രത്യേകതകളിലൊന്നാണ്.

എ.ഡി.എസ്, സി.ഡി.എസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള അംഗങ്ങളെല്ലാം ഈ പദ്ധതി നടപ്പിലാക്കി പരിപൂർണ വിജയത്തിലെത്തിക്കാൻ അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ച് സമയം കൊണ്ട് ഇത്രയും ജോലികൾ വിജയകരമായി ചെയ്യാൻ ശ്രീകാര്യം ഗ്രാമപഞ്ചായത്തിന് കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഒത്തൊരുമയായി പ്രവർത്തിക്കുന്നത് കൊണ്ടാണി വിജയം. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സംവരാതെ ഒരു ജനകീയ പദ്ധതിയായ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തുന്നതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്തോഷമേയുള്ളൂ.

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലുണ്ടായ രസകരമായൊരു സംഭവം വിവരിക്കട്ടെ. ഒരു വാർഡിൽ എല്ലാവർക്കും തൊഴിൽ വേണം. സ്ത്രീകൾ മുൻപന്തിയിൽ. 125 രൂപ വേതനം കിട്ടണം. രാവിലെ 9.30 മണിക്ക് ജോലിക്ക് വരും. ഉച്ചയ്ക്ക് 2.30ന് അവസാനിപ്പിക്കും. ചെയ്ത ജോലിയുടെ കണക്കെടുക്കുമ്പോൾ 125 രൂപ കൊടുക്കാനാവില്ല. 15 ദിവസത്തിലൊരിക്കൽ വേതനം ചെക്കായി നല്കണം. 15-ാം ദിവസം വേതനം നല്കിയപ്പോൾ ശരാശരി വേതനം 110 രൂപയ്ക്ക് താഴെ വന്നു. അവരുടെ നെറ്റി ചുളിഞ്ഞു. പ്രശ്നമായി. ഞങ്ങൾക്ക് കുറഞ്ഞത് 125 രൂപ വേണമെന്നവർ ശഠിച്ചു. വിവരമറിഞ്ഞ് ഞാൻ സ്ഥലത്തെത്തി. കാര്യങ്ങൾ അവരെ മനസിലാക്കിക്കൊടുത്തു. നിങ്ങൾ ജോലി ചെയ്താലെ വേതനം കിട്ടൂ. എല്ലാവർക്കും തൊഴിൽ നൽകണമെന്ന നിയമം ജോലി ചെയ്യിച്ചുകൊണ്ടു വേണം നടപ്പാക്കാൻ. അക്കാര്യത്തിൽ വിട്ടുവീഴ്ച ഇല്ലെന്ന് അവരെ ബോധ്യപ്പെടുത്തി. അവരുടെ തെറ്റിദ്ധാരണമാറി. ഇപ്പോൾ കൂടുതൽ സമ യം ജോലി ചെയ്യാൻ എല്ലാവരും തയ്യാറാണ്. ഇടത്തട്ടില്ലാതെ ചെയ്യുന്ന ജോലിക്ക് മാന്യമായ വേതനം സ്ത്രീയായാലും പുരുഷനായാലും ചെക്കായി ലഭിക്കുകയെന്നത് പാവപ്പെട്ട തൊഴിലാളികൾക്ക് സ്വപ്നം കാണാൻ കഴിയാത്ത ഒരവസ്ഥയാണെന്നതിൽ സംശയമില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ശ്രീകാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ. ശൈലജാ ദേവി ചെക്ക് വിതരണം ചെയ്യുന്നു.

ഈ പഞ്ചായത്തിലെ ചെറുകാടുകൾ വെട്ടിമാറ്റി വൃത്തിയാക്കാനും കുളങ്ങൾ മോടി പിടിപ്പിച്ച് മത്സ്യ കൃഷി ചെയ്യാനും തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കാനുമുള്ള പരിപാടികൾക്ക് രൂപം നൽകി വരുന്നു. മത്സ്യകൃഷിക്ക് വമ്പിച്ച സാദ്ധ്യത ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവിടുത്തെ വയലേലകളെല്ലാം നെൽകൃഷി കൊണ്ട് സമൃദ്ധമാക്കാനും അത് വഴി തൊഴിലുറപ്പ് പദ്ധതിയുടെ അലകും പിടിയും ശക്തിപ്പെടുത്താനും പരിപാടിയുണ്ട്.

ലേഖിക ശ്രീകാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

KUDUMBASHREE

സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥ

നാലായിരത്തഞ്ഞൂറ് ഏത്തവാഴകൾ

ചിലമ്പറ ഗ്രാമത്തിന്റെ അഭിമാനമായി ഒരു അയൽക്കൂട്ടം

ജെസി നാരായണൻ

തിരുവനന്തപുരം നഗരത്തിൽനിന്ന് 25 കിലോമീറ്റർ അപ്പുറം തെക്കുഭാഗത്തുള്ള ചെമ്പൂർ എന്ന കുടിയേറ്റഭൂമി മലയോരങ്ങളും താഴ്‌വാരങ്ങളും നിറഞ്ഞ ഒരു സ്വർഗ്ഗഭൂമിതന്നെയാണ്. റബ്ബറും തെങ്ങും കവുങ്ങും മറ്റു ഫലവൃക്ഷങ്ങളും തിങ്ങിനിറഞ്ഞ ഈ പ്രദേശത്തെ കുടിയേറ്റക്കാരിൽ ഏറെയും മദ്ധ്യതിരുവിതാംകൂറുകാരായ ക്രിസ്ത്യൻ കുടുംബങ്ങൾ. കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്ന ഇവിടുത്തെ ഇടത്തരം കുടുംബങ്ങൾ പശുവളർത്തലും നെൽക്കൃഷിയുമൊക്കെയായി ഏറെക്കുറെ സ്വാശ്രയത്വം കൈവരിച്ചവരാണ്.

എന്നാൽ ഇവിടെയും കൃഷിഭൂമിയില്ലാത്ത ദരിദ്രരായ കുടുംബങ്ങൾ ധാരാളമുണ്ട്. കൂലിപ്പണിക്കാരായ ഇവരുടെ കുടുംബങ്ങളിലേറെയും നിത്യദാരിദ്ര്യത്തിലാണ്. അഭ്യസ്തവിദ്യരായ പുതിയ തലമുറക്കാർക്കും പശുവളർത്തലോ റബ്ബർ ടാപ്പിങ്ങോ അല്ലാതെ വേറൊരു തൊഴിൽമേഖലയുമില്ല. കുടുംബശ്രീ-അയൽക്കൂട്ടത്തിലൂടെ രൂപംകൊണ്ട ചിലമ്പറ 'ഗ്രാമദീപം' എന്ന കാർഷിക സംരംഭത്തിന്റെ വിജയഗാഥയ്ക്ക് ഇവിടെനിന്നാണ് തുടക്കം.

പെരുങ്കടവിള ബ്ലോക്കിൽ ഉൾപ്പെട്ട ആര്യംകോട് പഞ്ചായത്തിലെ ചിലമ്പറ ഗ്രാമത്തിലുള്ള ഏറ്റവും വലിയ വാഴത്തോട്ടങ്ങളിലൊന്നാണ് ഗ്രാമദീപത്തിന്റേത്. പതിനാറ് അംഗങ്ങളുള്ള അയൽക്കൂട്ടത്തിലെ പത്തുപേർ ചേർന്ന് 4500 ഏത്തവാഴകളാണ് അഞ്ച് ഏക്കർ വയലിൽ ഇവർ കൃഷി ചെയ്തിരിക്കുന്നത്. കുലച്ച് പടലകൾ ഇറങ്ങിക്കൊണ്ടിരിക്കുന്ന ഏത്തവാഴയുടെ സമൃദ്ധി ഉള്ളം കുളിർക്കുന്ന കാഴ്ചയാണ്. ഇരുവശത്തും റബ്ബർമരങ്ങൾ ചാഞ്ഞുനിൽക്കുന്ന വയലിൽ രാപകൽ പണിയെടുത്ത് വിളവുണ്ടാക്കുന്ന അയൽക്കൂട്ട വനിതകളുടെ ഹീറോ ശ്രീലേഖയാണ്. മൈക്രോ എന്റർപ്രൈസസ്, സമഗ്ര എന്നീ പ്രോജക്ടുകളിലായി 5.75 ലക്ഷം രൂപ വായ്പയെടുത്ത് പാട്ടക്കൃഷി നടത്തുന്ന ഈ സ്ത്രീകളുടെ വിജയകഥ ആരംഭിക്കുന്നതും ശ്രീലേഖയിൽനിന്നാണ്.

മലയാളസാഹിത്യത്തിൽ ബിരുദം നേടിയ ശ്രീലേഖ എന്ന പെൺകുട്ടി വെള്ളനാടുനിന്ന് ചിലമ്പറയിലെ സി.ആർ. ഹരിയുടെ വധുവായി ഈ ഗ്രാമത്തിൽ കാലുകുത്തുമ്പോൾ അവിടെ തനിക്കു പറ്റിയ ഒരു തൊഴിൽമേഖല കണ്ടെത്താനാവുമെന്ന് നിനച്ചതേയില്ല. എന്നാൽ വീട്ടുജോലിയും കുട്ടികളെ പോറ്റലും മാത്രമായി ശ്രീലേഖയ്ക്ക് ഒതുങ്ങിക്കഴിയേണ്ടി വന്നില്ല. പൊതുപ്രവർത്തകനായ ശ്രീലേഖയുടെ ഭർത്താവ് അവളെ ബാങ്കുകാര്യങ്ങൾക്കും മറ്റും തനിച്ച് പറഞ്ഞയച്ചതോടെ വീടിനുപുറത്തുള്ള ലോകവുമായി ശ്രീലേഖ ഇണങ്ങിത്തുടങ്ങി. അയൽവാസികളായ സ്ത്രീകൾ തങ്ങളുടെ ബാങ്ക്-പഞ്ചായത്ത്-ആശുപത്രി കാര്യങ്ങൾക്കൊക്കെ ശ്രീലേഖയെ സമീപിച്ചുതുടങ്ങിയതോടെ ഒരു പൊതുപ്രവർത്തകയുടെ പ്രസക്തിയെന്തെന്ന് ഈ പെൺകുട്ടി തിരിച്ചറിഞ്ഞു.

തന്റെ ചുറ്റുവട്ടത്തു താമസിക്കുന്ന ദരിദ്രരായ സ്ത്രീകൾക്കുവേണ്ടി ഒരു സ്വയംസഹായസംഘം ആരംഭിക്കാൻ ശ്രീലേഖ മുൻകൈയെടുത്തു. പത്രവാർത്തകൾ സശ്രദ്ധം വായിച്ച് കിട്ടുന്ന വിവരങ്ങളെല്ലാം സൂക്ഷിച്ചുവച്ച് അവൾ പല തൊഴിൽപരിശീലന പരിപാടികളിലും പങ്കെടുത്തുപോന്നു. അയൽവക്കത്തുള്ളവരെയൊക്കെ പങ്കെടുപ്പിക്കാനും ഉൽസാഹം കാട്ടി. കിട്ടിയ വൈദഗ്ദ്ധ്യമനുസരിച്ച് പലതും പരീക്ഷിച്ചുനോക്കുകയും ചെയ്തു. പലഹാരയൂണിറ്റ്, സോപ്പുനിർമ്മാണം....അങ്ങനെ പലതും. പക്ഷേ, ജനസാന്ദ്രത വളരെ കുറഞ്ഞ ചിലമ്പറ പോലുള്ള ഗ്രാമീണമേഖലയിൽ ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കാനാവില്ല എന്ന് ക്രമേണ ഇവർക്ക് മനസ്സിലായി. മുന്നേറാൻ ഒരു മാർഗ്ഗമില്ലാതെ നിന്ന ശ്രീലേഖയുടെയും സംഘത്തിന്റെയും മുന്നിൽ കുടുംബശ്രീയുടെ പദ്ധതികൾ കടന്നുവന്നപ്പോൾ പുതിയൊരു പ്രതീക്ഷ ഇവർക്കിടയിൽ നാമ്പെടുക്കുകയായിരുന്നു.

അയൽക്കൂട്ടത്തിലൂടെ നേടിയെടുക്കാവുന്ന സാധ്യതകളെക്കുറിച്ച് ഗൗരവപൂർവ്വം പഠിച്ച ഇവർ ഒടുവിൽ ഒരു തീരുമാനത്തിലെത്തി. പാട്ടക്കൃഷിയിലൂടെ വരുമാനമുണ്ടാക്കാമെന്നതായിരുന്നു ആ തീരുമാനം. വേനലിലും നീരൊഴുക്കുള്ള തോട് അനുഗ്രഹമായി കിട്ടിയിട്ടുള്ള വയലിന്റെ തീരത്താണ് ഗ്രാമദീപത്തിന്റെ അംഗങ്ങളെല്ലാം താമസിക്കുന്നത്. തങ്ങൾ നിത്യവും കാണുകയും ഇടപഴകുകയും ചെയ്യുന്ന കൃഷി അവർക്കാർക്കും അന്യമല്ല. അതുകൊണ്ടുതന്നെ ആത്മവിശ്വാസത്തിന് ഒരു കുറവുമില്ല. കുടുംബപരമായ പ്രശ്നങ്ങളുള്ള ആറുപേർ വിട്ടുനിന്നപ്പോൾ പത്തുപേർ സധൈര്യം മണ്ണിലേക്കിറങ്ങി. കൃഷി ചതിക്കുമോയെന്ന ആശങ്കയുണ്ടെങ്കിലും എന്തെങ്കിലും ചെയ്യുക എന്ന ചിന്തയിൽ നിന്ന് ഇവർക്ക് പിന്തിരിയാനാവില്ലായിരുന്നു.

വെയിലും മഴയും നോക്കാതെ വയൽ കിളച്ചുമറിച്ച് ഗ്രാമദീപത്തിന്റെ വനിതകൾ വാഴത്തൈകൾ നട്ടത് 2006-ലായിരുന്നു. 1.25 ലക്ഷം രൂപയുടെ സബ്സിഡിയോടുകൂടി 3.75 ലക്ഷം രൂപ ബാങ്കുവായ്പയെടുത്താണ് പാട്ടഭൂമിയും തൈകളും വാങ്ങിയത്. മൂന്നു വർഷത്തേക്ക് 45000/- രൂപയാണ് പാട്ടത്തുക. വെള്ളം കിട്ടുന്ന വയലായതുകൊണ്ട് ഇവിടെ കൃഷി ചെയ്യാൻ പലരും മുന്നോട്ടുവന്നിരുന്നു. മൽസരം മുറുകിയപ്പോൾ പാട്ടത്തുക കൂട്ടിനൽകിയാണ് ആ വയൽ സ്ത്രീകൾ കരസ്ഥമാക്കിയത്. സമഗ്രപദ്ധതിയുടെ ഭാഗമായി നാല് അംഗങ്ങളുടെ പേരിൽ 2 ലക്ഷം രൂപകൂടി കടമെടുത്ത് ഇവർ ഇത്തവണ പാട്ടക്കൃഷി വികസിപ്പിച്ചിരിക്കുകയാണ്. 4500 വാഴകളും കുലച്ചപ്പോഴേക്കും ഒരു ലക്ഷം രൂപ ചെലവായതാണ് കണക്ക്. ചെലവായതിന്റെ രണ്ടിരട്ടിയെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിലാണ് ഗ്രാമദീപക്കാർ.

മലയാളസാഹിത്യത്തിൽ ബിരുദം നേടിയ ശ്രീലേഖ എന്ന പെൺകുട്ടി വെള്ളനാടുനിന്ന് ചിലമ്പറയിലെ സി.ആർ. ഹരിയുടെ വധുവായി ഈ ഗ്രാമത്തിൽ കാലുകുത്തുമ്പോൾ അവിടെ തനിക്കു പറ്റിയ ഒരു തൊഴിൽമേഖല കണ്ടെത്താനാവുമെന്ന് നിനച്ചതേയില്ല. എന്നാൽ വീട്ടുജോലിയും കുട്ടികളെ പോറ്റലും മാത്രമായി ശ്രീലേഖയ്ക്ക് ഒതുങ്ങിക്കഴിയേണ്ടി വന്നില്ല.

ഇതിനകം മൂന്നു വിളവെടുപ്പുകൾ നടത്തി ബാങ്കുവായ്പയുടെ 75 ശതമാനവും അടച്ചുതീർത്ത അയൽക്കൂട്ടം ഇത്തവണത്തെ വിളവെടുപ്പോടെ മുഴുവൻ കടബാധ്യതയും തീർക്കുമെന്ന ഉറച്ച വിശ്വാസത്തിലാണ്. അടുത്ത വിളവിനുശേഷം ഇവർക്ക് പാട്ടനിലം തിരികെ നൽകേണ്ടതുണ്ട്. ഒടുവിലത്തെ വിളയുടെ ലാഭം വീതിച്ചെടുക്കുമ്പോൾ ഒരംഗത്തിന് കുറഞ്ഞത് മുപ്പതിനായിരം രൂപയെങ്കിലും ഫിക്സഡ് ഡിപ്പോസിറ്റായി ബാങ്കിൽ നിക്ഷേപിക്കാൻ കിട്ടും. ഇത് നേടിയെടുക്കുകയാണ് രാപകലില്ലാതെ അദ്ധ്വാനിക്കുന്ന ഈ സ്ത്രീകളുടെ ആത്യന്തിക ലക്ഷ്യം. ഈ തുക കൊണ്ട് സ്വന്തമായി ഒരു ജീവിതമാർഗ്ഗം കണ്ടെത്താനും കഴിയും.

"രാത്രി ഒരു കാറ്റടിച്ചാൽ എന്റെ ഉറക്കം പോയി." ഇത് ഗ്രാമദീപം അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായ ശ്രീലേഖയുടെ വാക്കുകളാണ്. ഇവരുടെ കൃഷിയിടം കണ്ടാൽ ഈ വാക്കുകളുടെ ആഴം എത്ര വലുതാണെന്ന് മനസ്സിലാവും. ഉയരം കൂടുതലുള്ള ഇനം വാഴകളായതിനാൽ കാറ്റടിച്ചാൽ കൂട്ടത്തോടെ മറിയാനുള്ള സാധ്യത കൂടുതലാണ്. കാറ്റിനെ ഭയന്ന് പ്ലാസ്റ്റിക് ചരടുകൊണ്ട് നാലുഭാഗത്തേയ്ക്കും വലിച്ചുകെട്ടി വാഴകളെ ബാലൻസ്ചെയ്തു നിർത്തിയിരിക്കുകയാണിപ്പോൾ. കുല വെട്ടാൻ ഇനിയും മാസങ്ങൾ നിൽക്കേ ഇവരുടെ നെഞ്ചിൽ തീയാണ്.

രാവിലെ വീട്ടുജോലികൾ ഒതുക്കിത്തീർത്ത് എട്ടു മണിയോടെ എല്ലാവരും വാഴത്തോപ്പിലെത്തുന്നു. സ്ഥിരമായി രണ്ടുപേരെ കൂലിക്ക് നിർത്തിയിട്ടുണ്ടെങ്കിലും പത്തു മണിവരെ ഇവർ ഓരോ വാഴച്ചുവട്ടിലും പരിചരണങ്ങളുമായി ചെലവഴിക്കും. വീണ്ടും വൈകിട്ട് നാലു മണിക്ക് വയലിലെത്തും. തിരിച്ചുപോകുന്നത് മിക്കവാറും ചൂട്ടും കത്തിച്ചായിരിക്കും. ഇതിനിടയിൽ വീട്ടുകാര്യങ്ങൾ, കുട്ടികൾ, പശു.... ഇതൊക്കെ ഇവരുടെ മനസ്സിൽ പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നുണ്ടാവാം. അതുകൊണ്ടാണ് മുപ്പതിനായിരം രൂപയുടെ ആസ്തി എന്ന ലക്ഷ്യം ഓരോരുത്തരും

ശേഷം പേജ് 39

FAQ 3 *Frequently Asked Questions*

Coastal Regulation Zone Notification

ഡോ. കെ.വി. തോമസ്

തീരദേശ നിയന്ത്രണ വിജ്ഞാപനം
നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ സമീപനത്തിന്റെ ആദ്യ പടിയായിട്ടാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ 1991–ൽ തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ വിജ്ഞാപനപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരയിലേയ്ക്ക് മാറിയും വേലിയേറ്റ സ്വാധീനമുള്ള കായൽ, നദി മുതലായവയുടെ ഇരുകരകളിൽ നിന്നും 100 മീറ്റർ ദൈർഘ്യത്തിലോ അല്ലെങ്കിൽ അവയുടെ വീതിക്ക് തത്തുല്യമായതോ, ഏതാണ് കുറവ് അത്രയും ദൂരം ഇരു കരകളിലേയ്ക്കുമുള്ള പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാണ്. കടൽ നദീമുഖം എന്നിവയുടെ തീരത്തോട് ചേർന്ന് കിടക്കുന്ന 200–ഓളം ഗ്രാമപഞ്ചായത്തുകൾ, 19 മുനിസിപ്പാലിറ്റികൾ, 4 കോർപ്പറേഷനുകൾ എന്നിവയുടെ തീരപ്രദേശങ്ങൾ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്റെ പരിധിയിൽപ്പെടുന്നു. വേമ്പനാട്ടുകായലിൽ തണ്ണീർമുക്കം ബണ്ടിന്റെ തെക്കുവശത്തുള്ള ഒരു വലിയ ഭാഗം ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ശുദ്ധജലതടാകങ്ങളായ വെള്ളായണിയും ശാസ്താംകോട്ടയും ഈ വിജ്ഞാപനത്തിന്റെ പരിധിയിൽപ്പെടുന്നില്ല. പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളൊഴികെ കായലിലും കടലിലും പതിക്കുന്ന മറ്റെല്ലാ നദികളുടെയും ഉപ്പുരസ പ്രഭാവമുള്ള ഭാഗം വരെ വിജ്ഞാപനം ബാധകമാണ്. പൊതുവെ പറഞ്ഞാൽ ഉപ്പു വെള്ളം കയറുന്നത് തടയാനായി നദികൾക്കു കുറുകെ ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അവിടം വരെയാണ് ഉപ്പുരസപ്രഭാവമുള്ള പ്രദേശങ്ങളായി കണക്കാക്കുന്നത്. സംസ്ഥാനം തയ്യാറാക്കിയതും 1996–ൽ കേന്ദ്രസർക്കാർ അംഗീകാരം നൽകിയതുമായ തീരദേശ പരിപാലന പ്ലാനിൽ ഇവയെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ തീരദേശ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിനും അതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സംസ്ഥാന തീരദേശ മാനേജ് മെന്റ് അതോറിറ്റിക്കുമാണ്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കാണ് തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പാക്കുന്നതിനുള്ള പ്രാഥമിക ചുമതല.

തീരദേശനിയനന്ത്രണ വിജ്ഞാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ ഉദ്യോഗസ്ഥരിലും പൊതുജനങ്ങളിലും നിലനിൽക്കുന്നുണ്ട്. അവയിൽ തെരഞ്ഞെടുക്കപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

? സാധാരണയായി CRZ വിജ്ഞാപനം എന്നാൽ കടൽ തീരങ്ങളിൽ മാത്രമാണ് ബാധകമാക്കിയിട്ടുള്ളതെന്ന് ധാരണയുണ്ട്. ഇത് ശരിയാണോ? അല്ലെങ്കിൽ ഏതൊക്കെ നദികൾ/ കായലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്? ഇവിടങ്ങളിൽ പാലിക്കേണ്ട ദൂരപരിധി എത്രയാണ്?

= CRZ വിജ്ഞാപനം കടൽതീരത്തിനു മാത്രം ബാധകമാണ് എന്ന തോന്നൽ ശരിയല്ല. 5 ppt എങ്കിലും ഉപ്പുരസ പ്രഭാവമുള്ള കായലുകളുടെയും നദികളുടെയും തീരങ്ങളിലും ഇത് ബാധകമാണ്. ശുദ്ധജല കായലുകളായ ശാസ്താംകോട്ടയും വെള്ളായണിയും ഒഴിച്ചുള്ള എല്ലാ കായലുകളുടെയും തീരങ്ങളിൽ CRZ ബാധകമാണ്. കായൽ – നദീതീരങ്ങളിൽ CRZ വേലിയേറ്റരേഖയിൽ നിന്നും പരമാവധി 100 മീറ്റർ ആണ്. കായൽ – നദികളുടെ വീതി 100 മീറ്ററിൽ താഴെയാണെങ്കിൽ ആ തീരങ്ങളിൽ CRZ അവയുടെ വീതിക്ക് തുല്യമായിരിക്കും.

? CRZIII മേഖലയിൽ അനുമതിയോട് കൂടി നിർമ്മാണം നടത്തുന്നതിനുള്ള ചാനൽ ഓഫ് കറസ്പ്പോണ്ടൻസ് ഏത് വിധമാണ്?

= പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശികതലത്തിലും സംസ്ഥാന ശാസ്ത്ര – സാങ്കേതിക വകുപ്പും കേരളതീരദേശ മാനേജ്മെന്റ് അതോറിറ്റിയും സംസ്ഥാനതലത്തിലും കേന്ദ്ര പരിസ്ഥിതി വനം വകുപ്പ്, കേന്ദ്ര തീരദേശ പരിപാലന അതോറിറ്റി എന്നിവ കേന്ദ്ര തലത്തിലും അവയുടെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് നിർമ്മാണാനുമതി നല്കുന്നു. കേന്ദ്ര തീരദേശ പരിപാലന അതോറിറ്റിയെയും കേന്ദ്ര പരിസ്ഥിതി – വനം വകുപ്പിനെയും സമീപിക്കുന്നത് സംസ്ഥാന അതോറിറ്റിയുടെ അനുമതിയോടെ ആകണം.

? പഞ്ചായത്തുകളിൽ CRZ-III യിൽ അനുവദനീയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

= കേരളത്തിലെ എല്ലാ പഞ്ചായത്തിലെയും CRZ-Iൽ വരാത്ത CRZ ഭാഗങ്ങൾ CRZ-III ആണ്. വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ഭാഗത്ത് പരമ്പരാഗത തീരദേശവാസികൾക്ക് വീടുകളും, ടൂറിസ്റ്റ് റിസോർട്ടുകളും പണിയാൻ നിബന്ധനകൾക്കു വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. ഇതിൽ ടൂറിസ്റ്റ് റിസോർട്ടുകൾക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. വീടുകൾ നിർമ്മിക്കാനും, പുനർനിർമ്മിക്കാനും പ്രത്യേകം വ്യവസ്ഥകൾ നിലവിലുണ്ട്. ആകെയുള്ള വീടുകളുടെ എണ്ണം 1991 ൽ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആകാൻ പാടില്ല, വീടുകളുടെ വിസ്തീർണ്ണം പ്ലോട്ട് വിസ്തീർണ്ണത്തിന്റെ 33 ശതമാനത്തിലധികം ആകാൻ പാടില്ല മുതലായവയാണ് ഈ വ്യവസ്ഥകൾ. ഇവിടെ തദ്ദേശ വാസികൾക്കുള്ള ജലവിതരണം ഡിസ്പെൻസറികൾ, സ്കൂളുകൾ, റോഡുകൾ, പാലങ്ങൾ മുതലായ പൊതുസൗകര്യങ്ങളുടെ നിർമ്മാണം എന്നിവ നിബന്ധനകൾക്കു വിധേയമായി അനുവദനീയമാണ്. എന്നാൽ കടലിനോട് ചേർന്നുകിടക്കുന്ന 200 മീറ്റർ പ്രദേശം വികസനരഹിത (no development zone) മേഖലയാണ് (കായൽ, നദി എന്നിവയോട് ചേർന്നു കിടക്കുന്ന തീര നിയ്രന്ത്രണ മേഖലയുടെ വീതി കേരളത്തിൽ 100 മീറ്ററോ അതിൽ താഴയേയുള്ളൂ എന്നതോർക്കുക). നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും പുനർനിർമ്മാണവും വികസനരഹിത മേഖല ഉൾപ്പെടെ CRZ-III ൽ നിബന്ധനകൾക്ക് വിധേയമായി അനുവദനീയമാണ്. നിബന്ധനകൾക്കു വിധേയമായി ജലവിതരണം, ഡ്രെയ്നേജ്, തദ്ദേശവാസികൾക്കു വേണ്ടിയുള്ള ഡിസ്പെൻസറികൾ, സ്കൂളുകൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കും അനുമതിക്കായി തീരദേശ മാനേജ്മെന്റ് അതോറിട്ടിയെ സമീപിക്കാവുന്നതാണ്.

CRZ-III മേഖലകളിൽ തന്നെ പ്രത്യേക സാമ്പത്തിക മേഖലയായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ വിവര സാങ്കേതിക മേഖലയിലെ മലിനീകരണ രഹിതമായ വ്യവസായങ്ങൾ, ബീച്ച് റിസോർട്ടുകളും അതിനോടനുബന്ധിച്ച വിനോദ സൗകര്യങ്ങൾ എന്നിവ അംഗീകൃത ടൂറിസം മേഖലകളിൽ അനുവദനീയമാണ്. കൃഷി, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവൽക്കരണം, അപൂർവ്വഖനിജങ്ങളുടെ ഖനനം തുടങ്ങിയവയും അനുവദനീയ പ്രവർത്തനങ്ങളിൽപ്പെടുന്നു. എന്നാൽ കടകൾ, മതസ്ഥാപനങ്ങൾ, മറ്റു വാണിജ്യ വ്യവസായ സംരംഭങ്ങൾ എന്നിവയുടെ നിർമ്മാണം CRZ-IIIൽ അനുവദിച്ചിട്ടില്ല.

? 1991–ൽ CRZ പ്രാബല്യത്തിൽ വന്നു എങ്കിലും പല പഞ്ചായത്തിലും ഇത് നിർബന്ധമാക്കിയിരുന്നില്ല. ഈ സമയത്ത് നമ്പർ അനുവദിച്ച കെട്ടിടങ്ങൾ ഇപ്പോൾ പൊളിച്ചു പണിയാൻ അനുവാദം നൽകാമോ?

= CRZ വിജ്ഞാപനം നിലവിൽ വന്ന ഫെബ്രുവരി 19ന് ശേഷം വിജ്ഞാപനത്തിലെ വകുപ്പുകൾക്ക് വിരുദ്ധമായി CRZ ൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാണ്. നമ്പർ നൽകിയവ നിയമവിരുദ്ധമായി പണിതവയാണെങ്കിൽ അവ പൊളിച്ചു പണിയുന്നതും നിയമവിരുദ്ധം തന്നെ.

? കൊച്ചിൻ മറൈൻഡ്രൈവിൽ നിലവിൽ ഫ്ളാറ്റുകൾ നിർമ്മിച്ചിരിക്കുന്നത് പലപ്പോഴും അത്ഭുതപ്പെടുത്തുന്നു. നില

‘തീരദേശത്തെ വീടുകൾ നവീകരിക്കുന്നതിന് അനുമതി തേടി’

തീരദേശത്തെ വീടുകൾ പുതുക്കി പണിയുന്നതിന് നിലവിലുള്ള തീരദേശ സംരക്ഷണ നിയമം തടസ്സമായതിനാൽ ഇക്കാര്യത്തിൽ ഉദാരസമീപനം ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയെ അറിയിക്കും. പാവപ്പെട്ടവർക്കെല്ലാം വീട് നിർമ്മിച്ചു നൽകുന്നതിന് ബൃഹത്തായ പദ്ധതി ഗവൺമെന്റ് നടപ്പാക്കും. തീരദേശത്ത് നിയമപ്രകാരം പഴയവീടുകൾ പോലും പുതുക്കിപ്പണിയാൻ കഴിയാത്ത സാഹചര്യമാണുള്ളത്. നിലവിലുള്ള തറവിസ്തീർണ്ണത്തേക്കാൾ ഒരടിപോലും കൂടുതൽ സ്ഥലത്ത് കെട്ടിടം പണിയാനും സാധ്യമല്ല. 60 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്കാണ് ഗവൺമെന്റ് ധനസഹായം നൽകുന്നത്. വായ്പ ഉപയോഗിച്ച് 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളും പണിയുന്നുണ്ട്. ഈ സാഹചര്യത്തിൽ 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് ചില വ്യവസ്ഥകളോടെ അനുമതി നൽകണം. അതിനാൽ ഉടമസ്ഥന്റെ ആവശ്യ ത്തിനുള്ളതും 100 മീറ്ററിൽ കവിയാത്തതുമായ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകണമെന്നാണ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയിരക്കണക്കിന് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനകരമായതിനാൽ നിർദ്ദേശം പരിഗണിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

വിൽ കായൽ നികത്തി ജട്ടി പണിയുന്നു. ഇത് എങ്ങിനെ സാധിക്കുന്നു? വിശദീകരിക്കാമോ?

= തീര സാമീപ്യം ആവശ്യമായതിനാൽ ബോട്ടു ജട്ടികൾ തീരദേശ നിയമത്തിൽ അനുവദനീയ പ്രവൃത്തിയാണ്. ഇതിനായി കായൽ നികത്തുന്നതും അനുവദനീയമാണ്. കൊച്ചിയിലെ മറൈൻ ഡ്രൈവ് തീരദേശ വിഭാഗം രണ്ടിൽ (CRZ-II) വരുന്നതാണ്. ഇവിടെ 1991 ൽ നിലവിലിരുന്ന കെട്ടിടങ്ങളുടെ കരഭാഗത്തേയ്ക്കും 1991 ൽ ഉണ്ടായിരുന്നതോ പദ്ധതിയിലുണ്ടായിരുന്നതോ ആയ റോഡിന്റെ കരഭാഗത്തേയ്ക്കും നഗരസഭയുടെ നിയമത്തിനുള്ളിൽ നിന്നുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്.

? 1991ൽ നിലവിലുള്ള വീടുകളുടെ ഇരട്ടിയിലധികം ആകാതെ വീടുകൾ അനുവദിക്കാമെന്ന് കാണുന്നു. ഉദാഹരണം : നൂറ് വീടുകൾ ഉണ്ടെങ്കിൽ പുതിയതായി ഇരുനൂറ് വീടുകൾ കൂടി അനുവദിക്കാമോ?

= 1991ൽ 100 വീടുകൾ ഉണ്ടെങ്കിൽ പരമാവധി 100 വീടുകൾ കൂടി പുതുതായി അനുവദിക്കാം. പരമ്പരാഗത തീരദേശ വാസികൾക്ക് CRZ-III വിഭാഗത്തിൽ വേലിയേറ്റരേഖയിൽ നിന്നും 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ഭാഗത്ത് മേൽപറഞ്ഞിരിക്കുന്ന മറ്റു വ്യവസ്ഥകൾക്കനുസൃതമായി നിർമ്മാണാനുമതി കൊടുക്കാവുന്നതാണ്.

? വീടുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് Dwelling Houses എന്നു മാത്രമാണോ?

= തീരദേശ വിജ്ഞാപനത്തിൽ Dwelling units എന്നാണ് പറഞ്ഞിരിക്കുന്നത്. വാസഗൃഹങ്ങൾ എന്നു തന്നെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

? വേലിയേറ്റ രേഖയിൽ നിന്ന് ഇരുനൂറ് മീറ്ററിനും അഞ്ഞൂറ് മീറ്ററിനും ഉള്ളിലുള്ള പ്രദേശത്ത് അംഗൻവാടി നിർമ്മിക്കാമോ?

= സംസ്ഥാന – കേന്ദ്ര സർക്കാരുകൾ ചുമതലപ്പെടുത്തിട്ടുള്ള പഞ്ചായത്തുൾപ്പെടെയുള്ള അധികാരികളുടെ അനുവാദം വാങ്ങിച്ച് നിർമ്മാണം അനുവദിക്കാവുന്നതാണ്.

? CRZ-I പരമ്പരാഗത ചെമ്മീൻ കെട്ടുകൾക്ക് അമ്പത് മീറ്റർ കരപ്രദേശത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചു പണിയാമോ?

= പുതിയ നിർമ്മാണ പ്രവർത്തനങ്ങളാണ് CRZ-I ൽ നിരോധിച്ചിട്ടുള്ളത്. CRZ-IÂ നിലവിലുള്ള കെട്ടിടം പുനർ നിർമ്മിക്കുന്നതിനെക്കുറിച്ച് വ്യക്തതയുള്ള പരാമർശം CRZ-I വിജ്ഞാപനത്തിൽ ഇല്ലാത്ത സാഹചര്യത്തിൽ പരിസ്ഥിതി മന്ത്രാലയത്തിനെ സമീപിക്കേണ്ടതാണ്.

? നാലുവശവും അഷ്ടമുടികായലിനാൽ ചുറ്റപ്പെട്ട പഞ്ചായത്തിലെ സ്ഥിതിയാണ് ഇവിടെ വിവരിക്കുന്നത്. 100 മീറ്ററിനുള്ളിൽ രണ്ടും മൂന്നും സെന്റുകൾ മാത്രമുള്ള ധാരാളം പാവപ്പെട്ടവർ താമസിക്കുന്നുണ്ട് അവർക്ക് വീട് വെയ്ക്കുവാൻ അനുവാദം കൊടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. 50 മീറ്ററിനുള്ളിൽ വീട് വയ്ക്കുന്നതിന് മത്സ്യതൊഴിലാളികൾക്ക് ഇളവുണ്ടോ ?

= കായലിന്റെ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിന് ഉള്ളിൽ പുതിയ അംഗീകൃത വീടുകൾ പണിയാൻ തീരദേശ നിയമം അനുസരിച്ച് അനുമതി നൽകാൻ ആവില്ല. കായലിന്റെ വീതി 100 മീറ്ററിൽ താഴെയാണെങ്കിൽ ഈ ദൂരം അതനുസരിച്ച് കുറയും.

? 100 മീറ്ററിനുള്ളിൽ കശുവണ്ടി ഫാക്ടറിക്കുവേണ്ടി ഷെഡ് പണിയുന്നതിന് അനുവാദം നൽകാൻ കഴിയുമോ?

= വേലിയേറ്റിറക്ക പ്രഭാവമുള്ള കായലിന്റെയും പുഴയുടെയും തീരത്ത് 100 മീറ്ററിനുള്ളിൽ വ്യവസായങ്ങൾ നിരോധിച്ചിരിക്കുന്നു. അതിനാൽ കശുവണ്ടി ഫാക്ടറിയും അതിനുവേണ്ടിയുള്ള ഷെഡ്ഡും അനുവദനീയമല്ല.

? അറേബ്യൻ കടലിനും, റ്റി.എസ്. കനാലിനും ഇടയിൽ കേവലം നൂറ്റി അമ്പത് – ഇരുനൂറ് മീറ്റർ മാത്രം വീതിയുള്ള തീരദേശ പഞ്ചായത്തുകളിൽ ഈ നിയമം എങ്ങിനെ പ്രായോഗികമായി നടപ്പിലാക്കാം?

= റ്റി.എസ്. കനാലിനും കടലിനുമിടയിൽ കിടക്കുന്ന വീതി കുറഞ്ഞ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തീരദേശ പഞ്ചായത്തുകൾക്കും CRZ നിയമം ഒരുപോലെ ബാധകമാണ്. പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും CRZ മേഖലയിൽ വരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരാവുന്നതാണ്.

? Dr. Swaminathan ചെയർമാനായിട്ടുള്ള ഒരു കമ്മറ്റി CRZ നിയമം പരിഷ്കരിച്ച് CMZ എന്ന പേരിൽ ഒരു കരട് രേഖ പ്രസിദ്ധീകരിച്ചതിന്റെ നിലവിലുള്ള അവസ്ഥ എന്താണ്? അതിൽ കേരളത്തിന് പ്രതികൂലമായും അനുകൂലമായും ഉള്ള പരാമർശങ്ങൾ ഏതെല്ലാമാണ്?

= സ്വാമിനാഥൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ച് അതിനനുസൃതമായി CRZ ന് പകരമായി കേന്ദ്ര പരിസ്ഥിതി – വന മന്ത്രാലയം പുറപ്പെടുവിച്ച കരടു വിജ്ഞാപനമാണ് CMZ. പൊതുജനങ്ങളുടെയും മറ്റും അഭിപ്രായം അറിയിക്കുന്നതിന് 2008 സെപ്തംബർ മാസം വരെ ഇതിന് സമയം നൽകിയിരുന്നു. ഈ അഭിപ്രായങ്ങളും മറ്റും കണക്കിലെടുത്തായിരിക്കും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക. (തുടരും)

(സംശയങ്ങൾക്കുള്ള ഉത്തരം തയ്യാറാക്കിയത് തിരുവനന്തപുരം ഭൗമശാസ്ത്ര കേന്ദ്രത്തിലെ ശാസ്ത്രജ്ഞനാണ്.)

ഗ്രാമലക്ഷ്മി മുദ്രാലയത്തിന് 20 വയസ്സ്

സംസ്ഥാനത്തെ പഞ്ചായത്ത്-മുനിസിപ്പൽ സ്ഥാപനങ്ങൾക്കുള്ള ഫാറങ്ങളും രജിസ്റ്ററുകളും അച്ചടിച്ച് നൽകുന്ന പാലക്കാട്ടെ ഗ്രാമലക്ഷ്മി മുദ്രാലയം പ്രവർത്തനമാരംഭിച്ച് 20 വർഷം പിന്നിടുന്നു. ഗ്രാമീണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പഞ്ചായത്തു വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് 1988ൽ ഗ്രാമലക്ഷ്മി മുദ്രാലയം പ്രവർത്തനമാരംഭിച്ചത്. സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നിന്നും മൂലധനം സ്വരൂപിച്ച് ആരംഭിച്ച മുദ്രാലയം ഇന്ന് വിപുലീകരണത്തിന്റെ പാതയിലാണ്. 2008 ൽ രണ്ട് പുതിയ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനും, ഓട്ടോമാറ്റിക് കട്ടിംഗ് മെഷീനും പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 20-ാം വാർഷികാഘോഷ പരിപാടികൾ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉത്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സുബൈദാ ഇസ്ഹാക്ക്, ക്രൂസ് പ്രസിഡന്റ് ഡി. സദാശിവൻ, മാനേജിംഗ് ഡയറക്ടർ ഡോ. വി.എം. ഗോപാല മേനോൻ, ജനറൽ മാനേജർ വി.വി. ജോസ് തുടങ്ങിയവർ സമീപം.

ഗ്രാമലക്ഷ്മിയുടെ പ്രവർത്തനം ശ്ലാഘനീയം

പൊതുമേഖലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയം വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്നത് ശ്ലാഘനീയമാണ് എന്ന് മുദ്രാലയത്തിന്റെ 20-ാം വാർഷികാഘോഷവും, ഓട്ടോമാറ്റിക് കട്ടിംഗ് മെഷീന്റെ സ്വിച്ച്ഓൺ കർമ്മവും നിർവ്വഹിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി പ്രസ്താവിച്ചു. ചിട്ടയോടും ആത്മാർത്ഥതയോടും കൂടിയുള്ള നേതൃത്വവും, അർപ്പണബോധമുള്ള ജീവനക്കാരുമാണ് ഇത്തരം പുരോഗതി ഗ്രാമലക്ഷ്മിക്ക് സാദ്ധ്യമാക്കിയതെന്നും മന്ത്രി കൂട്ടി ചേർത്തു.

ആഗോള ഉല്പാദന തൊഴിൽ മേഖലകളിൽ വർദ്ധിച്ച സാമ്പത്തിക പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ ഒരു സർക്കാർ സംരംഭമായ ഗ്രാമലക്ഷ്മി മുദ്രാലയം വർഷങ്ങളായി ലാഭകരമായി പ്രവർത്തിക്കുന്നുവെന്നത് സംതൃപ്തി നൽകുന്നു. മുപ്പത്തിയേഴോളം കുടുംബശ്രീ വനിതകൾക്കു പരിശീലന – തൊഴിലവസരം നൽകുന്നതിനു പുറമെ 22 യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും ഇവിടെ നൽകുന്നു.

പ്രിന്റിംഗ് മേഖലയിൽ ലളിതമായ രീതിയിൽ ആരംഭിച്ച ഗ്രാമലക്ഷ്മി മുദ്രാലയം ഇന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് തന്നെ അഭിമാനമാണ്. നൂതന കളർ അച്ചടി മെഷീൻ വാങ്ങുവാനുള്ള പുതിയ തീരുമാനത്തിന് എത്രയും വേഗം അനുമതി നൽകുമെന്നും മന്ത്രി ഉറപ്പ് നൽകി.

യോഗത്തിൽ ക്രൂസ് പ്രസിഡന്റ് ഡി. സദാശിവൻ അദ്ധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സുബൈദാ ഇസ്ഹാക്ക്, ജില്ലാ പഞ്ചായത്ത് മെമ്പർ എസ്. സുഭാഷ് ചന്ദ്രബോസ്, മുദ്രാലയം ജീവനക്കാരുടെ പ്രതിനിധി വി. ഹരിദാസ് എന്നിവർ ആശംസയും നേർന്നു. ക്രൂസ് സെക്രട്ടറി എസ്.ആർ. രവിനായർ സ്വാഗതവും ജനറൽ മാനേജർ വി.വി. ജോസ് നന്ദിയും രേഖപ്പെടുത്തി.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

ഛത്തീസ്ഗഢ്

(അമൃതമഥനം തുടർച്ച)

ഔട്ട്ലുക്ക് സാപ്താഹിക് വാരികയിൽ
(2008 ഏപ്രിൽ 22-28) പ്രസിദ്ധീകരിച്ച
രായ്പൂരിൽ നിന്നും യശ്വന്ത്ധോട്ടെ
തയ്യാറാക്കിയ ലേഖനത്തിന്റെ
മലയാള പരിഭാഷ
വിവർത്തനം :
ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

പുതിയ മാനങ്ങൾ സൃഷ്ടിക്കപ്പെടുന്നു

ഇവിടെ കേരള മാതൃകയിൽ സ്ത്രീകൾ സ്വാശ്രയശീലമുള്ളവരായി മാറിയിരിക്കുന്നു

ഛത്തീസ്ഗഢിൽ പഞ്ചായത്തീരാജ് പുതിയമാനങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയിരിക്കുന്നു. പഞ്ചായത്തുകൾ മുഖാന്തരം നടക്കുന്ന സ്ത്രീ ശാക്തീകരണത്തിന്റെ മാതൃക ഛത്തീസ്ഗഢിൽ നമുക്ക് കാണാൻ കഴിയും. സംസ്ഥാനത്ത് ഇപ്പോൾ സ്ത്രീകൾ പുരുഷോന്മുഖമായ സമൂഹത്തിന്റെ മരപ്പാവയല്ല. ഇപ്പോഴവർ ഗ്രാമങ്ങൾക്കനുസൃതമായ, ദരിദ്രരുടെ ആവശ്യങ്ങൾക്ക് ഉതകുംവിധം സ്വയം തീരുമാനം എടുക്കാൻ തുടങ്ങിയിരിക്കുന്നു.

ഗ്രാമസഭകളിലെ സ്ത്രീകളുടെ വാദമുഖങ്ങളിൽനിന്നും മനസ്സിലാകുന്നത് സാമൂഹിക വിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ കാര്യത്തിൽ പഞ്ചായത്തീരാജ് വളരെ പ്രധാനമായ ഒരു ഘടകമാണെന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നാണ്. ഇത് 33 ശതമാനം സംവരണത്തിന്റെ പരിണതഫലം മാത്രമാണെന്നു പറയാം. 50 ശതമാനം സ്ത്രീ സംവര ണം രണ്ട് പ്രവർത്തന കാലത്തേയ്ക്കായ്

എന്ന പ്രഖ്യാപനം സർക്കാർ നടത്തിക്കഴിഞ്ഞു. ഇനി വരാനിരിക്കുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 50 ശതമാനം സ്ത്രീ പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടും. സംസ്ഥാനത്ത് 9820 ഗ്രാമപഞ്ചായത്തുകളും ഏകദേശം 2500 ജനപദ അംഗങ്ങളും ഏകദേശം 240 ജില്ലാ പഞ്ചായത്ത് അംഗങ്ങളും 16 ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷസ്ഥാനങ്ങളും നിലവിലുണ്ട്. ഇതിലെല്ലാം 50 ശതമാനത്തിൽ സ്ത്രീകളുടെ ആധിപത്യമായിരിക്കും. രായ്പൂർ ജില്ലയിലുള്ള ഗുജര ഗ്രാമപഞ്ചായത്തിലെ സർപഞ്ച് ശ്വേത ശർമ്മയുടെ വാക്കുകൾ പ്രകാരം പഞ്ചായത്തീരാജിൽ ഗ്രാമീണ സ്ത്രീകളുടെ സ്വാധീനംകൊണ്ട് നിഘണ്ടുവിൽനിന്നും അബല എന്ന വാക്ക് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഇംഗ്ലീഷിൽ എം.എയും എം.ഫിലും പി.എച്ച്.ഡിയും നേടിയിട്ടുള്ള ശ്വേത നഗരത്തിൽനിന്നും തന്റെ ശ്വശുര ഗൃഹത്തിൽ എത്തിയപ്പോൾ ഗ്രാമീണർ ഒരു അഭ്യസ്തവിദ്യയായ സ്ത്രീ സർപഞ്ചാകുന്നത് ഉചിതമായിരിക്കും എന്ന് കരുതിയാകാം അവരെ തെരഞ്ഞെടുത്തത്. ശ്വേത തന്റെ രംഗത്ത് ഭംഗിയായി ശോഭിക്കുകയും ചെയ്തു. ഗ്രാമത്തിലെ റോഡുകളുടെയും വെള്ളത്തിന്റെയും വൈദ്യുതിയുടെയും കാര്യങ്ങൾ കൂടാതെ ശ്വേത മദ്യനിരോധനം, വിദ്യാഭ്യാസത്തിന്റെ ജനകീയവത്കരണം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ഭ്രൂണഹത്യയുടെ ദുഷ്ഫലങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച്



ഇന്നിപ്പോൾ ഗ്രാമങ്ങളിലെ അഭ്യസ്ത വിദ്യരായ സ്ത്രീകൾ പഞ്ചായത്തിനെ തങ്ങളുടെ രാഷ്ട്രീയ ഭാവിയുടെ ആദ്യത്തെ ചവിട്ടുപടിയായിട്ടാണ് കരുതുന്നത്.

സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുകയും സ്ത്രീ ശാക്തീകരണത്തിന്റെ ദിശയിൽ വനിതകൾക്ക് സഹായസംഘങ്ങൾ രൂപീകരിച്ച് നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുകയും ചെയ്തു.

ഇന്നിപ്പോൾ ഗ്രാമങ്ങളിലെ അഭ്യസ്ത വിദ്യരായ സ്ത്രീകൾ പഞ്ചായത്തിനെ തങ്ങളുടെ രാഷ്ട്രീയ ഭാവിയുടെ ആദ്യത്തെ ചവിട്ടുപടിയായിട്ടാണ് കരുതുന്നത്. പഞ്ചായത്തുകളിൽ പാർട്ടി അടിസ്ഥാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ പരസ്പരം ആരോപണപ്രത്യാരോപണങ്ങൾ നടക്കാറുണ്ടെങ്കിലും ഇതിൽ സുതാര്യതയുണ്ട്. ഇതുകൂടാതെ വിവരാവകാശ നിയമംവഴി ലഭിച്ച അവകാശങ്ങൾ പഞ്ചായത്ത് പ്രതിനിധികളെ വളരെയധികം ഉത്തരവാദിത്വബോധമുള്ളവരാക്കിത്തീർത്തിരിക്കുന്നു. അതുകാരണം സർക്കാരിൽനിന്ന് ലഭിക്കുന്ന തുകയുടെ കാര്യമോ ഏതുമാകട്ടെ പഞ്ചായത്ത് സംഭരിക്കുന്ന വരുമാനം പോലും ദുരുപയോഗം ചെയ്യുവാൻ ബുദ്ധിമുട്ടായിരിക്കുന്നു. ഛത്തീസ്ഗഢിൽ ഗ്രാമങ്ങളിൽ വിൽക്കപ്പെടുന്ന കള്ളച്ചാരായം സാമൂഹ്യവും കുടുംബപരവുമായ ഒരു അശാന്തിക്ക് കാരണമായിത്തീരുന്നു. മാത്രവുമല്ല സംസ്ഥാനത്തെ ഓരോ മൂന്നു ഗ്രാമപഞ്ചായത്തുകളിലും ഒരെണ്ണത്തിൽ ഇതിനെതിരെ സ്ത്രീകൾ നടത്തുന്ന സമരം സാധാരണ സംഭവമാണ്. പഞ്ചായത്തുകൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അലഞ്ഞുതിരിയേണ്ടാത്ത രീതിയിൽ സംസ്ഥാനസർക്കാർ പഞ്ചായത്തുകൾക്ക് അധിക ഫണ്ട് അനുവദിക്കാൻ തുടങ്ങിയിട്ടുണ്ട്.

പല സ്ഥലങ്ങളിലും പഞ്ചായത്ത് വനിതാപ്രതിനിധികളുടെ രാഷ്ട്രീയ ഉപദേശകരായി അവരുടെ ഭർത്താവോ, പുത്രനോ, സർക്കാർ ജീവനക്കാരോ ആയിരിക്കും പഞ്ചായത്തുകളുടെ കാര്യങ്ങൾ നോക്കുന്നത്. ദർഗ്ഗ് ജില്ലാപഞ്ചായത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ അവിനാശ് ചമ്പാവത്ത് പറയുന്നത് – പഞ്ചായത്തീരാജ് ഗ്രാമീണരെ രാഷ്ട്രീയമായി വളരെയധികം പക്വമതികളാക്കിത്തീർത്തിരിക്കുന്നു; ആഗ്രഹിച്ചാൽ തന്നെയും ഉദ്യോഗസ്ഥപ്രഭുത്വത്തിന്റെ പങ്കാളിത്തം ഒഴിച്ചുകൂടാത്തതായിത്തീർന്നിരിക്കുന്നു. വനിതാപഞ്ചായത്ത് പ്രതിനിധികളുടെ ഭാഗത്തുനിന്നും വരുന്ന അപേക്ഷകൾ പരിശോധിച്ചാൽ മനസ്സിലാകും സ്ത്രീകൾ പഞ്ചായത്തിനെക്കുറിച്ച് എത്രമാത്രം വ്യാകുലപ്പെടുന്നു എന്ന്.

അംബികാപൂർ ജില്ലാപഞ്ചായത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റീന കംഗാലെ പഞ്ചായത്ത് പ്രതിനിധികളിൽ ഉണ്ടായിട്ടുള്ള ഉണർവ്വ് സ്വയം സമ്മതിക്കുന്നു. അവർ പറയുന്നത് പുരുഷന്മാർക്ക് മാത്രമല്ല വനിതാ പ്രതിനിധികൾക്കുകൂടി തങ്ങളുടെ സാമൂഹ്യ–രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ ബോധ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു എന്നാണ്. സർഗുജാ പോലെയുള്ള ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി തുടങ്ങി സംസ്ഥാനത്തിന്റെ മറ്റ് പദ്ധതികളുടേയും നിരീക്ഷണം നടത്തുന്നവർ പഞ്ചായത്ത് പ്രതിനിധികളെ ഉദ്ധരിച്ചുകൊണ്ടാണ് പഞ്ചായത്തിന്റെ വികസനത്തെക്കുറിച്ച് സംസാരിക്കുന്നത്.

ഗ്രാമങ്ങളിൽ സ്ത്രീ ശാക്തീകരണരംഗത്ത് പ്രവർത്തിക്കുന്ന സംഘടനയായ സംന്ധാന്റെ സെക്രട്ടറി ടി.എൻ. ശർമ്മ പറയുന്നത്, സ്ത്രീകളുടെ ശാക്തീകരണകാര്യത്തിൽ സ്വയംസഹായ സംഘങ്ങളുടെ സംഭാവന പ്രാധാന്യമർഹിക്കുന്നു എന്നും ഈ സംഘങ്ങൾക്ക് ശക്തി പകരുന്നത് പഞ്ചായത്തുകൾ ആണെന്നുമാണ്. ഗ്രാമങ്ങളിലെ സ്കൂളുകളിൽനിന്നും പഠിച്ചിറങ്ങുന്ന പെൺകുട്ടികൾ ഇപ്പോൾ നേരിട്ട് ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങിയിരിക്കുന്നു.

പഞ്ചായത്ത് വികസനമന്ത്രി അജയ് ചന്ദ്രാകർ പറയുന്നത്, “ഞങ്ങളുടെ സർക്കാരിന്റെ 4 വർഷത്തെ പ്രവർത്തനകാലത്ത് ഛത്തീസ്ഗഢിനെ പഞ്ചായത്തീരാജ് സമ്പ്രദായത്തിലെ മാതൃകാ സംസ്ഥാനമാക്കുവാൻ പോവുകയാണ്’’ എന്നാണ്. ഇതിന്റെ തുടക്കം ഞങ്ങൾ പഞ്ചായത്തീരാജ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് നടത്തിയിരിക്കുകയാണ്. ഇതിൽ വനിതകൾക്ക് രണ്ട് കാലാവധിയിൽ 50 ശതമാനം സംവരണവും കുഷ്ഠരോഗികൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അർഹതയും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻപ് മൂന്ന് കുട്ടികളുള്ള പഞ്ചായത്ത് പ്രതിനിധികളെ ഒഴിവാക്കിയിരുന്നു, എന്നാൽ ഇപ്പോൾ ഈ നിബന്ധന അവസാനിപ്പിച്ചിരിക്കുകയാണ്.

Courtesy : Outlook *Sapthahik*, New Delhi
22-28, April, 2008.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ   **പരമ്പര - 2**

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

കൽപ്പവൃക്ഷവുമായി ബന്ധപ്പെട്ട മൊഴിമുത്തുകൾ

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

കൽപ്പവൃക്ഷം എന്ന പേര് വെറുതെ ചാർത്തിക്കിട്ടിയതല്ല തെങ്ങിന്. അതിന്റെ പ്രകൃതത്തിനും ജീവിതത്തിനും അതിനും അപ്പുറത്തു കാണുന്ന സുകൃതത്തിനും നൽകിയ ബഹുമതിയാണ്. മലയാളിയുടെ ജീവിത ഭാഗധേയം നിർണ്ണയിച്ചിരുന്ന തെങ്ങ് ഇപ്പോൾ അടയാളപ്പെടുത്തുന്ന ചിത്രം അത്രയൊന്നും ആശാവഹമല്ല. എങ്കിലും തെങ്ങില്ലാതെ എന്തു കേരളം. ഇവിടെ തെങ്ങിനെക്കുറിച്ച് തേടിയപ്പോൾ കിട്ടിയതെല്ലാം ഉൾപ്പെടുത്തുന്നു. വായനക്കാർക്കും കാണും പുത്തനറിവുകൾ- അതു പൂരിപ്പിക്കുകയും ആവാം.

മുരളീധരൻ തഴക്കര

കരിക്ക്

ഏകദേശം പകുതി വിളവായ മൂപ്പെത്താത്ത ഇളം പ്രായത്തിലുള്ള നാളീകേരം. ഇതിന്റെ വെള്ളം കുടിക്കുകയും കാമ്പ് ചുരണ്ടിതിന്നുകയും ചെയ്യാം.

ഇളനീര്

കരിക്കിൻ വെള്ളത്തിനാണ് പൊതുവായി ഇളനീരെന്ന് പറയുന്നത്. ഇതിനെ 'പ്രകൃതിയുടെ ടോണിക്ക്' എന്നു തന്നെ വിശേഷിപ്പിക്കാം. മലബാർ ഭാഗത്ത് കരിക്കിന് പകരം 'ഇളനീ' യെന്നാണ് പകുതി വിളവായ മൂപ്പെത്താത്ത നാളീകേരത്തിന് പറയുന്നത്.

മച്ചിങ്ങ

തെങ്ങിന്റെ പൂക്കുല വിരിഞ്ഞ് വളർച്ച മുറ്റിവരുന്ന പ്രായത്തിലുള്ളവ-തിരുവിതാംകൂർഭാഗത്ത് ഇതിനെ 'വെള്ളയ്ക്ക' എന്നും പറയുന്നു. വെള്ളക്കയിൽ ഈർക്കിൽ കുത്തി തേര്, കുതിര, കുണുക്ക് എന്നിവയുണ്ടാക്കുന്ന ബാല്യകാലസ്മരണ പലർക്കുമുണ്ടാകും.

തൊണ്ണാൻ

മച്ചിങ്ങ പ്രായംകഴിഞ്ഞ് കുറച്ചുകൂടി വളർച്ചയെത്തിയതും, എന്നാൽ ചുരണ്ടി തിന്നാൻ പാകത്തിൽ പോലും കാമ്പില്ലാത്തതുമായ നാളീകേരത്തിന്റെ ഏറ്റവും ഇളം പ്രായത്തിലുള്ളവ. ഇങ്ങനെയുള്ള തൊണ്ണാന്റെ മോട ഭാഗം കിഴിച്ച് ഒരു കമ്പിട്ട് കുട്ടികൾ തൊണ്ണാൻ ഉരുട്ടി കളിക്കുമായിരുന്നു.

കൂമ്പ്

തെങ്ങിന്റെ പൂക്കുല പൊട്ടിവിടരുന്നതിന് മുമ്പുള്ള അവസ്ഥയ്ക്കാണ് 'കൂമ്പ്' എന്ന് പറയുന്നത്.

ക്ലാഞ്ഞിൽ

പൂക്കുല വിടർന്ന് മച്ചിങ്ങയുണ്ടായി അത് വിളഞ്ഞ് നാളീകേരമായി കഴിയുമ്പോൾ, കുലയോടെ തേങ്ങ പിടിച്ചുനിൽക്കുന്ന പൂക്കുലയ്ക്കും ഘനവും ബലവും കൂടും- ഇതിനെ ക്ലാഞ്ഞിൽ എന്നാണ് പറയുന്നത്.

കൊത

തെങ്ങിൽ കയറുന്നതിനായി തെങ്ങിന്റെ തായ്ത്തടിയിൽ വെട്ടുകളുണ്ടാക്കുന്നതിനാണ്. മധ്യതിരുവിതാംകൂർ ഭാഗങ്ങളിലാണ് തെങ്ങുകയറ്റക്കാർ തെങ്ങിൽ കൊത വെട്ടുന്ന സമ്പ്രദായമുള്ളത്. ശാസ്ത്രീയമായി ഒരു വൃക്ഷത്തിന്റെ തായ്ത്തടിയിൽ ഇപ്രകാരം മുറിപ്പാടുണ്ടാക്കുന്നത് നല്ലതല്ല. അതുകൊണ്ടാണ് കാരണവന്മാർ

പറയുന്നത് "ഉപ്പിട്ട തെങ്ങിന് ഉലർച്ച, കൊത വെട്ടിയ തെങ്ങിന് തളർച്ച' യെന്ന്.

കൊയ്യാൽ

തെങ്ങ് കയറ്റക്കാർക്ക് പഴയ കാലത്ത് കയറ്റക്കൂലിയായി തേങ്ങ തന്നെയാണ് നൽകിയിരുന്നത്. ഇങ്ങനെ കയറ്റക്കൂലിയായി നൽകുന്ന തേങ്ങയ്ക്ക് കൊയ്യാൽ എന്ന് പറയും. ഏറ്റവും നല്ല തേങ്ങ തെരഞ്ഞായിരിക്കും കൊയ്യാലെടുക്കുക.

പൊറ്റ

തെങ്ങിന്റെ വേരുകൾ മുകളിലേയ്ക്ക് തെളിഞ്ഞു വരുമ്പോൾ 'പൊറ്റ തെളിയുക' എന്ന് പറയാറുണ്ട്. തെങ്ങിൻ ചുവട്ടിൽ മണ്ണ് കൂട്ടികൊടുത്താൽ ആ ഭാഗത്തേയ്ക്ക് വേര് വളർന്നിറങ്ങും. തെങ്ങ് വെട്ടി അതിന്റെ കുറ്റിയെടുക്കുമ്പോഴും ധാരാളമായി വേരുകളുണ്ടാകും. ഇത് ഉണക്കി തീയെരിക്കാൻ ഉപയോഗിച്ചിരുന്നു. ഇതിനെ 'തെങ്ങിൻപൊറ്റ' എന്നാണ് പറയുന്നത്.

കൊതുമ്പ്

തെങ്ങിന്റെ കൂമ്പ് വിടർന്ന് ക്ളാഞ്ഞിലായി നാളീകേരം പാകമാകുമ്പോൾ കൂമ്പിന്റെ പുറംചട്ട അതേപോലെ നിന്ന് ഉണങ്ങുന്നു. നാളീകേരം കുലയോടെ വെട്ടുമ്പോൾ അതിനോട് ചേർന്ന് ഉണങ്ങിനിൽക്കുന്ന ഈ ഭാഗവും വെട്ടിയെടുക്കുന്നു. ഇതിനെയാണ് കൊതുമ്പ് എന്ന് പറയുന്നത്. തീയെരിക്കുന്നതിന് ഇത് വളരെ നല്ലതാണ്. പണ്ട് പല വീടുകളിലും കൊതുമ്പ് പിന്നീട് ഉപയോഗിക്കുന്നതിനായി കെട്ടി സൂക്ഷിക്കുമായിരുന്നു.

ചൂട്ട്

തെങ്ങിന്റെ കൊതുമ്പ് പോലെ തന്നെ തീയെരിക്കാൻ പറ്റിയതാണ്. മടലിനോട് ചേർന്നുള്ള ചൂട്ടും മഴക്കാലത്തേയ്ക്ക് വേണ്ടി കെട്ടി സൂക്ഷിക്കാറുണ്ട്. 'നല്ല ചൂട്ടു പോലെ' ഉണങ്ങിയതാണെന്നത് സാധാരണയായുള്ള ഒരു ഗ്രാമീണ ശൈലിയാണ്.

മോടം

തേങ്ങ ക്ലാഞ്ഞിലുമായി ചേരുന്ന ഭാഗമാണിത്. തേങ്ങയുടെ മുകൾഭാഗത്തു ബലമായി ചേർന്നിരിക്കും. തേങ്ങ നല്ലതുപോലെ ഉണങ്ങികഴിയുമ്പോൾ മോടം താനെ കൊഴിഞ്ഞുപോകും.

മണ്ടരി

തേങ്ങയെ വികൃതമാക്കുന്ന നാശം ചെയ്യുന്ന നമുക്ക് കണ്ണുകൊണ്ട് നേരെ കാണാൻ കഴിയാത്തതുമായ ഒരു ചെറിയ ജീവിയാണ്. തേങ്ങയുടെ മോടഭാഗത്ത് പറ്റിച്ചേർന്നിരുന്ന് നീരൂറ്റി കുടിക്കുകയാണ് ചെയ്യുന്നത്. നാളീകേരം കൊഴിയുന്നതിനും, ആകൃതി നഷ്ടപ്പെടുത്തുന്നതിനും ഈ 'കരപ്പൻ മണ്ടരി' കാരണമാകുന്നു.

കാറ്റുവീഴ്ച

തെങ്ങിനെ ബാധിക്കുന്ന മാരകമായ ഒരു രോഗം. നൂറുവർഷമായി ഗവേഷണങ്ങൾ നടക്കുന്നുവെങ്കിലും ഏറ്റവും ഫലവത്തായ ഒരു പ്രതിവിധി കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. തെങ്ങിന്റെ ആരോഗ്യം ക്രമേണ ക്ഷയിച്ച് വിളറി മഞ്ഞളിച്ച് ഓലകൾ കുറുകി നാളീകേര ഉല്പാദനം നന്നേ കുറയുന്നു. തെങ്ങിനെ ബാധിക്കുന്ന 'എയ്ഡ്സ്' എന്ന് തന്നെപ്പറയാം. വേരു രോഗം എന്ന് ചില പ്രദേശങ്ങളിൽ പറയുന്നു. മധ്യകേരളത്തിലാണ് കാറ്റുവീഴ്ച ഏറ്റവും രൂക്ഷം. കാറ്റു വീണ തെങ്ങെന്നാണ് കൃഷിക്കാർ നാടൻ ഭാഷയിൽ പറയുന്നത്.

കൂമ്പ് ചീയൽ

തെങ്ങിനുണ്ടാകുന്ന ഒരു കുമിൾ രോഗമാണിത്. തെങ്ങിന്റെ മണ്ടയിലെ നാരായ നാമ്പും അതിനോടു ചേർന്നഭാഗവും അഴുകി നശിക്കുന്നു. പ്രാരംഭത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ മണ്ടമറിയുമ്പോഴേ അറിയൂ.

വഴുക

തെങ്ങിന്റെ ഓലമടലിന്റെ ഉള്ളിൽ കാണുന്ന ഭാഗം നീളത്തിൽ ഉരിച്ചെടുക്കുന്നതാണ് വഴുക. കയറും, പ്ലാസ്റ്റിക്കുമൊക്കെ പ്രചുരപ്രചാരത്തിലാകുന്നതിന് മുമ്പ് ഈ വഴുക ചേർത്ത് പിരിച്ചാണ് ഇന്ന് കയറുകൊണ്ടുകെട്ടിയിരുന്ന പലതും കെട്ടുകയും മുറുക്കുകയും ചെയ്തിരുന്നത്.

ഈർക്കിൽ

ഓലക്കാലെടുത്ത് ഓലചീകി കളഞ്ഞ ശേഷമുള്ള ഭാഗം. ഈർക്കിലിന് ധാരാളം ഉപയോഗങ്ങളുമുണ്ടായിരുന്നു. പല്ല് തേച്ച് കഴിഞ്ഞു നാക്ക് വൃത്തിയാക്കാൻ ഈർക്കിൽ മുറിച്ചാണ് ഉപയോഗിച്ചിരുന്നത്. നമ്മുടെ പഴയ 'ടങ്ക്ക്ലീനർ'. വീടിനകവും പുറവും തൂക്കുവാനുള്ള ചൂലുണ്ടാക്കിയിരുന്നതും ഓലചീകി ഈർക്കിലെടുത്താണ്. അങ്ങനെ ചെറുതും വലുതുമായ എന്തെന്ത് ഉപയോഗങ്ങൾ. ശുണ്ഠി കാണിക്കുന്ന കുട്ടികളെ ഈർക്കിലെടുത്താണ് അടിച്ചിരുന്നത്.

കെട്ടുതെങ്ങ്

നമ്മുടെ വളപ്പിലെ ഒന്നോ രണ്ടോ അതിലധികമോ തെങ്ങുകൾ ഏതെങ്കിലും ഒരു ധനകാര്യസ്ഥാപനത്തിനോ, സംഘടനയ്ക്കോ നാളീകേരമിട്ടെടുക്കുന്നതിനുള്ള അവകാശത്തോടെ പ്രത്യേക കാലയളവിലേയ്ക്ക് വിട്ടുകൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇപ്രകാരം വിട്ടുകൊടുക്കുന്ന തെങ്ങിനെയാണ് കെട്ടുതെങ്ങ് എന്ന് പറയുന്നത്. ചില സഹകരണസംഘങ്ങൾ കെട്ടുതെങ്ങ് സംഘങ്ങളായി അറിയപ്പെട്ടിരുന്നു. സാമ്പത്തിക അത്യാവശ്യങ്ങൾ ഉണ്ടാകുമ്പോൾ ഈ രീതിയിൽ തെങ്ങ് സംഘത്തിലേയ്ക്ക് നൽകി പണം വായ്പയായി വാങ്ങി കാര്യനിവർത്തി വരുത്തിയിരുന്നു.

തെങ്ങുപൊത്തുക

തെങ്ങ് ഒരു പ്രത്യേക കാലയളവിലേയ്ക്ക് ഒറ്റിക്ക് കൊടുത്ത് പണം വാങ്ങി കാര്യങ്ങൾ നിവർത്തിച്ചിരുന്ന കാലമുണ്ടായിരുന്നു. ഈ കാലയളവിൽ നാളീകേരമിട്ടെടുക്കുന്നത് ഒറ്റിക്കാരായിരുന്നു. ഇങ്ങനെ ഒറ്റിക്ക് കൊടുക്കുകയും, കെട്ടുതെങ്ങായി നൽകുകയും ചെയ്യുന്ന തെങ്ങുകൾ ഓലക്കീറും മറ്റുംകൊണ്ട് ചുവട്ടിൽനിന്ന് അല്പം മുകളിലായി പൊതിഞ്ഞ് നിർത്താറുണ്ട്. മറ്റുള്ളവർ ഈ തെങ്ങിൽ കയറാതിരിക്കുന്നതിന് ഒരു തടസ്സം എന്ന നിലയിലും പ്രത്യേകം തിരിച്ചറിയുന്നതിനും വേണ്ടി ചെയ്തിരുന്ന ഈ രീതിക്ക് 'തെങ്ങ് പൊത്തുക' എന്നാണ് പറയുന്നത്.

ചൂട്ടുകറ്റ

തെങ്ങിന്റെ ഉണങ്ങിയ ഓലക്കാലുകൾ കുറച്ചെടുത്ത് ചേർത്തുകെട്ടാക്കുന്നതിന്. ഇങ്ങനെ ഓലക്കാലുകൾ ചേർത്ത് കെട്ടുന്നതിനും പച്ച ഓലക്കാലോ, വഴുകയോ ആണ് ഉപയോഗിച്ചിരുന്നത്. പല വലിപ്പത്തിലും, രീതിയിലുമുള്ള ടോർച്ചുകളെ സാർവ്വത്രികമാകുന്നതിന് മുമ്പ് രാത്രിയിൽ സഞ്ചാരം ചൂട്ടുകറ്റ കത്തിച്ചായിരുന്നു. "ഈട്ടിന് മുമ്പേ, ചൂട്ടിന് പിറകേ' എന്ന് ചൊല്ലുതന്നെയുണ്ടല്ലോ. ചില ക്ഷേത്രങ്ങളിൽ ചൂട്ടുകറ്റ കത്തിച്ചെറിയുന്നത് ഒരു ചടങ്ങായിരുന്നു.

അരിയാട

തെങ്ങിന്റെ കൂമ്പ് പൊതിഞ്ഞ് നെറ്റ് പോലെ കാണുന്നു. പണ്ട് കാലത്ത് പച്ചില മരുന്നുകൾ അരിച്ചെടുക്കുവാൻ ഇവ ഉപയോഗിച്ചിരുന്നു.

(തുടരും)

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.

മറുപടി തയ്യാറാക്കിയത് : ഉദയഭാനു കണ്ടേത്ത്
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221



പഞ്ചായത്ത് അക്കൗണ്ട്
ചോദ്യങ്ങളും ഉത്തരങ്ങളും

ചോദ്യം :

ലെറ്റർ ഓഫ് അതോറിറ്റി മുഖേന ലഭിക്കുന്ന വികസന ഫണ്ട് കാഷ്ബുക്കിൽ ട്രഷറികോളത്തിൽ എഴുതേണ്ടതല്ലേ? ഇതിൽവരുന്ന ചെലവ് കാഷ്ബുക്കിൽ ട്രഷറികോളത്തിലല്ലേ എഴുതേണ്ടത്? എന്നാൽ, കില പുറത്തിറക്കിയ 'ധനമാനേജ്മെന്റ്' എന്ന പുസ്തകത്തിൽ (പേജ് 115) ഇങ്ങനെ പറയുന്നു. 'നിർവഹണ ഉദ്യോഗസ്ഥൻ ചെലവുചെയ്യുന്ന തുക, അവരുടെ ചെലവ് സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ ലഭിക്കുന്ന ദിവസം കാഷ്ബുക്കിന്റെ വരവ് - ചെലവ് ഭാഗങ്ങളിൽ കാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു. ഇതിന് വിശദീകരണം തരാമോ?

- അഷ്റഫ് വി.എൻ
യു.ഡി. ക്ലർക്ക്,
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

ഉത്തരം :

മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ നൽകുന്ന രീതി പരിഷ്ക്കരിച്ചു. ഇതിനായി 2006 ഏപ്രിൽ 12 ലെ ജിഒ(പി) 177/ 2006/ഫിൻ - നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതു പ്രകാരമാണ് ലെറ്റർ ഓഫ് അതോറിറ്റി മുഖേന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ ട്രഷറിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പുതുതായി ആരംഭിച്ച വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ്/എംഎഫ്/ എംസിഎഫ് I,II,III എന്നീ അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ ആരംഭിച്ചത്.

ലെറ്റർ ഓഫ് അതോറിറ്റി മുഖേന ലഭിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽപർപ്പസ് ഫണ്ട് എന്നിവയുടെ വരവ് കാഷ്ബുക്കിൽ വരവ് ഭാഗത്ത് ട്രഷറി കോളത്തിൽ (അതായത് 'തനതു പിഡി അക്കൗണ്ട്' എന്ന ഒരൊറ്റ കോളത്തിൽ) രേഖപ്പെടുത്തണം. ലെറ്റർ ഓഫ് അതോറിറ്റി ലഭിക്കുമ്പോഴാണ് ഇപ്രകാരം വരവ് രേഖപ്പെടുത്തുന്നത്. ട്രഷറിയിൽ ബിൽ സമർപ്പിച്ച് കാഷ് അഥവാ ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കുമ്പോൾ ചെലവ് ഭാഗത്ത് ട്രഷറി കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ കാഷ്ബുക്കിൽ ചെലവുഭാഗത്ത് ട്രഷറി കോളത്തിൽ രേഖപ്പെടുത്തുന്നു.

കില 'ധനമാനേജ്മെന്റ്' എന്ന പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ രണ്ടാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശകളെ തുടർന്ന് 2004 നവംബർ 3-ാം തീയതി സംസ്ഥാനസർക്കാർ പുറപ്പെടുവിച്ച ജിഒ(പി)516/2004/ഫിൻ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നടപ്പിൽ വന്ന ബിൽ സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. ഈ സമ്പ്രദായപ്രകാരം സംസ്ഥാനസർക്കാർ നൽകിയ ഫണ്ടുകൾ മുഴുവനും കൺസോളിഡേറ്റഡ് ഫണ്ടിലാണ് നിലനിന്നിരുന്നത്. അതിനാൽ ട്രഷറിയിൽ നിന്നു തുക ലഭിക്കുമ്പോൾ കാഷ് ബുക്കിൽ വരവു ഭാഗത്തും ചെലവു ഭാഗത്തും രേഖപ്പെടുത്തേണ്ടിയിരുന്നു. 2006 ഏപ്രിൽ 12 ലെ സർക്കാർ ഉത്തരവിനെ തുടർന്ന് സ്ഥിതിയിൽ മാറ്റം വന്നു. ഇപ്പോൾ വികസന ഫണ്ടും മെയിന്റനൻസ് ഫണ്ടും പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. അതിനാൽ 'ധനമാനേജ്മെന്റ്' എന്ന പുസ്തകത്തിൽനിന്ന് ഉദ്ധരിച്ചഭാഗം ഇപ്പോൾ പ്രസക്തമല്ല.

ചോദ്യം :

താങ്കളുടെ ലേഖനത്തിൽ ആദായനികുതി, വാറ്റ് എന്നീ ഇനങ്ങളിൽ ചെലവു വരുന്നതായി വിശദീകരിച്ചിട്ടുണ്ട്. 'മൈതാനം ഹൈസ്കൂൾ റോഡ് നിർമ്മാണ' ത്തിനുള്ള ചെലവ് മാത്രമാണ് ചെലവ് രജിസ്റ്ററിൽ എഴുതാൻ സാധിക്കുന്നത്. ആദായനികുതി, വാറ്റ് എന്നീ ഇനങ്ങളിലെ ചെലവ് ഈ റോഡ് നിർമ്മാണത്തിനു തന്നെയാണെങ്കിലും, നികുതി ഇനങ്ങളിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതല്ലേ?

- അഷ്റഫ് വി.എൻ, യു.ഡി. ക്ലർക്ക്,
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

ഉത്തരം

നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ, റിക്കവറി തുകകളായ ആദായനികുതി, വാറ്റ് എന്നിവയ്ക്കുള്ള ചലാൻ രസീതുകളും, നിർമ്മാണതൊഴിലാളി ക്ഷേമനിധിക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും, കരാറുകാരന് നൽകാനുള്ള ഡിമാന്റ് ഡ്രാഫ്റ്റിനോടൊപ്പം ലഭിക്കുന്നു. ബാങ്കിംഗ് ട്രഷറിയായാലും നോൺബാങ്കിംഗ് ട്രഷറിയായാലും ഇക്കാര്യത്തിന് ഒരൊറ്റ ബിൽ മാത്രമേ ഉള്ളൂ. കരാറുകാരന് തുക നൽകുമ്പോൾ, റിക്കവറി സംബന്ധിച്ച യാതൊരു ബാദ്ധ്യതയും പഞ്ചായത്തിന്റെ പേരിൽ നിലനില്ക്കുന്നില്ല. റിക്കവറി തുകകൾ ഉൾപ്പെടെയുള്ള ചെലവാണ് നിർമ്മാണപ്രവൃത്തിയുടെ ചെലവ്. അതിനാൽ നിർമ്മാണപ്രവൃത്തിയുടെ ചെലവിനുപുറമേ, റിക്കവറി തുകകൾക്കുവേണ്ടിയുള്ള ചെലവ് അധികമായി രേഖപ്പെടുത്തുന്നത് ശരിയല്ല. എന്നാൽ, റിക്കവറി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നതിനുവേണ്ടി കാഷ്ബുക്കിന്റെ വിവരണം കോളത്തിലും, പ്രത്യേക രജിസ്റ്ററിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ചോദ്യം :

തനതുഫണ്ട് വകയിരുത്തിയ ഭവന നിർമ്മാണ പദ്ധതികൾ നിർവഹണം നടത്തുന്ന നിരവധി ഗുണഭോക്താക്കൾക്ക് ചെക്ക് അനുവദിക്കേണ്ടി വരുന്നുണ്ട്. ഈ സന്ദർഭങ്ങളിൽ ഇവ നിർവഹണ ഉദ്യോഗസ്ഥർക്കല്ലാതെ മൂന്നാം കക്ഷിക്ക് (Third Party) അനുവദിക്കാൻ കഴിയുമോ? 12.4.2006 ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവുപ്രകാരം തനതു ഫണ്ടിന്റെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ സെക്രട്ടറി മാത്രമാകയാൽ വിവിധവ്യക്തികളുടെ പേരിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥന് ചെക്ക് നൽകുകയല്ലേ വേണ്ടത്?

- എസ്. അനീഷ്
രാകേന്ദു, തൃക്കരിപ്പൂർ

ഉത്തരം :

ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥർക്ക് തുക നൽകേണ്ടി വരുമ്പോൾ നിർവഹണ ഉദ്യോഗസ്ഥന്റെ പേരിലോ മൂന്നാം കക്ഷിയുടെ പേരിലോ സെക്രട്ടറി ചെക്ക് നൽകേണ്ടതാണെന്ന് 2006 ഏപ്രിൽ 12ലെ ജിഒ(പി)177/2006/ ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നു. തനതുഫണ്ടിൽ നിന്ന് ചെക്ക് നൽകുമ്പോൾ ഇതേ മാനദണ്ഡംതന്നെ അവലംബിക്കേണ്ടതാണ്.

ചോദ്യം :

തെറ്റായ ക്ലാസിഫിക്കേഷൻ ട്രാൻസ്ഫർ എൻട്രി മുഖേന തിരുത്തുന്നതിന് ഒരു ഉദാഹരണം നൽകാമോ?

- കെ.ആർ. രാധകൃഷ്ണൻ
അരൂർ ഗ്രാമപഞ്ചായത്ത്

ഉത്തരം :

2008 ജൂണിൽ പിരിച്ചെടുത്ത 1250 രൂപയുടെ തൊഴിൽ നികുതി, വസ്തു നികുതിയായിട്ടാണ് വരവു വച്ചത്. ഈ തെറ്റ് 2008 നവംബറിൽ കണ്ടു പിടിച്ച് തിരുത്തുകയാണെങ്കിൽ താഴെ പറയുന്ന രീതിയിൽ ട്രാൻസ്ഫർ എൻട്രി തയ്യാറാക്കണം.

ഡെബിറ്റ്		ക്രെഡിറ്റ്
1250 രൂപ	വസ്തുനികുതി	
	തൊഴിൽ നികുതി	1250 രൂപ

ട്രാൻസ്ഫർ എൻട്രി രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം കാഷ്ബുക്കിൽ രേഖപ്പെടുത്തുക. കാഷ് ബുക്കിലെ ക്രമനമ്പർ പ്രകാരമുള്ള വൗച്ചർ നമ്പർ നൽകുക. ഡെബിറ്റ് ചെയ്യുന്ന 1250 രൂപ കാഷ് ബുക്കിൽ ചെലവു ഭാഗത്ത് കാഷ് കോളത്തിൽ എഴുതുക. 'വസ്തുനികുതി' എന്ന് ക്ലാസിഫിക്കേഷൻ നൽകുക. ക്രെഡിറ്റ് ചെയ്യുന്ന 1250 രൂപ കാഷ് ബുക്കിൽ വരവുഭാഗത്ത് കാഷ് കോളത്തിൽ രേഖപ്പെടുത്തി, 'തൊഴിൽ നികുതി' എന്ന് ക്ലാസിഫിക്കേഷൻ നൽകുക. ഒരേ വൗച്ചർ നമ്പർ തന്നെയാണ് വരവു ഭാഗത്തും എഴുതേണ്ടത്. ഇതിന്റെ ഫലമായി വരവുരജിസ്റ്ററിൽ 1250 രൂപ തൊഴിൽ നികുതി'യുടെ കോളത്തിലും 1250 രൂപ മൈനസ് എൻട്രിയായി 'വസ്തുനികുതി'യുടെ കോളത്തിലും രേഖപ്പെടുത്തുന്നു. (തുടരും)

രണ്ട് കഥകൾ

സനത് മലപ്പുറം

തണൽ

പകലുകൾ മാഞ്ഞുപോകുമ്പോഴാണ് അയാൾ ഓർമ്മകളോടൊപ്പം ഏറെ സമയം ചിലവിടുന്നത്. വൃദ്ധകാലത്തിന്റെ അസ്വാസ്ഥ്യങ്ങൾക്കും നഷ്ടഭാവങ്ങൾക്കും ഒരു പരിധിവരെ അതെല്ലാം മറുമരുന്നാകുമെന്ന് വിശ്വസിക്കുകയും ചെയ്തു.

മുറിച്ചും ഏച്ചുകെട്ടിയും തുടർച്ചകളുടെ തഴക്കത്താൽ നെയ്തു പഴകിയ സ്നേഹബന്ധങ്ങൾ. ഗർവ്വിലും നിരാസത്തിലും ഹൃദയലോലത പൊതിഞ്ഞൊളിച്ച് വെട്ടിപ്പിടിച്ചെടുത്ത വിസ്തൃതലാഭങ്ങൾ. തലമുറയുടെ വരുംപരമ്പരകൾക്കുപോലും പങ്കിടാൻ കരുതിയതെല്ലാം നുറുങ്ങും തരിമ്പുമായി തട്ടിപ്പറിച്ചെടുത്ത വിധിവൈപരീത്യങ്ങൾ. ആഹ്ലാദത്തിന്റെ വെളിച്ചക്കുത്തുകൾ. വേദനയുടെ വിങ്ങലുകൾ.... ഓർമ്മകളൊക്കെയും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ തെളിമയുടെ പരിമാണങ്ങൾക്കും പരിണാമങ്ങൾക്കും കീഴ്പ്പെടുന്നു.

ഏറെയും വ്യക്തത മക്കളുടെ നിസ്വാർത്ഥമായ സ്നേഹത്തിനും സംരക്ഷണത്തിനും മാത്രമാണെന്ന തിരിച്ചറിവിൽ അയാളുടെ ഇടനെഞ്ച് പിടയ്ക്കാറുണ്ട്; കാഴ്ച കലങ്ങാറുണ്ട്. "മറ്റൊന്നും കൊണ്ടല്ല, സന്തോഷം..... അഭിമാനം!" അതാണ് അയാൾ പറയുക.

ഉയരങ്ങളിലേയ്ക്കുള്ള തിടുക്കയാത്രയിൽ അവരെത്രമേൽ തിരക്കിലാണെങ്കിലും മറക്കാതെ നീട്ടാറുള്ള സമ്മാനങ്ങൾ, പരിരംഭണം, ഇഷ്ടചുംബനങ്ങൾ. ഇവയെല്ലാം മതിയാവോളം മധുരമുള്ള സുകൃതമാവാറുണ്ടല്ലോ. എന്നാലുമെന്നാലും അയാൾക്ക് ഏറെയിഷ്ടം മുറ്റത്തെ, കാറ്റുപായുന്ന പച്ചമരത്തണലിനെയാണ്. ആരായിരിക്കാം ഈ തണൽമരം ഇവിടെ നട്ടുപിടിപ്പിച്ചതെന്ന് പലപ്പോഴും അറിയാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, ആ വൃദ്ധസദനത്തിന്റെ നടത്തിപ്പുകാർക്കൊന്നും അതറിയില്ല.

ഭ്രാന്ത്

ഈ നാടിന്റെ ഹൃദയം തന്നിലാണ് മിടിക്കുന്നതെന്ന് അയാൾ പുലമ്പാറുണ്ട്; അങ്ങനെ പലതും...... മഴക്കാലമാണ് പ്രിയം. മഴ പെയ്തു തുടങ്ങിയാൽ അയാൾ പുറത്തിറങ്ങും. മഴ തീരുംവരെ അതു നനഞ്ഞ് കുട്ടികളെപ്പോലെ ഉറക്കെ പാട്ടുപാടി നൃത്തം ചെയ്യും. ഗ്രാമവാസികൾ അതുകണ്ട് ആസ്വദിച്ച് ചിരിക്കാറുണ്ട്. ചിലരൊക്കെ പറയും – "പിരാന്താണേലും നേരമ്പോക്കാണ്." ഗ്രാമവാസികൾ അയാൾക്കൊരു വിളിപ്പേരുമിട്ടിരുന്നു – മഴപ്പിരാന്തൻ.

ഒരു മഴക്കാലത്തിന്റെ തുടക്കത്തിലാണ് അയാൾ ഗ്രാമത്തിൽ നിന്ന് അപ്രത്യക്ഷനായത്. എവിടെപ്പോയെന്നോ എങ്ങനെ പോയെന്നോ ആർക്കുമറിയില്ല.

ഗ്രാമവാസികളുടെ മുഖം വാടി; ഗ്രാമത്തിന്റെയും. അവർക്ക് ചിരിക്കാൻ മറ്റുകാരണങ്ങളില്ലായിരുന്നല്ലോ. അവർ അയൽഗ്രാമങ്ങളിൽ ചെന്ന് അയാളെ അന്വേഷിച്ചു. പട്ടണത്തിലെ ആശുപത്രി മോർച്ചറിയിൽ അന്വേഷിച്ചു. പുഴയിലും കുളങ്ങളിലും അന്വേഷിച്ചു. ഫലമുണ്ടായില്ലെന്നു മാത്രമല്ല അയാളെക്കുറിച്ച് ഒരു വിവരവും കിട്ടിയതുമില്ല.

അങ്ങനെയിരിക്കെ, മറ്റൊരു മഴക്കാലത്ത് ശീലക്കുടയും ചൂടി അയാൾ ഗ്രാമത്തിൽ പ്രത്യക്ഷപ്പെടുകയും നിർത്താതെ പൊട്ടിച്ചിരിക്കുകയും ചെയ്തു. ഗ്രാമവാസികൾ സകലരും മഴ നനഞ്ഞ് നൃത്തം ചെയ്യുന്നുണ്ടായിരുന്നു.

ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD

ഹൃദയസ്തംഭനം

കേരളത്തിൽ ഹൃദയസ്തംഭനം മൂലം കുഴഞ്ഞുവീണു മരിക്കുന്നവരുടെ എണ്ണം കൂടി വരുകയാണ്. പെട്ടെന്നുണ്ടാകുന്ന മരണങ്ങളിൽ ഏറ്റവും കൂടുതൽ ഹൃദയസ്തംഭനം മൂലമാണ്.

പെട്ടെന്നുള്ള ഹൃദയസംബന്ധമായ മരണം (Sudden Cardiac Death)

അമിത വിയർപ്പ്, വേദന, നെഞ്ചുവേദന, ശ്വാസംമുട്ടൽ, കൈയ്ക്കു തരിപ്പും, വേദനയും എന്നിങ്ങനെ പ്രാഥമിക ലക്ഷണങ്ങളുണ്ടായി ഒരു മണിക്കൂറിനകം മരണം ഉണ്ടാകുന്നതാണ് ഈ അവസ്ഥ. ഹൃദയത്തിന്റെ പ്രവർത്തനം നിലച്ച് ഹൃദയത്തിൽ നിന്നും രക്തപ്രവാഹം ഇല്ലാതാകുന്ന അവസ്ഥയാണ് ഹൃദയസ്തംഭനം. ചുരുങ്ങിയത് 4 മിനിട്ട് ദൈർഘ്യം ഹൃദയം പ്രവർത്തനരഹിതമായാൽ തലച്ചോറിന് തിരിച്ചുവരാൻ സാധിക്കാത്തവിധം ക്ഷതം ഏൽക്കുന്നു. അതോടെ വ്യക്തി മരിക്കുന്നു. ഹൃദയം ശക്തിയായി സങ്കോചിക്കുന്നതിനുപകരം അതിവേഗം വിറയ്ക്കുകയാണെങ്കിൽ (Ventricular fibrillation) രക്തസംക്രമണം നില്ക്കുകയും ഹൃദയസ്തംഭനം ഉണ്ടാകുകയും ചെയ്യുന്നു. ചുരുക്കം ചില രോഗികളിൽ ഹൃദയത്തിന്റെ പ്രവർത്തനം പൂർണ്ണമായി നില്ക്കുന്നു. ഈ അവസ്ഥയും ഹൃദയസ്തംഭനമാണ്. പലവിധത്തിലുള്ള ഹൃദ്രോഗങ്ങളിലും ഹൃദയസ്തംഭനം ഉണ്ടാകാം. എന്നാൽ ഏറ്റവും കൂടുതൽ ഹൃദയസ്തംഭനത്തിന്റെ കാരണം ഹൃദ്രോഗബാധ (Heart attack) ആണ്. അമേരിക്കയിൽ കണക്കുകൾ സൂചിപ്പിക്കുന്നതനുസരിച്ച് 4 – 5 ലക്ഷം രോഗികൾ ഹൃദയസ്തംഭനം മൂലം പ്രതിവർഷം മരിക്കുന്നു.



ഇന്ത്യയിലെ സ്ഥിതി ഇതിൽ പതിന്മടങ്ങു കൂടുതലാണ്. ഹൃദയസ്തംഭനത്തിന് ശരിയായ ചികിത്സ ലഭിക്കുന്നവരിൽ ഏകദേശം 15–20 ശതമാനം പേർ രക്ഷപ്പെടാറുണ്ട്.

ഒരിക്കൽ ഹൃദ്രോഗബാധ ഉണ്ടായാൽ ഇവർക്ക് വീണ്ടും ഹൃദ്രോഗം വരാൻ സാധ്യത കൂടുതലാണ്.

അമിതമദ്യപാനം, അമിത പുകവലി, അമിത ഉറക്കമിളപ്പ് എന്നിവയെല്ലാം ഹൃദ്രാഗം വരുത്തിവയ്ക്കും കൂടാതെ എല്ലാവിധത്തിലും ഒന്നാമതാകാനുള്ള ശ്രമമുള്ള ചില personality (Type A Personality) ഉള്ളവർക്കും ഹൃദ്രോഗമുണ്ടാകാനിടയുണ്ട്. അമിതവണ്ണമുള്ളവർ, പ്രമേഹരോഗികൾ എന്നിവർക്കും ഹൃദ്രോഗമുണ്ടാകാൻ സാധ്യതയുണ്ട്.

താഴെപ്പറയുന്നവരിൽ ഹൃദയസ്തംഭന സാധ്യത കൂടുതലാണ്.

1. ഹൃദയധമനികളിൽ രോഗമുള്ളവർ: ഹൃദയ ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി ചുരുങ്ങിയിരിക്കുന്ന



ഏതൊരാൾക്കും ഹൃദ്രോഗബാധയുണ്ടാകാനിടയുണ്ട്.

2. ഹൃദയത്തിന്റെ സങ്കോചശക്തി കുറഞ്ഞ വ്യക്തികളിൽ ഹൃദയസ്തംഭനത്തിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.
3. ഹൃദയമാംസ പേശികളിൽ രോഗമുള്ളവർക്ക് പേശികളുടെ ശക്തികുറഞ്ഞ് ഹൃദയം വികസിക്കുക, കട്ടി കൂടുക എന്നിങ്ങനെയുള്ളവർക്കും ഹൃദ്രോഗം ഉണ്ടാകാം.
4. ധമനികളിലേയ്ക്കുള്ള വാൽവിന് ചുരുങ്ങലുള്ളവർക്കും, അയോർട്ടിക് വാൽവ് (Aortic Valve) കേടായവർക്കും ഹൃദ്രോഗം ഉണ്ടാകാം..

പരിശോധനകൾ

1. ഇസിജി (ECG)യിൽ വ്യതിയാനങ്ങൾ കാണാം.
2. നെഞ്ചിന്റെ എക്സ്റേ, (Chest X ray)
3. Echo cardiograph
4. T.MT. വ്യായാമം ചെയ്തുകഴിഞ്ഞ ശേഷം ഹൃദയപരിശോധന

മേൽ പരിശോധനകളിൽ നിന്നും ഹൃദ്രോഗമുണ്ടാകാൻ ഇടയുണ്ടോ എന്നു മനസ്സിലാക്കാൻ കഴിയും. ഹോൾട്ടർ മോണിട്ടർ, ആൻജിയോഗ്രാം എന്നീ പരിശോധനകളും നടത്താറുണ്ട്.

എങ്ങനെ തടയാമെന്ന് നോക്കാം

- പുകവലി പാടില്ല. പുകവലിക്കുന്നവരിൽ ഹൃദയസ്തംഭനവും മരണവും ഉണ്ടാകാൻ ഇടയുണ്ട്.
- ക്രമമായ വ്യായാമം ഹൃദ്രോഗബാധ തടയുന്നു.
- പ്രമേഹം, അധികമായ രക്തസമ്മർദ്ദം (High Blood Pressure), അമിതകൊഴുപ്പ് (High cholestrol) എന്നിവയെ ചികിത്സയിലൂടെയോ ജീവിതശൈലിയിലൂടെയോ നിയന്ത്രിക്കണം.
- രാവിലെ 3 കിലോമീറ്റർ നടക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യത്തിന് വളരെ നല്ലതാണ്. കൊഴുപ്പ് കുറയ്ക്കുന്നതിനും അതു സഹായിക്കും.
- യുവാക്കളും മദ്ധ്യവയസ്ക്കരും കായികവിനോദങ്ങളിൽ ഏർപ്പെടുന്നതും ആരോഗ്യത്തിന് നല്ലതാണ്. ഹൃദയമാംസപേശികളുടെ രോഗമുള്ളവർ ഓടുക, നീന്തുക എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്.

മഹാധമനികളിലെ വാൽവ് ചുരുങ്ങിയിരിക്കുന്ന രോഗികളിൽ അതിന്റെ ചികിത്സയായ വാൽവ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തണം.

ഹൃദയമിടിപ്പ് വളരെകുറഞ്ഞ രോഗികളിലും ഹൃദയസ്തംഭന സാധ്യതയുണ്ട്. രോഗികളിൽ ഹൃദയത്തിന്റെ ഇടിപ്പ് കൂട്ടാനായി പേസ്മേക്കർ (pacemaker) ഘടിപ്പിക്കുന്നതു മൂലം ഹൃദയസ്തംഭന സാധ്യത പൂർണ്ണമായി ഇല്ലാതാക്കാം.

ഹൃദയസ്തംഭനത്തിൽ നിന്നും രക്ഷപ്പെട്ടവർക്ക് എന്താണ് ചികിത്സാവിധി?

ഇക്കൂട്ടർക്ക് വീണ്ടും ഹൃയസ്തംഭനം ഉണ്ടാകാൻ ഇടയുണ്ട്. ഹൃദയത്തിന്റെ പ്രവർത്തനം സാധാരണ വിധത്തിലാക്കാൻ സഹായിക്കുന്ന Automatic implantable cardioverter Defibrillator (AICD) എന്ന ഉപകരണംവയ്ക്കാം. ഈ ഉപകരണം ഹൃദയപ്രവർത്തനത്തിലെ ക്രമക്കേട് Fibrillation അഥവാ വിറയ്ക്കുന്ന അവസ്ഥ തിരിച്ചറിഞ്ഞ് ഹൃദയത്തിലേയ്ക്ക് ഷോക്ക് നല്കുന്നു. ഈ ചികിത്സമൂലം ഹൃദയം സാധാരണ വിധത്തിലുള്ള പ്രവർത്തനത്തിലേയ്ക്ക് മടങ്ങി വരുന്നു.

മരുന്നുകൾ

ബീറ്റാ ബ്ലോക്കർസ് (Beta Blockers) മരുന്നുകൾ ഹൃദയസ്തംഭനം തടയാൻ ഗുണകരമാണ്. ഹൃദയതുടിപ്പ് ക്രമീകരിക്കുവാൻ Amiodarone എന്ന മരുന്നു ഫലപ്രദമാണ്. ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് മാത്രമേ മരുന്നുകൾ ഉപയോഗിക്കാൻ പാടുള്ളു. ഈ രോഗികളിൽ AICDവയ്ക്കുന്നതും ഗുണകരമാണ്.

ചിട്ടയായ വ്യായാമം, ചിട്ടയായ ജീവിതശൈലി, കൊഴുപ്പ് കുറയ്ക്കുന്ന ഭക്ഷണരീതി, ബീറ്റാ ബ്ലോക്കർ മരുന്നുകൾ ഇവയെല്ലാം കൊണ്ട് ഹൃദ്രോഗം ഏറെക്കുറെ തടയാൻ സാധിക്കും.

ലേഖകൻ
നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം
ജോയിന്റ് ഡയറക്ടറാണ്
email:
drthomasvarghese2003@yahoo.co.in
Mobile: 9847430210

ലേഖന പരമ്പര - 12



റോയ് ചാക്കോ ഇളമണ്ണൂർ

തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

തിരുനെൽവേലി ബസ് ടെർമിനലാണ് തമിഴ്നാട്ടിലെ ഏറ്റവും മനോഹരമായ ബസ് സ്റ്റാന്റ്. 2003ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഇത് തമിഴ്നാട്ടിലെ ഏറ്റവും വലിയ ബസ് സ്റ്റാന്റുകളിലൊന്നാണ്. ചെന്നൈയിലെ കോയമേട്, ഈറോഡ് എന്നിവിടങ്ങളിലെ ബസ് സ്റ്റാന്റുകളാണ് മറ്റ് 2 വലിയ ബസ് സ്റ്റാന്റുകൾ. കോയമേട് ബസ് സ്റ്റാന്റും ഈയടുത്തകാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടതാകയാൽ നല്ല സംവിധാനത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. ഈറോഡ് ബസ് സ്റ്റാന്റ് ഉദ്ഘാടനം ചെയ്തിട്ട് 20 വർഷം ആയെങ്കിലും വിസ്തൃതിയേറിയ നല്ല ക്രമീകരണങ്ങൾ ഉള്ള ബസ് സ്റ്റാന്റായിട്ട് തന്നെയാണ് പണിതത്. വിസ്തൃതിയേറിയ പാർക്കിംഗ് ഏരിയ, തണൽ മരങ്ങൾ, മുൻവശത്ത് പാർക്ക് പോലെയുള്ള ക്രമീകരണം ഒക്കെയുള്ളതിനാൽ തിരുനെൽവേലിയിലെ ബസ് സ്റ്റാന്റ് തന്നെയാണ് തമിഴ്നാട്ടിലെ ഏറ്റവും മനോഹരമായ ബസ് സ്റ്റാന്റ്. മുൻപ് സൂചിപ്പിച്ചിരുന്നതുപോലെ, ഇതുപോലെ ഒരു ബസ് സ്റ്റാന്റ് കേരളത്തിൽ ഉണ്ടാകുവാൻ ഏറ്റവും കുറഞ്ഞത് 50 വർഷമെങ്കിലും കാത്തിരിക്കേണ്ടിവരും എന്നാണ് തോന്നുന്നത്.

തിരുനെൽവേലി നഗരമധ്യത്തിൽ നിന്നും 8 കിലോമീറ്റർ അകലെയാണ് പുതിയ ബസ് സ്റ്റാന്റ് നിർമ്മിച്ചത്. പഴയ ബസ് സ്റ്റാന്റ് നഗരമധ്യത്തിൽ തന്നെയാണ്. റയിൽവേസ്റ്റേഷൻ, പഴയ ബസ് സ്റ്റാന്റ് എന്നിവ അടുത്തടുത്താണ്. ഇപ്പോൾ ലോക്കൽ ബസ് സ്റ്റേഷനായി പഴയ ബസ് സ്റ്റാന്റിനെ ഉപയോഗിക്കുന്നു.

ബസ് സ്റ്റാന്റിനെ 4 ഭാഗമായി തിരിച്ചിട്ടുണ്ട്. എല്ലാ ഭാഗത്തും കടമുറികളും ടൊയിലറ്റുകളും യഥേഷ്ടമുണ്ട്. നാഗർകോവിൽ ഭാഗത്തേയ്ക്കുള്ള ബസുകൾ ഒരു ഭാഗത്തും തൂത്തുക്കുടി ഭാഗത്തേയ്ക്കു ബസുകൾ മറ്റൊരു ഭാഗത്തും തെങ്കാശി ഭാഗത്തേയ്ക്കുള്ള ബസുകൾ വേറൊരു വശത്തും മധുര, കോവിൽപെട്ടി, തൃശിനാപ്പള്ളി, ചെന്നൈ ഭാഗങ്ങളിലേക്കുള്ള ബസുകൾ മറ്റൊരു വശത്തുമായി നല്ല അടുക്കും ചിട്ടയോടെയും പാർക്ക് ചെയ്യും. ഓരോ ഭാഗത്തും ഒരേ സമയം 15 ഓളം ബസുകൾക്ക് വന്ന് പാർക്ക് ചെയ്യുവാൻ ബസ് വേകൾ ഉണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ട് ഇല്ലാതെ ബസിന്റെ പടി കയറുവാനായി ഒരുപടി ഉയരത്തിൽ കോൺക്രീറ്റ് പാത നിർമ്മിച്ചിട്ടുണ്ട്. ഇത്തരം 2 പാതകളുടെ നടുക്കാണ് ബസ് വന്ന് നിൽക്കുന്നത്. ഈ പാതയുള്ളതിനാൽ ബസിനിടയിൽപെട്ട് അത്യാഹിതവും ഉണ്ടാകില്ല. ബസ് സ്റ്റാന്റിലൂടെ (ബസ് ഓടുന്ന ടാറിട്ട സ്ഥലത്തുകൂടി) യാത്രക്കാർക്ക് നടക്കേണ്ടതില്ല. എല്ലാ സ്റ്റാന്റിലും (ഭാഗത്തും) യാത്രക്കാർക്ക് ടാറിട്ട ഭാഗത്ത് ഇറങ്ങാതെ തന്നെ കടകൾക്ക് മുൻപിലൂടെ നടന്നുപോകുവാൻ ആവശ്യത്തിന് വിസ്തൃതിയിലാണ് പണിതിരിക്കുന്നത്.

ബസ് സ്റ്റാന്റിൽ അൻപതോളം കടകളുണ്ട്. മരുന്നുകടകളും തുണിക്കടകളും വരെയുണ്ട്. നല്ല നിലവാരമുള്ള ഹോട്ടലുകളുമുണ്ട്. ധാരാളം ടെലിഫോൺ ബൂത്തുകൾ. വൃത്തിയുള്ള നിരവധി ടൊയിലറ്റുകൾ. എപ്പോഴും ബസ് സ്റ്റാന്റ് തൂത്തുക്കൊണ്ടിരിക്കാൻ ജോലിക്കാർ. ധാരാളം ഏക്കർ വിസ്തൃതിയുള്ളതിനാൽ നല്ല കാറ്റും ലഭിക്കും. 4 വശത്തും തണൽമരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റിനോട് ചേർന്നുള്ള വിശാലമായ കാർ, ബൈക്ക് പാർക്കിംഗ് സൗകര്യം. നൂറ് കണക്കിന് ഇരുചക്രവാഹനങ്ങൾക്ക് വെയിലൊ മഴയൊ ഏൽക്കാതെ വാഹനം 24 മണിക്കൂർ പാർക്ക് ചെയ്യാൻ അന്ന് 2 രൂപ നൽകിയാൽ മതിയായിരുന്നു. ബസ് സ്റ്റാന്റിലേയ്ക്ക് ബസുകൾക്ക് വരുവാൻ നല്ല വീതിയുള്ള 2 റോഡുകൾ. ബസുകൾക്ക് പുറത്തേക്കുപോകുവാൻ വേറെ റോഡ്. ഈ റോഡിന് 3 ബസ് ഒരുമിച്ച് പോകാനുള്ള വീതിയുണ്ട്. റോഡുകളുടെ ഇരുവശത്തും തണൽ മരങ്ങൾ. യാത്രക്കാർക്ക് നടന്നും സ്വകാര്യവാഹനങ്ങളിലും ടാക്സികളിലുമായി ബസ് സ്റ്റാന്റിൽ എത്തുവാൻ പ്രത്യേകം റോഡുണ്ട്. ഇതുവഴി ബസ് വരില്ല. ബസുകൾക്ക് വരാനുള്ള 2 റോഡുകളും പോകാനുള്ള ഒരു റോഡും സ്റ്റാന്റിന്റെ ഓരോ മൂലയ്ക്ക് കൂടിയാണ്. എന്നാൽ യാത്രക്കാർക്ക് എത്താനുള്ള റോഡ് നടുക്ക് കൂടിയാണ്.

സ്റ്റാന്റിന് സമീപം ഓട്ടോറിക്ഷകൾക്ക് പാർക്ക് ചെയ്യാൻ ധാരാളം സ്ഥലം ഒരുക്കിയിട്ടുണ്ട്. ഇവിടെയും തണൽമരങ്ങൾ വളർത്തിയിട്ടുണ്ട്. ധാരാളം വേപ്പ് മരങ്ങൾ കാണാം. സ്റ്റാന്റിൽ എത്ര മഴ പെയ്താലും ഒരു തുള്ളി വെള്ളം പോലും കെട്ടിനിൽക്കുകയില്ല. ചെറിയ ചായ്വ് കൊടുത്തുകൊണ്ടാണ് തറ ടാറിട്ടിരിക്കുന്നത്. വെള്ളം പാടശേഖരങ്ങളിലേക്ക് നിമിഷങ്ങൾക്കുള്ളിൽ എത്തും.

തിരുനെൽവേലി - നാഗർകോവിൽ റൂട്ടിൽ ദേശീയ പാതയോട് ചേർന്ന് പാടശേഖരങ്ങൾ നികത്തിയാണ് പുതിയ ബസ് സ്റ്റാന്റ് തിരുനെൽവേലി കോർപ്പറേഷൻ പണിതത്. അതിനാൽ സമീപമുള്ള പാടനിരപ്പിൽ നിന്നും ഉയർന്നുനിൽക്കുന്നതിനാൽ ബസ് സ്റ്റാന്റിൽ മഴമൂലം യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. മഴ ബസ് സ്റ്റാന്റിനെ കഴുകി വൃത്തിയാക്കുകയാണ് ചെയ്യുന്നത്. ഇതും പ്രശംസനീയമായ ഒരു പ്ലാൻ തന്നെയാണ്. മഴ പെയ്താൽ ചെളിക്കുളമാകുന്ന കേരളത്തിലെ പല ബസ് സ്റ്റാന്റുകളിൽ എത്തുമ്പോൾ തിരുനെൽവേലി ബസ് സ്റ്റാന്റിനെ ഓർത്തുപോകും. അത് നിർമ്മിച്ചവരെ അറിയാതെ സ്തുതിച്ചുപോകും.

ബസ് സ്റ്റാന്റ് തുടങ്ങിയ സമയത്ത് ബസ് സ്റ്റാന്റിന്റെ പരിസരത്ത് ഒരിടത്തും മൂത്രം ഒഴിക്കാൻ അനുവദിച്ചിരുന്നില്ല. ആരെങ്കിലും അങ്ങനെ മൂത്രം ഒഴിച്ചാൽ കയ്യോടെ പിടികൂടി 10 രൂപ പെനാൽറ്റി ചുമത്താൻ കോർപ്പറേഷൻ പോലീസിനെ ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം 6 മാസക്കാലം പെനാൽറ്റി ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് അധികൃതർ പരസ്യപ്പെടുത്തിയിരുന്നു. അക്കാര്യം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. തുക എത്രയായിരുന്നുവെന്ന് ഞാനിപ്പോൾ ഓർക്കുന്നില്ല. ആയിരക്കണക്കിന് രൂപ ഉണ്ടായിരുന്നു.

യാത്രക്കാർക്ക് വേണ്ടി ധാരാളം ടൊയിലറ്റുകൾ ബസ് സ്റ്റാന്റിലുണ്ട്. 12 ടൊയിലറ്റുകൾ ഉണ്ടെന്നാണ് ഓർമ്മ. ഒരേ സമയം 30 പേർക്ക് ഉപയോഗിക്കാം. ഒരേ സമയം 360 പേർക്ക് ടൊയിലറ്റ് സൗകര്യം നൽകുന്ന ഇവിടെ ഇത്തരം പെനാൽറ്റി ഈടാക്കുന്നതിൽ എന്താണ് തെറ്റ്? ഈ 12 ടൊയിലറ്റുകളിൽ (കക്കൂസ് സൗകര്യം, കുളിമുറി സൗകര്യം ഒക്കെ ചേർന്നത്) ചിലയിടങ്ങളിൽ ചാർജ് ഈടാക്കുന്നുണ്ട്. ചില ടൊയിലറ്റുകളിൽ ഫീസ് ഇല്ല.

ധാരാളം ഫ്ളഡ് ലൈറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. സ്റ്റാന്റിൽ രാത്രിയിൽ എത്തിയാലും പകൽപോലെ വെളിച്ചം. വളരെ ദൂരെ നിന്നുതന്നെ ബസ് സ്റ്റാന്റിനെ തിരിച്ചറിയാവുന്ന രീതിയിൽ വളരെ ഉയരത്തിൽ ധാരാളം ഫ്ളഡ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാം കത്തുന്നുമുണ്ട്. തമിഴ്നാട്ടിൽ രാത്രികാലങ്ങളിൽ യാത്ര കൂടുതലായതിനാൽ മറ്റ് നഗരങ്ങളിലെ ബസ് സ്റ്റാന്റുകൾ പോലെ രാത്രികാലങ്ങളിലും, അതായത് അർധരാത്രികളിലും സ്റ്റാന്റ് ഉറങ്ങുകയില്ല. ഏറ്റവും തിരക്ക് (ദീർഘദൂര സർവ്വീസ്) വൈകിട്ട് 7 മണിമുതൽ രാത്രി 11 മണിവരെയാണ്.

തിരുനെൽവേലി സ്റ്റാന്റ് കേരളത്തിന് സമീപമാണെങ്കിലും കേരളാ ബസുകൾ (KSRTC) ഒന്നോ രണ്ടോ എണ്ണം മാത്രമാണ് തിരുനെൽവേലിയിൽ എത്തുന്നത്. പുനലൂർ സ്റ്റാന്റിൽ നിന്ന് 100 കിലോമീറ്റർ മാത്രം ദൂരം. തിരുവനന്തപുരത്തുനിന്നും ഏകദേശം 150 കിലോമീറ്റർ മാത്രം അകലെ. എന്നിരുന്നാലും കേരളത്തിൽനിന്നുള്ള ബസുകൾ ഇവിടെ രണ്ടെണ്ണം മാത്രമെ എത്തുന്നുള്ളൂ. ഉച്ചയ്ക്ക് 12 മണിയോടെ കൊല്ലത്തുനിന്നുള്ള തിരുനെൽവേലി ഫാസ്റ്റ് എത്തും. എപ്പോൾ ഈ സർവ്വീസ് ഇല്ലെന്നാണ് അറിയുന്നത്. വൈകിട്ട് 4 മണിയോടെ കൊല്ലത്തുനിന്നുമുള്ള രണ്ടാമത്തെ ബസും എത്തി അരമണിക്കൂറിനുള്ളിൽ മടങ്ങിപ്പോകും. എന്നാൽ തെങ്കാശിയിൽ എപ്പോഴും കേരളാ ബസുകൾ കാണാം. തിരുനെൽവേലിയിൽ നിന്ന് തെങ്കാശിയിലേക്കും, നാഗർകോവിലിലേയ്ക്കും എപ്പോഴും ബസ് ഉണ്ട്. നാഗർകോവിൽ നിന്ന് തിരുവനന്തപുരത്തേക്കും, തെങ്കാശിയിൽ നിന്ന് പുനലൂരിലേക്കും എപ്പോഴും സർവ്വീസ് ഉണ്ട്. അതിനാൽ തിരുനെൽവേലിയിലേയ്ക്ക് കേരളത്തിൽ നിന്നുള്ള യാത്രയ്ക്ക് ബുദ്ധിമുട്ടില്ല.

തിരുനൽവേലിയിലെ ബസ് സ്റ്റാന്റ് പുതിയത് ആയതുകൊണ്ടാണ് നമുക്ക് ചിന്തിക്കാൻ പോലുമാവാത്ത സൗകര്യങ്ങളോടെ നിർമ്മിച്ചിരിക്കുന്നത് എന്ന് വാദിക്കുന്നവരുണ്ടാകാം. അത് മാത്രമല്ല കാരണം. വസ്തുവിന് വിലക്കുറവുണ്ട്. വികസനമെല്ലാം സിറ്റിക്കുള്ളിൽതന്നെ വേണം എന്ന് വാശിപിടിച്ച് ഇവിടുത്തുകാർ സമരം ചെയ്ത് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ഗവൺമെന്റിനെ തടസ്സപ്പെടുത്താറില്ല. കേരളത്തിൽ ഈയിടെ ഉദ്ഘാടനം ചെയ്ത പത്തനംതിട്ടയിലെ പ്രൈവറ്റ് ബസ് സ്റ്റാന്റ് തമിഴ്നാട് ബസ് സ്റ്റാന്റ് മാതൃകയിലേക്കുള്ള മലയാളിയുടെ തുടക്കമായി വിശേഷി

പ്പിക്കാം. ഇങ്ങനെയെങ്കിലും വിശാലമനസ്സോടെ പോയാൽ അടുത്ത 25 വർഷത്തിനുള്ളിലെങ്കിലും 'തിരുനൽവേലി ബസ് സ്റ്റാന്റ് പോലെ' ഒരു ബസ് സ്റ്റാന്റ് കേരളത്തിൽ എവിടെയെങ്കിലും സ്ഥാപിക്കുവാൻ ചെറിയൊരു ചാൻസ് ഉണ്ടെന്ന് പ്രത്യാശിക്കാം.

75 ഓളം ബസുകൾ വിവിധ സ്ഥലങ്ങളിലേയ്ക്കായി പാർക്ക് ചെയ്യുന്നുണ്ടെങ്കിലും ബസ് സ്റ്റാന്റിൽ ശബ്ദകോലാഹലമില്ല. യാതൊരു അനൗൺസ്മെന്റുമില്ല. കടകളും ടേപ്പ് റിക്കോർഡർ പ്രവർത്തിപ്പിക്കുന്നില്ല. കേരളത്തിലേതുപോലെ ലോട്ടറി അനൗൺസ്മെന്റ് ശല്യം അവിടില്ല. എന്നാൽ ഇവിടുത്തെക്കാൾ ലോട്ടറി ബിസിനസ് നടക്കുന്നുമുണ്ട്. വളരെ അടുക്കും ചിട്ടയും ഉള്ളതിനാൽ അനൗൺസമെന്റിന്റെ ആവശ്യമില്ല. ഓരോ റൂട്ടിലേക്കുമുള്ള ബസുകൾ അതിന് നിശ്ചയിച്ച് പ്ലാറ്റ്ഫോമിൽ തന്നെ വരും. അല്ലാതെ തോന്നുന്ന സ്ഥലത്ത് കൊണ്ടിടുന്ന പതിവില്ല.

കേരളത്തിൽ ജനങ്ങൾ ബസ് സ്റ്റാന്റിനുള്ളിൽ വണ്ടിയുടെ ബോർഡ് വായിക്കുവാൻ സ്റ്റാന്റിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നതുപോലെയുള്ള ദുരവസ്ഥ തമിഴ്നാട്ടിലെ യാത്രകാർക്ക് അനുഭവിക്കേണ്ടതില്ല. ഉദാഹരണമായി തെങ്കാശി, ആലംകുളം, പാവൂർചത്രം, ചെങ്കോട്ട, കടയനല്ലൂർ, പുളിയൻകുടി ഭാഗങ്ങളിലേക്കുള്ള എല്ലാ ബസുകളും തിരുനെൽവേലി ബസ് സ്റ്റാന്റിലെ 33, 34 എന്നീ 2 പ്ലാറ്റ് ഫോമുകളിൽ തന്നെയാണ് എത്തുന്നത്. അർധരാത്രി ആയാലും ബസ് ഇവിടെ തന്നെ എത്തും.

ജില്ലാ ആസ്ഥാനമായതുകൊണ്ടാണ് സ്റ്റാന്റിൽ ഇത്രയേറെ ക്രമീകരണങ്ങൾ എന്നും തെറ്റിദ്ധരിക്കേണ്ടതില്ല. പുനലൂർ പോലെയുള്ള ഒരു സ്ഥലമാണ് 60കിലോമീറ്റർ അകലെയുള്ള തമിഴ്നാട്ടിലെ തെങ്കാശി. പുനലൂർ ബസ് സ്റ്റാന്റിന്റെ ഇരുപത് ഇരട്ടിയിലേറെ വിസ്തൃതിയുണ്ട് തെങ്കാശി സ്റ്റാന്റിന്. മറ്റ് സൗകര്യങ്ങളുടെ കാര്യങ്ങൾ താരതമ്യം ചെയ്യാൻ സാധിക്കുകയുമില്ല. പുനലൂരിലെ KSRTC സ്റ്റാന്റ് നഗരത്തിലാണ്. തെങ്കാശിയിലെ പുതിയ ബസ് സ്റ്റാന്റ് നഗരത്തിൽ നിന്നും 2 കിലോമീറ്റർ അകലെയാണ്. അതുകൊണ്ട് തന്നെയാണ് നല്ല സൗകര്യങ്ങളോടെ ബസ് സ്റ്റാന്റുകൾ പണിയുവാൻ തമിഴ്നാട്ടിൽ സാധിക്കുന്നത്. തിരുനെൽവേലിയിലെ പഴയ ബസ് സ്റ്റാന്റ് നഗരത്തിന്റെ മധ്യത്തിൽ ആയതിനാൽ സ്ഥലസൗകര്യമില്ലാതെ യാത്രക്കാർ ഏറെനാൾ ബുദ്ധിമുട്ടിയിരുന്നു. ചെന്നൈയിലെ കോയമേട് എന്ന സ്ഥലത്ത് പുതുതായി നിർമ്മിച്ച ആധുനികസൗകര്യങ്ങളുള്ള ബസ് സ്റ്റാന്റ് ഇന്ത്യയിലെ ഏറ്റവും നല്ല ബസ് സ്റ്റാന്റാണ് എന്നറിയുന്നു.

(തുടരും)

ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്

കവിത

ശിവൻ പാലക്കുളം

സുകൃതം

പ്രശാന്ത സുന്ദരമീ മഴ
മോഹന രാഗമീ മഴ
ആനന്ദാശ്രുകണം പൊഴിക്കും
ആദ്യാനുരാഗമായ് പെയ്ത മഴ

ആരോവന്നെൻ കാതിൽ ചൊല്ലിയ
പ്രണയ മന്ത്രംപോലെ പെയ്ത മഴ
ഏകാന്തതയുടെ നൊമ്പരമായി
എന്നരികിൽ പെയ്ത മഴ

അമ്മതൻ താരാട്ടു പാട്ടായ്
എൻ മനസ്സിൽ കുളിരായ് പെയ്ത മഴ
എൻ ജന്മ പുണ്യമീ മഴ
പ്രപഞ്ച സുകൃതമീ മഴ

ജീവകണങ്ങൾക്ക് ചേതനതൻ-
നിർവൃതിയായ് പെയ്ത മഴ
മനുഷ്യ മനസ്സിൽ സാന്ത്വന-
സംഗീതമായി പെയ്ത മഴ....

ചിലമ്പറ ഗ്രാമത്തിന്റെ അഭിമാനമായി ഒരു അയൽക്കൂട്ടം

പേജ് 23 ന്റെ തുടർച്ച

കൈവരിക്കുന്നതോടെ കൃഷിഭൂമി തിരിച്ചു നൽകാൻ ഇവർ തീരുമാനിച്ചിരിക്കുന്നത്.

തൈ നടൽ, വളമിടൽ, നനയ്ക്കൽ എന്നീ ജോലികളിലെല്ലാം അയൽക്കൂട്ട വനിതകൾ ഒരുപോലെ ജോലിചെയ്യുന്നുണ്ട്. ആർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ പരസ്പരം അഡ്ജസ്റ്റ് ചെയ്ത് ഒത്തുനീങ്ങുന്നു. മിക്ക വീടുകളിലും പശു ഉള്ളതുകൊണ്ട് വാഴയ്ക്കിടാനുള്ള ജൈവവളം സുലഭമാണ്. തടപ്പുഴു ഉണ്ടാകാതിരിക്കാൻ 'സമഗ്ര'യുടെ ഭാഗമായി വിതരണം ചെയ്ത വേപ്പിൻകുരു, വേപ്പിൻപിണ്ണാക്ക് ഡോളോ മിക്സ് എന്നിവ വാങ്ങാൻ 20000 രൂപ ചെലവഴിച്ചു.

വെള്ളം തിരിച്ചുവിടാനാണ് ഇവർ ഏറ്റവും ജാഗ്രതയോടെ നിൽക്കാറ്. കണ്ണു തിരിഞ്ഞാൽ സമീപത്തുള്ള കൃഷിക്കാർ വെള്ളം മുഴുവൻ കടത്തിക്കൊണ്ടു പോകും. ഓരോ വരി വാഴകൾക്കിടയിലൂടെയും ചാലുകീറിയാണ് വെള്ളം കൊണ്ടുവരുന്നത്. വേനലായാൽ കോരിയൊഴിക്കേണ്ടിയും വരും. രാവിലെയും വൈകിട്ടുമായി വാഴ നനയ്ക്കുന്നതിൽ ഇവർ ഒരു വിട്ടുവീഴ്ചയും കാണിക്കാറില്ല. രാത്രി മോഷ്ടാക്കളുടെ ശല്യമുള്ളതുകൊണ്ട് കാവലിനും ആളെ നിർത്തിയിട്ടുണ്ട്.

ഇടവിളയായി പച്ചക്കറി ഉല്പാദിപ്പിക്കുന്നതിലൂടെ വാഴക്കൃഷിയോടൊപ്പം മറ്റൊരു നേട്ടംകൂടി ഗ്രാമദീപത്തിന് ലഭിക്കുന്നുണ്ട്. സ്വന്തം വീട്ടാവശ്യത്തിന് എടുക്കുന്ന പച്ചക്കറിക്കും വില ഈടാക്കി ഓഹരിവിഹിതം കണക്കിൽ രേഖപ്പെടുത്താറുണ്ടെന്ന് പ്രസിഡന്റ് വിജയകുമാരി പറയുന്നു. എസ്. ലളിതാഭായി, ചന്ദ്രകുമാരി, സരസ്വതിയമ്മ, പത്മാവതിയമ്മ, രമണി, ടി.ലളിതാഭായി, തങ്കകുമാരി, സുശീല എന്നിവരാണ് ഈ സംരംഭത്തിലെ മറ്റ് അംഗങ്ങൾ. ഗ്രാമദീപത്തിന്റെ പത്ത് അംഗങ്ങൾക്കും ഏതു കാര്യത്തിലും ഒരേ മനസ്സാണെന്ന കാര്യം എടുത്തുപറയേണ്ടതാണ്. അപൂർവ്വമായി ഉണ്ടാവുന്ന അഭിപ്രായവ്യത്യാസങ്ങൾക്ക് തടയിടാൻ ശ്രീലേഖയുടെ നേതൃത്വത്തിന് അനായാസം കഴിയുന്നുമുണ്ട്. ഇത്രയേറെ ശാസ്ത്രീയമായ രീതിയിൽ ബൃഹത്തായ ഒരു കൃഷിസംരംഭത്തിന്റെ വിജയം ഉറപ്പിച്ചുകഴിഞ്ഞ ഗ്രാമദീപം കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന അയൽക്കൂട്ടവനിതകൾക്ക് ഒരു മാർഗ്ഗദീപംതന്നെയാണ്.

ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് : വ്യക്തഗത ഗുണഭോക്തൃ ധനസഹായ വിതരണവും പദ്ധതി പ്രഖ്യാപനവും കൃഷി വകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ നിർവ്വഹിക്കുന്നു.

കൃഷിയുടെ കുളിർകാറ്റുമായി കുടുംബശ്രീകൾ

കെ.എം. ശങ്കരൻ

കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകളിൽ ഇന്ന് രണ്ടാം ഹരിത വിപ്ലവത്തിന്റെ കേളികൊട്ട് ഉയരുന്ന സുന്ദര ദൃശ്യങ്ങൾ ഗ്രാമ ഗ്രാമാന്തരങ്ങളിൽ അലയടിക്കുകയാണ്. അരിയുടെയും പച്ചക്കറികളുടെയും കുതിച്ചുയരുന്ന വിലയാണ് നമ്മുടെ സഹോദരിമാരെ ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചിരിക്കുന്നത്. പട്ടിണി മാറ്റാൻ മണ്ണിലേക്കിറങ്ങണമെന്ന ചിന്ത എല്ലാവരുടെയും മനസ്സിൽ കുടിയേറിക്കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണ യജ്ഞവുമായി കുടുംബശ്രീകൾ പണിയായുധങ്ങളുമായി മണ്ണിൽ അദ്ധ്വാനിക്കുന്ന മഹനീയ ദൃശ്യങ്ങൾ എല്ലായിടത്തും പ്രകടമാണ്.

പാട്ടകൃഷി ചെയ്ത കുടുംബശ്രീ അയൽകൂട്ടങ്ങൾക്കുള്ള ധനസഹായ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കോഴിക്കോട്ട് നിർവഹിച്ചത് തിരുവമ്പാടി എം.എൽ.എ. ജോർജ് എം. തോമസാണ്. പേരാമ്പ്ര ബ്ലോക്കിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ ധനസഹായ വിതരണത്തിന്റെ ഉദ്ഘാടനത്തിന് എത്തിയപ്പോൾ കുടുംബശ്രീ യൂണിറ്റുകളിലെ നൂറ് കണക്കിന് വനിതകൾ എല്ലാം മറന്ന് ആഹ്ളാദിച്ചു.

2006-07 വർഷം 8000 രൂപ വിതരണം ചെയ്ത സ്ഥാനത്ത് 2007-08 വർഷം 50 വനിതകൾക്ക് 47,000 രൂപയാണ് വിതരണം ചെയ്യപ്പെട്ടത് വഴി മൂന്ന് ലക്ഷം രൂപയുടെ ഉൽപാദനം കാർഷിക മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞു. നെല്ലും, പച്ചക്കറികളും, ഇടവിളകളും കൃഷി ചെയ്യാനുള്ള സന്നദ്ധത ഇന്ന് കുടുംബങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ഈ വർഷം പച്ചക്കറി കൃഷിക്ക് നീക്കിവെച്ച 1.4 ലക്ഷം രൂപയും, ഇടവിള കൃഷിക്ക് നീക്കിവെച്ച 1 ലക്ഷം രൂപയും ഉപയോഗിച്ച് പരമാവധി സ്ഥലത്ത് കൃഷിചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ഒരിഞ്ച് ഭൂമിപോലും തരിശിടാതെ നെൽകൃഷിയടക്കം മുഴുവൻ കൃഷികളും ചെയ്തു ഉൽപാദനം പരമാവധി വർദ്ധിപ്പിക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി ആഹ്വാനം ചെയ്തു. കൃഷി ഒരു സംസ്കാരമാണെന്നും കൃഷി നശിച്ചാൽ എല്ലാം നശിക്കുമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. മേച്ചലൂർ നിയോജക മണ്ഡലത്തിലെ 2400 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്യുന്നതിന് സമഗ്രകാർഷിക വികസനപദ്ധതി രൂപീകരിക്കുന്നതിനുള്ള ശിൽപശാലയും അദ്ദേഹം ഉദ്ഘാടനം ചെയ്തു. ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യക്തിഗത ഗുണഭോക്തൃ ധനസഹായ വിതരണവും മന്ത്രി നിർവഹിച്ചു.

കെ.കെ. ലതിക എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പു ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവർ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

(ലേഖകൻ കുടുംബശ്രീയിൽ ചാർജ്ജ് ഓഫീസറാണ്)

വാർത്തകളും വിശേഷങ്ങളും

ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യാൻ മാർഗ്ഗനിർദ്ദേശം

ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെയും ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. അംഗീകൃത അഡോപ്ഷൻപ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടിയെ ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ പറയുന്ന ജനന തീയതി, രജിസ്ട്രാർ അംഗീകരിച്ച് ജനന സർട്ടിഫിക്കറ്റ് നൽകണം. ഇത്തരം കേസുകളിൽ ഡി.എം.ഒ യുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഇത്തരം കേസുകളിൽ ജുഡീഷ്യൽ കോടതി ഉത്തരവ് ഉള്ളതിനാൽ ആർ.ഡി.ഒ യുടെ അനുവാദവും ആവശ്യമില്ല. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതലക്കാർ കുഞ്ഞുങ്ങളെ ലഭ്യമായാൽ ഉടൻ തന്നെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഇത്തരം കുട്ടികളുടെ കേസുകളിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന ജനന തീയതി സംബന്ധിച്ച സത്യവാങ്മൂലം നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജനനം രജിസ്റ്റർ ചെയ്ത് നൽകണം. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്താം. മാതാപിതാക്കളുടെ പേര്, വിലാസം കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തേണ്ടതില്ല. കുട്ടിയെ ദത്തെടുത്തശേഷം ജനന രജിസ്റ്ററിൽ ദത്തെടുത്ത മാതാപിതാക്കളുടെ പേര് ചേർത്തും ആവശ്യമില്ലെങ്കിൽ അപേക്ഷ പ്രകാരം കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും ജനന സർട്ടിഫിക്കറ്റ് നൽകണം. ജനന സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം നടപടിക്രമങ്ങൾ പാലിച്ച് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട രജിസ്ട്രാർ വിതരണം ചെയ്യണം. ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കണം. (സ.ഉ.(ആർ.റ്റി).4106/08/തസ്വഭവ, തീയതി 22/11/08)

കുടുംബശ്രീ തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശമായി

കുടുംബശ്രീ സംഘടനാ ഭാരവാഹി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. ഇതനുസരിച്ച് അയൽക്കൂട്ടം പ്രസിഡന്റ്, സെക്രട്ടറി, എ.ഡി.എസ്- ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ തുടങ്ങിയ സ്ഥാനങ്ങളിൽ അയൽക്കൂട്ട അംഗമായ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ജനപ്രതിനിധികൾക്ക് മത്സരിക്കുന്നതിനോ തെരഞ്ഞെടുക്കുന്നതിനോ അർഹതയുണ്ടാവില്ല. നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കണം.

പുനർവിന്യാസം ജീവനക്കാർ ഉടൻ റിപ്പോർട്ട് ചെയ്യണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ ഡിസംബർ 15ന് മുമ്പ് മാതൃ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് തദ്ദേശസ്വയംഭരണ വകുപ്പിൽ ചേരണമെന്ന് ചീഫ് എൻജിനയർ അറിയിച്ചു. നിയമന ഉത്തരവുകൾ നേരിട്ടും ചീഫ് എൻജിനീയറുടെ www.celsgd.com വെബ്സൈറ്റിലും നൽകിയിട്ടുണ്ട്. ആവശ്യത്തിനുള്ള ജീവനക്കാരുടെ അഭാവത്തിൽ വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് സാധിക്കുന്നില്ല. ത്രിതല പഞ്ചായത്തുകളിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് വളരെ ചുരുങ്ങിയ കാലയളവ് മാത്രമേ ഈ വർഷം ബാക്കിയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

പ്ലാസ്റ്റിക് നിരോധനം 1.5 ലക്ഷം കടകൾ പരിശോധിച്ചു

പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയ ശേഷം ഒക്ടോബർ വരെ നഗരസഭകളിൽ 1,57,681 കടകൾ പരിശോധനയ്ക്ക് വിധേയമാക്കി 36460 കിലോഗ്രാം നിരോധിച്ച പ്ലാസ്റ്റിക് പിടിച്ചെടുത്തതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. 11,78,165 രൂപ പിഴ ചുമത്തിയിട്ടുണ്ട്. കടകൾക്കെതിരെ നിലവിലുള്ള നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തു. കട പരിശോധന ശക്തമാക്കാൻ എല്ലാ നഗരസഭകൾക്കും ഗവൺമെന്റ് നിർദ്ദേശം നൽകിയതായി മന്ത്രിഅറിയിച്ചു.

പട്ടികവർഗ്ഗക്കാർക്ക് ജനന സർട്ടിഫിക്കറ്റ് വേണ്ട

പട്ടിക വർഗ്ഗവിദ്യാർത്ഥികൾ സ്കൂൾ പ്രവേശന സമയത്ത് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ലെന്ന ഉത്തരവ് 2008-09 വർഷം കൂടി ബാധകമാക്കി ഉത്തരവായി.

ആശ്രയ പദ്ധതി നിർദ്ദേശം പുറപ്പെടുവിച്ചു

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പുവർഷം വിഹിതം കണ്ടെത്തി ആശ്രയ പ്രോജക്ട് ഉൾപ്പെടുത്തണമെന്നും ഇങ്ങനെ ഉൾപ്പെടുത്തിയ പ്രോജക്ട് നിർബന്ധമായും അടുത്ത വർഷം ഏറ്റെടുക്കണമെന്നും സർക്കാർ നിർദ്ദേശം നൽകി. പ്രോജക്ട് ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയവ, നടപ്പിലാക്കിവരുന്നവ, ഇതുവരെയും ഏറ്റെടുക്കാത്തവ എന്നീ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കി ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യണം. എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആശ്രയപ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെയും പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാറായ സാഹചര്യത്തിൽ ഈ വർഷം പ്രോജക്ട് ഏറ്റെടുക്കുവാൻ കഴിയാത്തതിനാലാണ് ഈ നിർദ്ദേശം.

പെൻഗ്വൺ കമ്പ്യൂട്ടേഴ്സിനെ ബ്ലാക്ക്ലിസ്റ്റ് ചെയ്തു

2006-07 സാമ്പത്തിക വർഷം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ തൊഴിൽ പരിശീലന പദ്ധതിയിൽ ക്രമക്കേടുകൾ നടന്നു എന്ന് അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പെൻഗ്വൺ കമ്പ്യൂട്ടേഴ്സ്, ആറ്റിങ്ങൽ എന്ന സ്ഥാപനവുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽ പരിശീലന പ്രൊജക്ടുകളും മറ്റും നടത്തരുതെന്ന് സർക്കാർ അറിയിച്ചു.

പൊതുമരാമത്തു പ്രവൃത്തികൾ വ്യവസ്ഥകൾ കർശനമായി പാലിക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചു. പ്രോജക്ട് തയ്യാറാക്കൽ, ജില്ലാ ആസൂത്രണ സമിതി അംഗീകാരം, എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ വിവിധ ഘട്ടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കണം.

കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറി തസ്തിക അനുവദിച്ചു

സംസ്ഥാനത്തെ അഞ്ചു കോർപ്പറേഷനുകളിലും അഡീഷണൽ സെക്രട്ടറി തസ്തിക അനുവദിച്ച് ഉത്തരവായി. കോർപ്പറേഷനുകളിൽ നടപ്പിലാക്കി വരുന്ന കോടിക്കണക്കിനു രൂപയുടെ നഗരവികസന പദ്ധതികളുടെ നടത്തിപ്പിന് നിലവിലുള്ള ഭരണ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമായതിനാലാണ് അഡീഷണൽ സെക്രട്ടറി തസ്തിക അനുവദിക്കാൻ തീരുമാനിച്ചത്. നിലവിലുള്ള തസ്തികകളിൽ പുനക്രമീകരണം വരുത്തിയാണ് പുതിയ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതല്ല. അഡീഷണൽ സെക്രട്ടറി തസ്തിക സൃഷ്ടിച്ച സാഹചര്യത്തിൽ സെക്രട്ടറിയുടെ ചുമതലകൾ വികേന്ദ്രീകരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കും.

ചീഫ് എഞ്ചിനിയറെ ചുമതലപ്പെടുത്തി

അഞ്ച് കോർപ്പറേഷനുകളിലും ഒന്നാം ഗ്രേഡ് നഗരസഭകളിലും നിലവിലുള്ള എഞ്ചിനീയറിംഗ് ജീവനക്കാരുടെ എണ്ണവും ജോലിയും തമ്മിലുള്ള അനുപാതം പഠിച്ച് ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ഒരു മാസത്തിനകം നൽകാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. അഞ്ച് കോർപ്പറേഷനുകളിലും എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ വ്യത്യസ്ത അനുപാതത്തിലാണ് തസ്തികകൾ നിലവിലുള്ളത്. ജോലിഭാരത്തിനനുസരിച്ച് എല്ലാ കോർപ്പറേഷനുകളിലും കൂടുതൽ എഞ്ചിനീയറിംഗ് തസ്തികകൾ ആവശ്യമായതിനാലാണ് ഈ നടപടി സർക്കാർ കൈക്കൊണ്ടത്.

വിമുക്തഭടൻമാർക്ക് കെട്ടിട നികുതി ഇളവ്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തുനികുതി - വിമുക്തഭടന്മാരുടെ/അവരുടെ വിധവകളുടെ കെട്ടിട നികുതി ഇളവ് ഉത്തരവ് - ഭേദഗതി ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(എം.എസ്.)നം.212/08/തസ്വഭവ. തിരുവനന്തപുരം, തീയതി 25-07-2008

പരാമർശം : 1) 01-01-2005-ലെ ജി.ഒ.(എം.എസ്.)നം.3/05/തസ്വഭവ നമ്പർ ഉത്തരവ്
2) 23-4-2005-ലെ ജി.ഒ.(എം.എസ്)നം.111/05/തസ്വഭവ നമ്പർ ഉത്തരവ്
3) 21-11-2005-ലെജി.ഒ.(എം.എസ്.)നം.344/05/തസ്വഭവ നമ്പർ ഉത്തരവ്
4) 28-2-2006-ലെ ജി.ഒ.(എം.എസ്)നം.67/06/തസ്വഭവ നമ്പർ ഉത്തരവ്
5) 28-5-2008-ലെജി.ഒ.(എം.എസ്.)നം.146/08/തസ്വഭവ നമ്പർ ഉത്തരവ്

ഉത്തരവ്

വിമുക്തഭടന്മാരുടെയും, അവരുടെ വിധവകളുടെയും, യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ, വസ്തുനികുതി അടയ്ക്കുന്നതിൽ നിന്നും 1994ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം മേൽ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്ന വിമുക്തഭടന്മാർക്കും അവരുടെ വിധവകൾക്കും കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

വിമുക്തഭടന്മാർ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യയുടെ പേരിലുള്ളതോ ആയ വീടുകളെ 2004-05 രണ്ടാം അർദ്ധവർഷം മുതൽ കെട്ടിട നികുതി (വസ്തുനികുതി) യിൽ നിന്നും ഒഴിവാക്കികൊണ്ടും ഇപ്രകാരമുള്ള ആനുകൂല്യം ഒരു വിമുക്തഭടന് ഒരു വീടിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം 3ഉം 4 ഉം പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച വസ്തു നികുതിയിളവ് ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ "സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ, സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ മരിച്ചുപോയ ജവാന്മാരുടെ വിധവകൾ" എന്നിവരുടെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതും, 2000 ചതുരശ്ര അടിയിൽ കവിയാതെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കു മാത്രമായി നികുതിയിളവ് പരിമിതപ്പെടുത്തി പരാമർശം 5 പ്രകാരം ഉത്തരവായിരുന്നു.

വിമുക്തഭടന്മാരുടെ വിവിധ സംഘടനകൾ പരാമർശം 5ലെ ഉത്തരവിനെതിരെ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും, വിമുക്തഭടന്മാർക്ക് അവകാശപ്പെട്ട കെട്ടിട നികുതിയിളവ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ വിമുക്തഭടന്റെ/ വിമുക്തഭടന്റെ വിധവയുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച് പരാമർശം 5ലെ ഉത്തരവ് താഴെപറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിമുക്തഭടൻ/വിമുക്തഭടന്റെ വിധവ താമസിക്കുന്ന ഒരു വീടിന് മാത്രമേ നികുതിയിളവിന് അർഹതയുള്ളൂ.
2. നികുതിയിളവ് ആവശ്യമുള്ള വിമുക്തഭടൻ/വിധവ കെട്ടിടത്തിന്റെ നമ്പർ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകേണ്ടതും മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം സ്വീകരിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം നൽകേണ്ടതുമാണ്.

ഈ ഉത്തരവിന് 30.6.2008 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് വകുപ്പ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

പഞ്ചായത്ത് വകുപ്പിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം) പി. പി. ഭാസ്കരനെ നിയമിച്ച് ഉത്തരവായി.

വിലാസം

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പഞ്ചായത്ത ഡയറക്ടറേറ്റ്
മ്യൂസിയം പി.ഒ
തിരുവനന്തപുരം
പിൻ 695033
ഫോൺ : 0471 2321054

പഞ്ചായത്ത് രാജ്

പരസ്യ നിരക്ക്

കവർ അവസാനപുറം (കളർ)	- 10,000 രൂപ
കവർ പേജ് - ഉൾവശം (ഒറ്റക്കളർ)	- 6,000 രൂപ
മറ്റു പേജുകൾ - ഫുൾ	- 4,000 രൂപ
അര പേജ്	- 2,000 രൂപ

❖

വാർഷിക വരിസംഖ്യ - 90 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

❖

വിലാസം

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

❖

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.

പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളാണ് അവയെ ശക്തിപ്പെടുത്തുക

വിഭവ സമാഹരണം
സമഗ്ര ഗ്രാമ വികസനത്തിന്

ഗ്രാമ വികസനത്തിന്റെ ചാലകശക്തി
ജനപങ്കാളിത്തവും
പഞ്ചായത്തുകളുടെ സമ്പത്തുമാണ്

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക!

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക!

ഗ്രാമവികസനത്തിൽ പങ്കാളിയാവുക!

പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്